
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2020 ആഗസ്റ്റ്
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ ഇംഗ്ലീഷ് പുസ്തകങ്ങൾ





**Tackling COVID-19 Kerala ahead of the whole world**
(Informative literature)
Goutham R Nair





**Beauty of Moonlight**
(Novel)
Perumbadavam Sreedharan
Translated by
Dr. Elma John




**Magic of Numbers**
(Science)
Palliyara Sreedharan




**Nidhi's Wonder Years**
(Story)
Meenu Jose




**World at Large**
(Haiku Poems)
Dr. Sigma G R

കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

കോപ്പികൾക്ക്

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,
സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,
ഫോൺ 0471-233 3790,
e-mail : director@ksicl.org



പ്രിയപ്പെട്ട കൂട്ടുകാരേ,

വീണ്ടും ഒരു ഓണംകൂടി നമ്മുടെ മുന്നിൽ എത്തിയിരിക്കുന്നു. കഴിഞ്ഞ രണ്ട് ഓണക്കാലത്തും പ്രളയം തീർത്ത ദുരന്തമുഖത്തു നിന്നുമാണ് നാം ഓണത്തപ്പനെ വരവേറ്റത്. ഇക്കൊല്ലവും അത്ര സന്തോഷത്തോടെയല്ല മാവേലിത്തമ്പുരാനെ നാം വരവേൽക്കുന്നത്. കോവിഡ്- 19 എന്ന മഹാമാരിക്കു മുന്നിൽ ലോകം മുഴുവൻ ഇന്ന് വിറങ്ങലിച്ചു നിൽക്കുകയാണ്. ഈ രോഗത്തിനെതിരെ പൊരുതിക്കൊണ്ടാണ് നാം ഇക്കൊല്ലം ഓണത്തപ്പനെ സ്വീകരിക്കുന്നത്.

നമുക്കറിയാം ഒത്തുചേരലിന്റെ ആഘോഷംകൂടിയാണ് ഓണം എന്ന്. പക്ഷേ ഈ ഓണത്തിന് അത്തരം ഒത്തുചേരലുകൾ നമുക്ക് ഒഴിവാക്കാം. സർക്കാരിന്റെ നിർദേശങ്ങൾ അനുസരിച്ചും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചും കൊണ്ടുള്ള ഒരു ഓണമാകട്ടെ ഇക്കൊല്ലം. രോഗവ്യാപനത്തിന് നാം ഒരിക്കലും കാരണമാകരുത്. സാമൂഹിക അകലം പാലിക്കാനും പുറത്തിറങ്ങുമ്പോൾ മാസ്ക് ധരിക്കാനും സോപ്പും വെള്ളവും ഉപയോഗിച്ച് ഇടയ്ക്കിടയ്ക്ക് കൈകൾ കഴുകാനും സാനിറ്റൈസർ ഉപയോഗിക്കാനും കൂട്ടുകാർ മറക്കില്ലല്ലോ.

ഇന്ത്യ ഉൾപ്പെടെ പല രാജ്യങ്ങളും കോവിഡിനെ പ്രതിരോധിക്കുവാനുള്ള വാക്സിൻ കണ്ടുപിടിക്കുന്നതിനുള്ള തീവ്രശ്രമങ്ങളിലാണ്. ഈ മഹാമാരിയെ തുടച്ചുമാറ്റി വീണ്ടും പഴയ ജീവിതത്തിലേക്കു തിരിച്ചുവരുവാൻ നമുക്ക് കഴിയട്ടെ. അതിനായി നമുക്കും പ്രാർഥിക്കാം.

അതിജീവനത്തിന്റെ ഈ കാലത്ത് കൂട്ടുകാർക്കായി ഞങ്ങൾ ഒരുക്കിയ ഈ ചെറിയ ഓണവിരുന്ന് നിങ്ങൾക്ക് ഏവർക്കും ഇഷ്ടമാകും എന്ന് വിശ്വസിക്കുന്നു.

എല്ലാവർക്കും തളിരിന്റെ ഓണാശംസകൾ.


**പള്ളിയറ ശ്രീധരൻ**
ഡയറക്ടർ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്




വര: ബാബുരാജൻ

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ആഗസ്റ്റ് 2020**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

## ഉള്ളടക്കം

**മുൻമൊഴി** ..............................6
സുഗതകുമാരി
**കവിതാപരിചയം**..............................7
കുമാരനാശാൻ
**സ്കൂൾഡെയ്സ്**..............................17
എൻ ടി രാജീവ്
**കാർട്ടൂൺ - ജാഗ്രത**..............................21
പി വി കൃഷ്ണൻ
**ഓണപ്പൊലിമ**..............................22
ഡോ. ആർ ശ്രീലതാവർമ്മ
**ആനക്കാര്യം**..............................28
എൻ ടി രാജീവ്
**കുള്ളന്റെ കഥ**..............................30
ഗ്രേസി
**ഓണപ്പൂക്കളം**..............................32
അമ്പലപ്പുഴ രാജഗോപാൽ
**ഓണം 2020**..............................33
എൻ എസ് സുമേഷ്കൃഷ്ണൻ
**നിറയും പൊലിയും**..............................34
കെ എൻ സുരേഷ്കുമാർ
**സ്നേഹഗീതം**..............................35
മുത്തലപുരം മോഹൻദാസ്
**നമ്പൂര്യച്ചനും കാട്ടുകള്ളന്മാരും** ..............................36
പുനരാഖ്യാനം : സിപ്പി പള്ളിപ്പുറം

**8**

### ചോദ്യോത്തരവേള

**സി രാധാകൃഷ്ണൻ**

കിച്ചുവിന് എപ്പോഴും സംശയമാണ്. അവൻ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കും. ഓരോ മറുപടി കേൾക്കുമ്പോഴും പിന്നെ ചോദിക്കുന്നത് ചിലപ്പോൾ അതുമായി ഒരു ബന്ധവും ഇല്ലാത്തതാവും. പലപ്പോഴും അവൻ അമ്മയുടെ ക്ഷമ പരീക്ഷിക്കും. പിന്നെ മുത്തച്ഛനാണ് ഏക ആശ്രയം...




**12**

### കൊറോണ ഓണം

**പ്രൊഫ. എസ് ശിവദാസ്**

സ്വന്തമായി ഒരു കോശം പോലുമില്ലാത്ത ഒരു കൊച്ചു വൈറസ് ലോകത്തെ മുഴുവൻ വിറപ്പിച്ചു നിർത്തിയിരിക്കുന്നു. ആ വൈറസിനെ നമ്മൾ തോൽപ്പിക്കും. ആ വിശ്വാസം നൽകുന്ന ആശ്വാസത്തോടെ നമുക്ക് ഇക്കൊല്ലം ഓണം ആഘോഷിക്കാം.





**14**

### വയനാട്ടിലെ അക്ഷരസദ്യ

**ഏഴാച്ചേരി രാമചന്ദ്രൻ**

വയനാടൻ കുന്നിന്റെ താഴ്വരയിൽ
കർക്കിടകത്തിലെ ഞായറാഴ്ച;
ഒരുകൂട്ടം കുട്ടികൾ പാട്ടുംപാടി
തെരുവോരം ചേർന്നു നടക്കുന്നു.
അകലംപാലിച്ചും വിനയം ശീലിച്ചും
അച്ചടക്കം തികഞ്ഞാലോലം
അപ്പുണ്ണിമാസ്റ്ററും അംബികടീച്ചറും
ഇത്തിരിപ്പിന്നിലവർക്കൊപ്പം.

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ & ഡയറക്ടർ
**പള്ളിയറ ശ്രീധരൻ**
പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**
ആർട്ട്, ഡിസൈൻ & ലേ ഔട്ട്
**വിഷ്ണു പി എസ്**
കവർ
**വിഷ്ണു പി എസ്**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org


**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

# തളിര്

## ചിരട്ടപ്പടക്കം

**പി കെ ഗോപി**

18



ഒരുത്സവകാലത്ത് എല്ലാവരേയും ഞെട്ടിക്കാനും മിടുക്കനാകാനും വേണ്ടിയായിരുന്നു അവനത് ചെയ്തത്. അതിന് അവന് കിട്ടിയ സമ്മാനമാകട്ടെ ഒരിക്കലും മറക്കാനാകാത്തതും. രസകരമായ ഈ കഥ വായിക്കൂ...



23

## കുമിള

**പി പി രാമചന്ദ്രൻ**

അച്ഛൻ പണികഴിഞ്ഞെത്തിയാൽ –
കുഞ്ഞിനെ
മുത്തമിടാൻ ഓടിയെത്തും
അപ്പൊഴേയ്ക്കമ്മ തടുക്കും:
'കൈ സോപ്പിട്ടു-
വൃത്തിയാക്കീട്ടേ തൊടാവൂ!'

24

## കൊറോണ വൈറസും ക്ലാസ്മുറിയും

**ചന്ദ്രമതി**

ലോക്ക്ഡൗൺ കാലത്തെ ഓൺലൈൻ ക്ലാസ് ജിനേഷിനെ സന്തോഷിപ്പിച്ചില്ല. ചതുരങ്ങളിൽ ബന്ധിതരായ കൂട്ടുകാരെ, സംസാരിക്കാനോ കളിക്കാനോ കിട്ടാത്തത് അവനെ അസ്വസ്ഥനാക്കി. കൊറോണ എന്ന മഹാമാരി ഇല്ലായിരുന്നുവെങ്കിൽ സ്കൂളിൽ പോകാമായിരുന്നു. ഓടിക്കളിക്കാമായിരുന്നു. എന്തെല്ലാം ചെയ്യാമായിരുന്നു!




**കാട്**........................................40
ഡോ. എ വി രഘു
**ഒമർ ഖയ്യാം**...............................41
പള്ളിയറ ശ്രീധരൻ
**മണിയടി**....................................42
റഫീക്ക് അഹമ്മദ്
**ഓണക്കാലം**................................43
കൈനകരി ഷാജി
**അറീനിയസും ആഗോളതാപനവും**...........44
കെ പി ലക്ഷ്മണൻ
**ചിന്നുക്കുട്ടിയുടെ കൂട്ടുകാർ**.......47
റെജി മലയാലപ്പുഴ
**അഞ്ജു ബോബി ജോർജ്**.........48
സനിൽ പി തോമസ്
**ടോം സോയറുടെ സാഹസിക ജീവിതം**..........50
പുനരാഖ്യാനം : ജോളി വർഗീസ്
**മാർഗദീപം**.................................53
പായിപ്ര രാധാകൃഷ്ണൻ
**ഉണ്ടാക്കാം**.................................54
**കാർട്ടൂൺ-കൊറോണം**...............55
സുജിത്


29

## ഒരു കടംകഥ

**വി എം ഗിരിജ**

"മണ്ണിലടിഞ്ഞൊരു പൊളിഞ്ഞ തോണി
കറുത്ത തോണിയിൽ ആയിരം ആൽമരം
അതിന്നു പേരറിയാമോ?"

എന്താണ് ഉത്തരം? കൂട്ടുകാർ ഒന്ന് ആലോചിച്ചുനോക്കൂ...



ഈ ഓണക്കാലത്തിന് പതിവുള്ള തെളിച്ചമില്ലല്ലോ. നാടുമുഴവൻ പരന്ന മഹാരോഗം ഓണക്കാലമാകുമ്പോഴേക്കെങ്കിലും ശമിക്കുമെന്ന് നമുക്ക് ആശിക്കാം. അതിനായി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകളെല്ലാം പാലിച്ച് മുന്നേറുകയും ചെയ്യാം. ഒന്നിനും നമ്മെ തോൽപ്പിക്കുവാൻ സാധ്യമല്ലതന്നെ.

പക്ഷേ പ്രകൃതിക്ക് ഇതൊന്നും ശ്രദ്ധിക്കാനില്ല. പൂക്കൾ വിരിയുന്നു, മഞ്ഞശലഭങ്ങൾ പാറിയെത്തുന്നു. ഓണനിലാവു പരക്കുന്നു. ഓണത്തുമ്പികൾ ഓണത്തിന്റെ മഞ്ഞവെയിലത്തു തിളങ്ങിപ്പറക്കുന്നു. നമ്മൾ, മനുഷ്യർ മാത്രമാണ് ഓരോ രോഗത്തിന്റെയും പിടിയിൽപ്പെട്ടു വിഷമിക്കുന്നത്.

ഇതു മാറും. നല്ലകാലം വരും. മനസ്സുകൾ പ്രസന്നമാക്കി വയ്ക്കുക. ഓണം ഉള്ളിലെ നിഴലുകൾ കൊണ്ടുപോകട്ടെ.

പാടുക, ആടുക, കവിത ചൊല്ലുക, നാടകം കളിക്കുക. ഓണത്തിനു നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും നമ്മുടെ മനസ്സുകൾ തെളിഞ്ഞുതന്നെ ഇരിക്കട്ടെ. അടുത്ത ഓണം കൂടുതൽ ശോഭായമാനമാകുമെന്നു വിശ്വസിക്കാം. കൊച്ചുമനസ്സുകളുടെ പ്രാർഥന ഈശ്വരപാദത്തോളം ഉയരട്ടെ – നമ്മുടെ പാവം നാടിന്റെ അല്ലൽ അകറ്റിത്തരേണമേ...

സ്നേഹത്തോടെ,
**സുഗതകുമാരി**





വര: സുധീർ പി വൈ



വര: സുധീർ പി വൈ





# പ്രഭാതപ്രാർഥന

**കുമാരനാശാൻ**

സകലാശ്രയമായി രാത്രിയും
പകലും നിന്നെരിയും പ്രദീപമേ,
ജഗദീശ, ജയിക്ക! ശാശ്വതം
നിഗമം തേടിന നിൻ പദാംബുജം.

അരുണോദയമായി, പൂക്കൾ പോൽ
വിരിയുന്നൂ കരണോൽക്കരം വിഭോ,
തിരിയെത്തെളിയുന്നു ഹന്ത! നീ
തിര നീക്കുന്നൊരു ലോകരംഗവും.

ഒരു ഭീതിയെഴാതെ കാത്തു, ദുഷ്-
കരസാംസാരികപോതയാത്രയിൽ
കരകാട്ടുക നിന്നു നീ കൃപാ-
കര, ഞാൻ ദിക്കറിയാത്ത നാവികൻ.

ഗുണമെന്നിയൊരാൾക്കുമെന്നിൽ നി-
ന്നണയായ്‌വാൻ തരമാകണം വിഭോ,
അണുജീവിയിലും സഹോദര-
പ്രണയം ത്വൽകൃപയാലെ തോന്നണം.

ഉളവാകണമാത്മതുഷ്ടിയീ-
യെളിയോനിങ്ങനെ പോകണം ദിനം,
ഇളകാതെയുമിന്ദ്രിയാർത്തിയാൽ
കളിയായും കളവോതിടാതെയും.

അഖിലോപരിയെന്റെ ബുദ്ധിയിൽ
സുഖദുഃഖങ്ങളിൽ മാറ്റമെന്നിയേ
ജഗദീശ, തെളിഞ്ഞു നിൽക്കണം
നിഗമം തേടിന നിൻപദാംബുജം.

# ചോദ്യോത്തരവേള

## സി രാധാകൃഷ്ണൻ

“അച്ഛാ” ഇന്ദു അടുക്കളയിൽ നിന്ന് ദയനീയസ്വരത്തിൽ വിളിച്ചു പറഞ്ഞു, “ഇവനെ ഒന്ന് അങ്ങട്ട് വിളിക്ക്വോ! ഇവിടെ ഒരു സ്വൈരം തരണില്ല!”

വായിക്കുന്ന പത്രം മടക്കി താഴെ വെച്ച് മുത്തശ്ശൻ എഴുന്നേറ്റുചെന്നു: “എന്താ പ്രശ്നം?”

“ഇവന് സംശയം തീർന്ന നേരം ഇല്ല!?”

“ഇപ്പൊ എന്താ സംശയം?”

“ഹനുമാൻ സ്കൂളിൽ പോയിരുന്ന്വോന്ന് അറിയണം!”

“അത്രേ ഉള്ളൂ! അതിനാണോ പ്രയാസം! കിച്ചു വാ...”

മുത്തച്ഛൻ എട്ടുവയസ്സുകാരൻ പേരക്കുട്ടിയുടെ കൈ പിടിച്ചു. “ഞാൻ പറഞ്ഞിട്ടില്ലേ, സംശയമൊക്കെ എന്നോട് ചോദിച്ചോളാൻ?”

പൂമുഖത്ത് മുത്തച്ഛൻ കസേരയിലിരുന്നിട്ടേ കിച്ചു ആവശ്യപ്പെട്ടുള്ളൂ. “പറയൂ, ഹനുമാന് വല്ല്യ ഒരു വാല് ഇല്ല്യേ?”

“ഉവ്വ്.”

“അപ്പൊപ്പിന്നെ എങ്ങന്യാ സ്കൂളിപ്പോവ്വാ?”

“വാലും കൊണ്ട് ചെന്നാലല്ലേ കുഴപ്പം വരൂ, വാലു കൊണ്ട് എന്ത് പ്രശ്നം?”

“യൂണിഫോം ഇടണ്ടേ?”

“ഇടണം.”

“ഷഡ്ഡി ആദ്യം ഇട്ടിട്ടു വേണ്ടേ...?”

“അന്നൊക്കെ ഒരു തുണി ചുറ്റിച്ചുറ്റിയുള്ള ഉടുത്തുകെട്ടായിരുന്നൂലോ?”

“മറ്റുള്ളോര് ഷെയിം വിളിക്കില്ലേ?”

“അതെന്തിന്? എല്ലാർക്കും ഒരേ വേഷാണല്ലോ.”

ഓരോ മറുപടി കേൾക്കുമ്പോഴും കുറച്ച് ആലോചിച്ചു നിൽക്കും. പിന്നെ ചോദിക്കുന്നത് ചിലപ്പോൾ അതുവരെ പറഞ്ഞതുമായി ഒരു ബന്ധവും ഇല്ലാത്തതാവും. ബന്ധം ഉണ്ടെങ്കിൽത്തന്നെ പെട്ടെന്ന് തിരിച്ചറിയാനാവില്ല.

അതാണ് ഇന്ദുവിന്റെ ക്ഷമ പരീക്ഷിക്കുന്നത്, അവളെ ശുണ്ഠി പിടിപ്പിക്കുന്നതും.

“ഹനൂമാന് എന്തിനാ ഈ വാല്?”

“ലങ്കയ്ക്ക് തീവെച്ചത് ആ വാലുകൊണ്ടല്ലേ? ചുറ്റിച്ചുരുട്ടി സിംഹാസനമാക്കി രാവണന്റെ തലപ്പൊക്കം തനിക്ക് ഉണ്ടാക്കിയതും ആ വാലുകൊണ്ടല്ലേ?”

“അപ്പോ, മറ്റു കുരങ്ങന്മാർക്കോ?”



വര: എൻ ടി രാജീവ്



ഓരോ മറുപടി കേൾക്കുമ്പോഴും കുറച്ച് ആലോചിച്ചു നിൽക്കും. പിന്നെ ചോദിക്കുന്നത് ചിലപ്പോൾ അതു വരെ പറഞ്ഞതുമായി ഒരു ബന്ധവും ഇല്ലാത്തതാവും. ബന്ധം ഉണ്ടെങ്കിൽത്തന്നെ പെട്ടെന്ന് തിരിച്ചറിയാനാ വില്ല. അതാണ് ഇന്ദുവിന്റെ ക്ഷമ പരീക്ഷിക്കുന്നത്, അവളെ ശുണ്ഠി പിടിപ്പിക്കുന്നതും.

''പറക്കുന്ന ജീവികളിലും നീന്തുന്ന ജീവികളിലും മിക്കതിനും വാലുണ്ടാവും. അത് ചുക്കാനായി ഉപയോഗിക്കാനാണ്.''

''കുരങ്ങന്മാര്‍ണ്ടോ പറക്ക്ണു, മുത്തശ്ശാ?''

''ഉവ്വല്ലോ. ഒരു മരത്തിൽ നിന്ന് വേറൊന്നിലേക്ക് ചാടുമ്പോൾ പോക്ക് നിയന്ത്രിക്കണ്ടേ? ചിലപ്പോൾ കുറച്ചധികം ദൂരമുണ്ടാവും ചാടാൻ. അപ്പോൾ അതൊരു പറക്കൽതന്നെ.''

''മീനിന്റെ വാലൊക്കെ പരന്നിട്ടല്ലേ?''

''വെള്ളത്തിൽ അതാണ് ആവശ്യം. തോണിയുടെ പോക്ക് നിയന്ത്രിക്കുന്ന ചുക്കാനും പരന്നാണല്ലോ.''

''അണ്ണാന്റെ വാലോ?''

''അതിനും ചാടാനുണ്ടല്ലോ, ഈ മരം വിട്ട് ആ മരത്തിലേക്ക്?''

''പുറത്തെന്തിനാ ആ മൂന്നു വര?''

''കിച്ചു ആലോചിച്ചു നോക്കൂ.''

''ചന്തമുണ്ടാവാൻ പാവമേ എന്നുവച്ച് ശ്രീരാമൻ വരച്ചതാണെന്നാ അമ്മ പറഞ്ഞത്.''

''അങ്ങനെയാവാം. പക്ഷേ, ചന്തമുണ്ടാവാൻ മാത്രമായി ഒരു ജീവിക്കും ഒന്നുമില്ല. പുറത്തെ വരയും മരത്തടിയുടെ നിറവുമുള്ള ദേഹവും ഒളിച്ചിരിക്കാനാണ്. വെളുത്ത പാണ്ടും ചൂട്ടുമുള്ള മരക്കമ്പിൽ അമർന്നിരുന്നാൽ കമ്പിന്റെ ഭാഗമാണെന്നേ തോന്നൂ.''

''അങ്ങനെയാണല്ലേ!''

''അതെ.''

''പക്ഷികൾക്കും പാപ്പാത്തികൾക്കും ഉള്ള നിറമോ?''

''ഇലയും പൂവുമൊക്കെയാണ് എന്ന തോന്നലുണ്ടാക്കി അക്രമികളിൽ നിന്നും രക്ഷപ്പെടാൻ.''

''ഈ പാവങ്ങളെ ആരുപദ്രവിക്കാൻ?''

''അവയെ തിന്നു ജീവിക്കുന്ന മറ്റു ജീവികളില്ലേ?''

കുറച്ചു നേരം കിച്ചു മിണ്ടാതിരുന്നു. വലിയ കണ്ണുകളിൽ അത്ഭുതം വട്ടമിട്ടു തളംകെട്ടി. പക്ഷേ മറ്റൊരാശയം കിട്ടാൻ ഏറെ വൈകിയില്ല.

''നമ്മളെ തിന്നു ജീവിക്കുന്ന ജന്തുക്കളുണ്ടോ മുത്തശ്ശാ?''

''ഉണ്ടല്ലോ, നരിയും പുലിയും ചെന്നായും...?''

''ഒന്നിനെയും കാണാനില്ലല്ലോ!''

''കാഴ്ചബംഗ്ലാവിൽ കണ്ടില്ലേ, കഴിഞ്ഞ മാസം?''

''എങ്ങനെ പിടിച്ചു ഇതിനെയൊക്കെ മുത്തശ്ശാ?''


''സൂത്രങ്ങളും ആയുധങ്ങളും ഉപയോഗിച്ച്.''

''അണ്ണാനും കിളിയും പൂമ്പാറ്റയുമൊന്നും എന്തേ ഇങ്ങനെ ചെയ്യാത്തത്?''

''ചെയ്യാൻ ശ്രമിക്കും. എന്നിട്ടും നിവൃത്തിയില്ലെങ്കിൽ ചാടിയോടിയോ പറന്നോ രക്ഷപ്പെടും. പല്ലും നഖവുമൊക്കെ ഉള്ള ജീവികൾ കടിച്ചും മാന്തിയും നിൽക്കാൻ അവസാനം വരെ നോക്കും.''

''സൂത്രപ്പണികളൊന്നും?''

''മണ്ണിൽ പൂണ്ടു കിടക്കുക, ദേഹത്തിന്റെ നിറം മാറ്റുക, പടമോ വേഷമോ കാട്ടി വിരട്ടാൻ നോക്കുക എന്നിങ്ങനെ



പലതരം. പക്ഷേ ബുദ്ധി ഉപയോഗിച്ചുള്ള അടവുകളൊന്നുമില്ല.''

''അതെന്താ?''

''വിശേഷബുദ്ധി ഇല്ലാത്തതുകൊണ്ട്?''

''അതെന്തു ബുദ്ധി?''

''ചോദ്യങ്ങൾ തന്നോടുതന്നെ ചോദിക്കാനും ഉത്തരം കണ്ടെത്താനുമുള്ള കഴിവ്.''

''എനിക്കും പറ്റണ്ല്യലൊ! അതെന്താ?''

''തീർച്ചയായും പറ്റും, കുറച്ചു കഴിഞ്ഞാൽ.''

''ഇപ്പൊ പറ്റണം!''

''ശരി, നോക്കാം. കിച്ചൂന് ഇനിയൊരു സംശയം ഉണ്ടാകുമ്പോ നമുക്കു പരീക്ഷിക്കാം.''

''എനിക്കിനീം കുറെ സംശയ്ണ്ട്, മുത്തശ്ശാ.''

''ശരി, കേൾക്കട്ടെ.''

''രാവണന്റെ നടുവിലെ തല ഏതാ?''

''എന്നു വെച്ചാൽ?''

''ആകെ തല പത്തല്ലേ, മുത്തശ്ശാ? അപ്പോ ഏതെങ്കിലും ഒരു വശത്തേക്ക് ഒരെണ്ണം അധികം നിൽക്കില്ലേ?''

''ആകട്ടെ, അതറിയാൻ നമുക്ക് എന്ത് ചെയ്യാൻ പറ്റും?''

''പോയി അന്വേഷിച്ച് നോക്കിയാലോ?''

''എവിടെ?''

''ലങ്ക എന്ന നാട്ടിൽ''

''ഇപ്പോൾ അവിടെയെങ്ങും അത്തരക്കാർ ഇല്ലല്ലോ!''

''പിന്നെ എന്തു ചെയ്യും?''

''രാവണന്റെ കഥ ആദ്യം പറഞ്ഞ ആളോട് ചോദിച്ചാലോ?''

''മഹർഷിയല്ലേ, അദ്ദേഹം ഇപ്പോൾ എവിടെയാണ് മുത്തശ്ശാ?''

''എങ്ങോ മരിച്ചുപോയി എങ്കിലും...''

''മഹർഷി പറഞ്ഞ കഥ ഒന്നുകൂടി ശ്രദ്ധിച്ചു വായിച്ചു നോക്കിയാലോ?''

''അതുകൊണ്ടെന്ത് കാര്യം?''

''മഹർഷി ബുദ്ധിമാനായിരുന്നല്ലോ. ഈ ചോദ്യം അദ്ദേഹവും ചോദിച്ചിട്ടുണ്ടോ എന്നു നോക്കാം?''

''അസാധാരണ മനുഷ്യരുടെ പത്തിരട്ടി ബുദ്ധിയുള്ള ഒരാൾ എന്നേ മഹർഷി ഉദ്ദേശിച്ചിട്ടുള്ളൂ എങ്കിലോ?''

''എന്നിട്ടുമെന്തേ അയാൾ ചീത്തയായത് മുത്തശ്ശാ?''

''ഉള്ള ബുദ്ധിയൊക്കെ ചീത്ത ബുദ്ധി ആയിപ്പോയി!''

ഉടനെ കിച്ചു മറ്റൊരു കൊമ്പിലേക്ക് എടുത്ത് ചാടി. ''നല്ല ബുദ്ധിയുള്ളോരും ചീത്ത ചെയ്യണത് എന്തോണ്ടാ, മുത്തശ്ശാ?''

''ആരടെ കാര്യാ കിച്ചു ഇത്?''

''ശ്രീരാമന്റെ, മുത്തശ്ശാ.''

''ശ്രീരാമൻ ചീത്തയായി എന്തു ചെയ്തു?''

''സീതാദേവിയെ കൊടുങ്കാട്ടിൽ കളഞ്ഞില്ലേ?''

''കൊടുങ്കാട്ടിലല്ലല്ലോ, വാല്മീകിയുടെ ആശ്രമത്തിലല്ലേ?''

''എന്നാലും... മുത്തശ്ശാ...''

''സീതയെയും മക്കളെയും മഹർഷി നന്നായി കാത്തില്ലേ? മക്കളെ അല്ലെങ്കിലും, പഠിക്കാൻ അയക്കണ്ടേ?''

കിച്ചുവിന് അപ്പോഴും അത് തീർത്തും ബോധ്യമായില്ല.

മുത്തശ്ശൻ തുടർന്നു: ''എത്ര വലിയ ആളുകൾക്കും പല ബുദ്ധിമുട്ടുകളും വരാം.''

''പിന്നെ, മുത്തശ്ശാ...'' കിച്ചു അടുത്ത ചിന്തയിലേക്ക് പോയി.

''ഈശ്വരനെന്തിനാ നല്ല ആളുകളെ പറഞ്ഞു പറ്റിക്കണത്?''

''ആരെ പറ്റിച്ചു?''

''മഹാബലി എന്ന നല്ല രാജാവിനെ പറ്റിച്ചില്ലേ?''

''അഹംഭാവത്തിന് ശിക്ഷിച്ചതാണ്.''

''എന്തഹംഭാവം?''

''താനാണ് ഏറ്റവും വലിയ ദാനശീലൻ എന്ന്.''

''അത് നല്ലതിനല്ലേ?''

''എത്ര നല്ലതിനായാലും

അഹംഭാവം പാടില്ല.''

''എന്നാലും പറഞ്ഞു പറ്റിക്കണോ? ദൈവം ഒരു ഊത്തൂതിയാൽ ഏതു ചക്രവർത്തിയും ഫൂന്ന് തെറിക്കില്ലേ?''

''എന്ത് തെറ്റിനാണ് ശിക്ഷ എന്ന് അയാൾക്കും ലോകത്തിനും മനസ്സിലാവണ്ടേ?''

''നേരിട്ട് പറഞ്ഞാൽ പോരേ?''

''മതിയായിരുന്നു. പക്ഷേ ഇങ്ങനെയാണ് ഉണ്ടായത്.''

''ദൈവത്തിനും പത്തിൽ പത്ത് മാർക്കും തികച്ച് ഇല്ലേ, മുത്തശ്ശാ?''

മുറ്റത്തിന്റെ അതിർത്തിയിൽ ഒരു ചെമ്പോത്ത് പറന്നിറങ്ങിയതിനാൽ കിച്ചു അതിനെ കാണാൻ ഇറങ്ങി ഓടി. പക്ഷേ കിച്ചുവിനെ കണ്ടതും അത് പറന്നുപോയി.

പിന്നെ അതായി വിഷയം: ''അതിന്റെ കൂട് എവടെയാ മുത്തശ്ശാ?''

കിച്ചുവിന്റെ കൂടെ ചെമ്പോത്തിന്റെ കൂടന്വേഷിച്ച് തൊടിയിലേക്കിറങ്ങുമ്പോൾ അമ്മ വാതിൽക്കൽ വന്നു: ''ഈ അച്ഛനാ ഇവനെ...?''

മുത്തശ്ശി അകത്തുനിന്ന് ചിരിച്ചു. ''ആര് ആരെയാ പഠിപ്പിക്കുന്നത് എന്നാ നിന്റെ വിചാരം! ഏതായാലും രണ്ടാളെക്കൊണ്ടും നമുക്കു പൊറുതികേടില്ല!'' മുളങ്കൂട്ടത്തിനകത്താണ് ചെമ്പോത്തിന്റെ കൂട് കണ്ടെത്തിയത്.

''ചെമ്പോത്തിന് മുള്ളു കുത്തില്ലേ, മുത്തശ്ശാ?''

''മുള്ളു കൂത്താതെ പോകാനുള്ള ഒരു സൂത്രം ആ പക്ഷി കണ്ടുവെച്ചിരിക്കാം.''

''സൂത്രക്കാരനാണല്ലേ!''

''അതെ.''

മുള്ളിനകത്ത് കൂടിന്റെ ഇരിപ്പ് നോക്കി കിച്ചു ചോദിച്ചു. ''ഇതുകൊണ്ട് എന്തുമെച്ചം, മുത്തശ്ശാ?''

''മുട്ട തിന്നാനോ, കുഞ്ഞുങ്ങളെ പിടിക്കാനോ ഒരു ജന്തൂം കേറി വരില്ല.''

''ഇതു കണ്ടാണോ നമ്മളും വീടിന് മുള്ളുവേലി കെട്ടുന്നത്?''

വാടി വീണ നാലു മൊച്ചിങ്ങയും പെറുക്കി അവർ തൊടിയിൽ നിന്നു തിരികെ വരുമ്പോൾ മുത്തശ്ശി മൂക്കത്ത് വിരൽ വെച്ച് പൂമുഖത്തുണ്ട്. 'ചെറിയ കുട്ടി ആരാണെന്നാ തീർച്ചയില്ലാത്തത്!' എന്ന ചിരിയോടെ.

> **കിച്ചുവിന്റെ കൂടെ ചെമ്പോത്തിന്റെ കൂടന്വേഷിച്ച് തൊടിയിലേക്കിറങ്ങുമ്പോൾ അമ്മ വാതിൽക്കൽ വന്നു: "ഈ അച്ഛനാ ഇവനെ...?" മുത്തശ്ശി അകത്തു നിന്ന് ചിരിച്ചു. "ആര് ആരെയാ പഠിപ്പിക്കുന്നത് എന്നാ നിന്റെ വിചാരം! ഏതായാലും രണ്ടാളെക്കൊണ്ടും നമുക്കു പൊറുതികേടില്ല!"**





ബാലസാഹിത്യ രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരം ശ്രീ പി പി കെ പൊതുവാളിന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ സമർപ്പിക്കുന്നു. 60001 രൂപയും ശിൽപവും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് പുരസ്കാരം.



വര: സചീന്ദ്രൻ കാറഡുക്ക

# കൊറോണ ഓണം

പ്രൊഫ. എസ് ശിവദാസ്

കൊറോണ നാടുവാണീടും കാലം, മാനുഷരെല്ലാരുമൊന്നുപോലെ വീട്ടിനുള്ളിലൊതുങ്ങിക്കഴിയുന്നു. പേടിച്ചു കഴിയുന്നു. അപ്പോഴും ഇതാ നമ്മുടെ ഓണം എത്തിയിരിക്കുന്നു. കൂട്ടുകാർക്കെല്ലാം ഒന്നിച്ചു കാണാനും കൈകൾ കോർത്തു നിൽക്കാനും ഒന്നിച്ചു പാടാനും ആടാനും കളിക്കാനും ഒന്നും പറ്റാത്ത കാലം. കൂട്ടുകാർക്ക് സങ്കടം വരുന്നുണ്ടോ? പേടി തോന്നുന്നുണ്ടോ? നിരാശ തോന്നുന്നുണ്ടോ? എങ്കിൽ അതൊക്കെ വലിച്ചെറിയണം. പേടിയും നിരാശയും സങ്കടവുമൊക്കെ ഉടൻ വലിച്ചെറിയുക. വലിച്ചെറിയുക തന്നെ വേണം. അതിന് ശക്തി നേടാൻ ഒരു കഥ പറയാം.

കുറെ നാൾ മുമ്പ് ഒരുനാൾ. ഞാൻ ജർമ്മനിയിൽ ആയിരുന്ന കാലം. മ്യൂണിച്ച് നഗരത്തിലായിരുന്നു താമസം. വലിയ നഗരം. അത് മുഴുവൻ കാണാതെ തിരിച്ചുപോകാൻ പറ്റുമോ? പക്ഷേ എങ്ങനെ എല്ലായിടവും നന്നായി കാണും? അതായിരുന്നു എന്റെ പ്രശ്നം. ഏതു പ്രശ്നത്തിനുമില്ലേ പരിഹാരം? എന്റെ പ്രശ്നത്തിനും ഉണ്ടായി പരിഹാരം. ''ഞങ്ങൾ പ്രൊഫസറെ എല്ലായിടവും കൊണ്ടുപോയി കാണിക്കാം.'' ഹ്യൂബെർട്ടും ഹെൽഗയും കൂടി പറഞ്ഞു. അവർ എന്റെ സുഹൃത്തുക്കൾ. ഹ്യൂബെർട്ട് ഭർത്താവ്. ഹെൽഗ ഭാര്യ. രണ്ടുപേരും കൂടി ആയിരുന്നു എന്നെ ആൽപ്സ് പർവതം കാണിക്കാൻ കൊണ്ടുപോയത്. എന്നാൽ ഒളിമ്പിക് ഗ്രാമം കാണിക്കാൻ ഹ്യൂബെർട്ട് തനിയെ ആയിരുന്നു വന്നത്. ഹെൽഗയ്ക്ക് സ്പോർട്സ് ഇഷ്ടമായിരുന്നില്ല. ഒളിമ്പിക് ഗ്രാമത്തിലെ വലിയ സ്റ്റേഡിയം ഒക്കെ കണ്ടതിനുശേഷം ഹ്യൂബെർട്ട് എന്നെ ഒരു മല കാണിക്കാൻ കൊണ്ടുപോയി. വാഗമണ്ണിലെ മൊട്ടക്കുന്നുകൾ കണ്ടിട്ടില്ലേ? ചിരട്ട കമഴ്ത്തി വെച്ചതുപോലുള്ള കുന്നുകൾ. അത്തരമൊന്ന് മ്യൂണിച്ച് നഗരത്തിൽ കണ്ട് ഞാൻ അത്ഭുതപ്പെട്ടു. നിറയെ പുല്ലു വളർന്നു നിൽക്കുന്ന കുന്ന്. കണ്ടാൽ ഒരു വലിയ 'റ' ആകൃതി. ഞങ്ങൾ അതിനു

മുകളിൽ കയറിനിന്ന് മ്യൂണിച്ച് നഗരം കണ്ടു. കുന്നും പരിസരവും വളരെ മനോഹരം. നിറയെ പച്ചപ്പ്. ചുറ്റും മരങ്ങൾ. പൂന്തോട്ടം. എല്ലാം ഭംഗിയായി വെട്ടിമിനുക്കി വെച്ചിരിക്കുന്നു. ഒരു ചപ്പോ ചവറോ പ്ലാസ്റ്റിക് കുപ്പിയോ കൂടോ ഇല്ല. എത്ര മനോഹരം! ഞാൻ ആ കാഴ്ചയിൽ മയങ്ങി നിന്നപ്പോൾ ഹ്യൂബെർട്ട് പറഞ്ഞു: ''പ്രൊഫസർ, ഈ കുന്നിന് ഒരു കഥ പറയാനുണ്ട്.''

കഥയോ? ഈ കുന്നിനോ? ഞാൻ അത്ഭുതത്തോടെ അദ്ദേഹത്തെ നോക്കി. അപ്പോൾ അദ്ദേഹം പറഞ്ഞു:

''രണ്ടാം ലോകമഹായുദ്ധകാലത്ത് ഈ മ്യൂണിച്ചിനുമേൽ അനേകം ബോംബുകൾ വീണു പൊട്ടി. ഇവിടെ ഉണ്ടായിരുന്ന കെട്ടിടങ്ങളിൽ ഭൂരിഭാഗവും തകർന്നുതരിപ്പണമായി. അവസാനം ആ ഭീകരയുദ്ധവും തീർന്നു. അപ്പോഴേക്കും മ്യൂണിച്ച് നഗരം നിലംപൊത്തിയിരുന്നു. പുതിയ നഗരം പണിതുയർത്തണം. അതിനുമുമ്പ് തകർന്നുകിടക്കുന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ എങ്ങോട്ടെങ്കിലും മാറ്റണം. പൊട്ടിയ ഇഷ്ടികകൾ, സിമന്റുകട്ടകൾ, കല്ലുകൾ അങ്ങനെ എല്ലാ അവശിഷ്ടങ്ങളും. എങ്ങോട്ട് മാറ്റും? അവസാനം ഞങ്ങൾ അവയെല്ലാം ഇവിടെ കൊണ്ടുവന്ന് ഇട്ടു. അങ്ങനെ ഇവിടെ ഒരു മല ഉണ്ടായി. അതിന് മുകളിൽ മണ്ണിട്ടു. പുല്ലും ചെടികളും വളർത്തി. നടപ്പാതകളും ഉണ്ടാക്കി. ഇന്ന് ഈ കുന്ന് ഇവിടെ ഇങ്ങനെ മനോഹരിയായി നിൽക്കുന്നു. ഞങ്ങൾക്ക് പ്രത്യാശയുടെ പ്രതീകമായി തല ഉയർത്തി നിൽക്കുന്നു!''

**സ്വന്തമായി ഒരു കോശം പോലുമില്ലാത്ത ഒരു കൊച്ചു വൈറസ് ലോകത്തെ മുഴുവൻ വിറപ്പിച്ചു നിർത്തിയിരിക്കുന്നു. നമുക്ക് അത് വകവെച്ചു കൊടുക്കാൻ പറ്റില്ല. ആ വൈറസിനെ നമ്മൾ തോൽപ്പിക്കും. ആ വിശ്വാസം നൽകുന്ന ആശ്വാസത്തോടെ ഓണം ആഘോഷിക്കൂ. കൊറോണക്കാലത്തും ഒരു ഓണം ആഘോഷിക്കാം എന്ന് ലോകത്തെ കാണിച്ചുകൊടുക്കൂ.**

ഞാൻ ആ കഥ കേട്ട് തരിച്ചു നിന്നു. തകർച്ചയുടെ അവശിഷ്ടങ്ങൾ കൊണ്ടും പ്രത്യാശയുടെ കുന്ന് ഉണ്ടാക്കാം. അതിനു മുകളിലും പച്ചപ്പ് ഉണ്ടാക്കാം. ആ കുന്ന് പുതിയ നഗരത്തിന് ആഭരണമായി നിലനിർത്താം! ഞാൻ അതോർത്ത് ആവേശഭരിതനായി അനേക നിമിഷങ്ങൾ ആ കുന്നിൻ മുകളിൽ അന്നു നിന്നു...

അതേ കൂട്ടുകാരേ! ഒരു രാത്രിയും അവസാനിക്കാതെയിരിക്കില്ല. വെളിച്ചം വരും, പ്രഭാതം വരും. കിളികൾ പാടും. വെയിൽ പരക്കും. ചുറ്റും പ്രത്യാശയുടെ പൂക്കൾ വിരിയും. കൊറോണയും പോകും.

പോയാലും പോയില്ലെങ്കിലും നാം ചിരിക്കും. സന്തോഷിക്കും. പാടും. ഓണവും ആഘോഷിക്കും. ആഘോഷിക്കുക തന്നെ വേണം. അത് നമ്മുടെ ഒരു വലിയ സ്വപ്നമാണ്. മാവേലി നാട് വാണ കാലത്തെപ്പറ്റിയുള്ള സ്വപ്നം. എല്ലാരും ഒന്നായി നന്നായിനിന്ന കാലത്തെപ്പറ്റിയുള്ള പ്രത്യാശ പകരുന്ന സങ്കല്പം. ഇപ്രാവശ്യം ഒന്നിച്ചുകൂടി പാടാനും കളിക്കാനും പറ്റില്ലായിരിക്കാം. സാരമില്ല. പാട്ടുപാടി കൂട്ടുകാർക്ക് അയക്കൂ. വെബിനാറിലൂടെ കൂട്ടുകാർ കഥ പറയൂ. വിശേഷങ്ങൾ കൈമാറൂ. കൂട്ടപ്പാട്ടിൽ പങ്കെടുക്കൂ. ഓരോ വീട്ടിലും ഓണം ആഘോഷിക്കണം. ആഘോഷങ്ങൾ ഓൺലൈനിലൂടെ ഷെയർ ചെയ്യാം. അങ്ങനെ സന്തോഷം പങ്കുവയ്ക്കാം. നാളെയെപ്പറ്റി നല്ല സ്വപ്നങ്ങൾ കാണാം.

സ്വന്തമായി ഒരു കോശം പോലുമില്ലാത്ത ഒരു കൊച്ചു വൈറസ് ലോകത്തെ മുഴുവൻ വിറപ്പിച്ചു നിർത്തിയിരിക്കുന്നു. നമുക്ക് അത് വകവെച്ചു കൊടുക്കാൻ പറ്റില്ല. ആ വൈറസിനെ നമ്മൾ തോൽപ്പിക്കും. ആ വിശ്വാസം നൽകുന്ന ആശ്വാസത്തോടെ ഓണം ആഘോഷിക്കൂ. കൊറോണക്കാലത്തും ഒരു ഓണം ആഘോഷിക്കാം എന്ന് ലോകത്തെ കാണിച്ചുകൊടുക്കൂ. എല്ലാവർക്കും കൊറോണ ഓണാശംസകൾ!!



# വയനാട്ടിലെ അക്ഷരസദ്യ

ഏഴാച്ചേരി രാമചന്ദ്രൻ

വയനാടൻ കുന്നിന്റെ താഴ്‌വരയിൽ
കർക്കിടകത്തിലെ ഞായറാഴ്ച;
ഒരുകൂട്ടം കുട്ടികൾ പാട്ടുംപാടി
തെരുവോരം ചേർന്നു നടക്കുന്നു.

അകലംപാലിച്ചും വിനയം ശീലിച്ചും
അച്ചടക്കം തികഞ്ഞാലോലം
അപ്പുണ്ണിമാസ്റ്ററും അംബികടീച്ചറും
ഇത്തിരിപ്പിന്നിലവർക്കൊപ്പം.





വര: സന്തോഷ് വെള്ളിയന്നൂർ

## 2

‘‘പുത്തനുടുപ്പും ചെരിപ്പുമായി
മക്കളേ, നിങ്ങളിതെങ്ങോട്ട്?’’
‘‘അക്ഷരസദ്യയ്ക്കുപോകുന്നു’’
അമ്മിണിക്കുട്ടി പുഴുപ്പല്ലി.
‘‘അക്ഷരസദ്യയിതെന്തുകുന്തം?
അർഥം പറഞ്ഞൂതാ പിള്ളേരേ’’
വഴിയോരം നിൽക്കുന്ന ചക്കരപ്പണ്ടാരം
വയറും കുലുക്കിച്ചിരിക്കുന്നു.

## 3

വായനശാലയ്ക്കകത്തുപിള്ളേർ
വട്ടത്തിൽ ചമ്രം പടിഞ്ഞിരുന്നു.
ചില്ലലമാര തുറന്നപ്പോൾ
ഒന്നല്ലൊരായിരം പുസ്തകങ്ങൾ.
പുസ്തകം ചുമ്മാ മണത്തുകൊണ്ടും
പുറന്താൾച്ചന്തം നുകർന്നുകൊണ്ടും
ലാളിക്കും കൂട്ടരെക്കണ്ടാകാം ബാല–
സാഹിത്യപുസ്തകം പുഞ്ചിരിച്ചു.

## 4

*[1]പന്തളംകേരളവർമ്മ മുതൽ
കാരൂർവരെയുള്ളൊരപ്പൂപ്പന്മാർ,
പിഞ്ചുകിടാങ്ങളെ മാടിവിളിക്കുന്നു
ചില്ലലമാരയ്ക്കകത്തുനിന്നും.
വായിച്ചും തങ്ങളിൽ ചോദ്യങ്ങൾ ചോദിച്ചും
താളത്തിനൊത്തു ചുവടുവെച്ചും
ആടിയും പാടിയും അഞ്ചുമണിവരെ
അക്ഷരസദ്യ പൊടിപൊടിച്ചു.

## 5

അക്ഷരസദ്യ വിളമ്പാനോ
വർക്കിയുതുപ്പും വസുന്ധരയും
അക്ഷരങ്ങൾ കൊണ്ടരിപ്പത്തിരി
ഭക്ഷണമേശയ്ക്കു കള്ളച്ചിരി.
കഥയാണെരിവുള്ള മധുരക്കറി,
കവിതകൊണ്ടല്ലയോ പാൽപ്പായസം;
കൂട്ടുകാരൊത്തു പാടിക്കളിക്കെ
‘കറുമുറെ’ യോരോ കടങ്കഥകൾ.

## 6

നാക്കിലിടയ്ക്കൊന്നു തൊട്ടുനക്കാൻ
*[2]നൂറും ചേർന്നുള്ളൊരിഞ്ചിക്കറി; അതു
മുത്തശ്ശി പണ്ടു പറഞ്ഞുകൊതിപ്പിച്ച
പത്തരമാറ്റു പഴങ്കഥകൾ!
ചോറും സാമ്പാറും പോലേ നിരന്തരം
നോവലും തീയലും ചെങ്ങാതിമാർ.
വായനശാല, കുരുന്നു കിടാങ്ങൾക്കു
വേറിട്ടൊരു നല്ല പാഠശാല.

## 7

അറിവിന്റെ മാമരം, അഴകിന്റെ പൂമരം
അടിമുടിപൂവിട്ടോരമ്മമരം;
അനുഭൂതികൾക്കു പകൽപ്പൂരം!
''പുത്തനുടുപ്പിട്ടു പുസ്തകലോകത്തു
ചെത്തിനടക്കുവിൻപിള്ളേരേ!''
ഒന്നുമുറുക്കിരസിച്ചുതുപ്പി
കുഞ്ഞുണ്ണിമാസ്റ്റർ പിറകിൽ നിൽപ്പൂ,
ചുറ്റിലും ചീനപ്പടക്കങ്ങൾ പോൽ
പൊട്ടിച്ചിരിച്ചൂ കുറുങ്കവിത!

## 8

വടയും മുറുക്കും പഴംപൊരിയും
വൈത്തിരിക്കേക്കും കരിക്കുഷേയ്ക്കും.
പഞ്ചായത്തിലെ ലക്ഷ്മിക്കുമ്പാരത്തി
പിഞ്ചുമക്കൾക്കു വിളമ്പുന്നു.
''അക്ഷരസദ്യ രസിച്ചുവോ മക്കളേ?''
അരികത്തൊ,രമ്മസ്വരം തിളങ്ങി.
ഏറെപ്പരിചിതമായ നാദം;
പാടിപ്പതിഞ്ഞപവിത്രനാദം.

## 9



ഒന്നുതിരിഞ്ഞവർ നോക്കുന്നേരം
ഓരോ ചുണ്ടിലും പൂവിരിഞ്ഞു.
''തലയിൽ കൈവെച്ചനുഗ്രഹിക്കാൻ
*3സുഗതടീച്ചറേ വന്നാലും!''
അൻപതുകണ്ണിലും ആനന്ദത്തിരി
പൊൻതിരി പൂത്തിരി കത്തുന്നു.
വയനാടൻകുന്നിന്റെ മക്കൾക്കിതിൽപ്പരം
പരമാനന്ദത്തിനെന്തുവേറെ?

## 10

''വായനശാല ദേവാലയമല്ലയോ?''
വാസന്തിടീച്ചർ ചോദിക്കെ,
നേരുനേരെന്നു കുരുന്നുമക്കൾ
ഏകസ്വരത്തിലൊരാലോലം!



**1* *പ്രസിദ്ധ ബാലസാഹിത്യകാരന്മാർ.*
**2* *ഇഞ്ചിക്കറി നൂറുകറികൾക്കു തുല്യ മെന്ന ചൊല്ല്.*
**3* *സുഗതകുമാരി ടീച്ചർ - മലയാള ത്തിന്റെ അഭിമാനകവി.*


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
അമ്മേ... നെറ്റ് കിട്ടുന്നില്ല.
എന്നാലാ ടി വി യിലെ ക്ലാസ് കണ്ടു പഠിച്ചുനോക്ക്.
ഹോ... കണ്ണ് വേദനിച്ചിട്ടു വയ്യ! കുറച്ച് വെള്ളം തരോ...?
എന്നാ കുറച്ചു നേരം പുസ്തകം വായിക്ക്...
മോനെന്താ ഒന്നും മിണ്ടാത്തെ?
അമ്മ എത്ര ഭാഗ്യവതിയാ... എത്ര കഷ്ടപ്പെട്ടാലും സ്കൂളിൽ പോകാനൊത്തല്ലോ!

# ചിരട്ടപ്പടക്കം

പി കെ ഗോപി

"ഇക്കുറി വിഷുവിന് ഗംഭീര വെടിക്കെട്ടുണ്ടായിരിക്കും. റോക്കറ്റുകൾ ആകാശത്തേക്കു കുതിക്കും. മാലപ്പടക്കം കേട്ട് നിങ്ങൾ നടുങ്ങും." നെല്പാടത്തിന്റെ നടവരമ്പിൽ കയറി നിന്ന് ഞാൻ പ്രഖ്യാപിച്ചു. പശുവിനെ തീറ്റുന്നവരും പുല്ല് ചെത്തുന്നവരും തല പൊന്തിച്ചു നോക്കി.

പടക്കം വാങ്ങിയ രഹസ്യം ഞാനാരോടും പറഞ്ഞില്ല. ഉത്സവത്തിനു പോയപ്പോൾ, പറങ്കിയണ്ടി വിറ്റ പണം കൊടുത്തു വാങ്ങിയതാണ്.

"തുരുമ്പു പിടിച്ച വല്ല തകരപ്പാട്ടയിലും അവൻ പത്തല് കൊണ്ടടിക്കും. ഠോ... ഠോ... ന്ന് കേൾക്കും. വെടിക്കെട്ടെന്ന് പിന്നെ പറഞ്ഞാ മതി." ചേട്ടന്റെ പരിഹാസം കേട്ട് ഞാൻ വിളറി. എന്റെ പടക്കശേഖരം കാണാത്തവർക്ക് എന്തും പറയാം. പക്ഷേ, നാളെ വിഷുവിന് കുളിച്ചൊരുങ്ങി, കണികണ്ട്, കൈനീട്ടം വാങ്ങി, സദ്യ കഴിഞ്ഞ് ഇറങ്ങിക്കോ. പാട്ടയാണോ പടക്കമാണോന്ന് കാണിച്ചുതരാം.

"ഹോയ്... അവന്റെ പടക്കം കത്തിക്കുന്നേനു മുമ്പ് ചീറ്റിപ്പോയി..."കൂട്ടുകാരുടെ തമാശച്ചിരിയിൽ എനിക്കരിശം വന്നു. അറുത്തുവച്ച പച്ചപ്പുല്ല് വാരിക്കെട്ടി ഞാൻ വീട്ടിലേക്കു നടന്നു.

***********

സ്കൂൾ വിട്ടുവന്നാൽ കലശലായ വിശപ്പുണ്ടാവും. കപ്പയും ചോറും കട്ടത്തൈരും കാന്താരി ഞെരടിയതും കലക്കിയടിച്ച് വാരിത്തിന്നും. ചിലപ്പോൾ മുളകിട്ട മീൻകറി ഉണ്ടാകും. ഉണക്കമീൻ വറുത്തതോ ചുട്ടതോ





വര: സജി വി

ആയാലും കുശാലാണ്. കൈ കഴുകുന്ന താമസം അച്ഛൻ പറയും.

''നമ്മൾക്കെല്ലാം അത്യാവശ്യം വയറു നിറഞ്ഞല്ലോ. പശുവും കിടാവും പട്ടിണിയാ. അവറ്റെക്കൂടി കരുതണം. തോട്ടിറമ്പിൽ നല്ല പുല്ലുണ്ട്. ഒരുകെട്ട് പുല്ലുമതി... ന്നാ വേഗം വിട്ടോ.'' പുല്ലരിയാൻ വളഞ്ഞ കത്തിയുണ്ട്. കെട്ടാൻ വള്ളിയും. എടുത്തു പറുപ്പെടുകതന്നെ. അച്ഛന്റെ ആജ്ഞയാണ്. ലംഘിച്ചാൽ ഫലം വേറെയായിരിക്കും.

ഞങ്ങൾ കുട്ടികൾ ആർത്തുല്ലസിച്ച് പാടത്തേക്കിറങ്ങും. കൂട്ടത്തിൽ വായിൽത്തോന്നിയതെല്ലാം പാടും. അറിയാവുന്ന കളിയെല്ലാം ആസ്വദിക്കും. വിശാലമായ പാടത്തിന്റെ സ്വാതന്ത്ര്യം എല്ലാവർക്കും അവകാശപ്പെട്ടതാണ്. ചേരയും കീരിയും പച്ചക്കുതിരയുമെല്ലാം അതാതിന്റെ സാമ്രാജ്യത്തിൽ ജീവിക്കുന്നുണ്ടാവും. അപൂർവം അവ തമ്മിൽ കണ്ടുമുട്ടും. അതൊരു സംഭവമാകും.

വാരിക്കെട്ടിയ പുല്ലുമായി വീട്ടിലേക്ക് നടക്കുമ്പോൾ വിഷുപ്പടക്കം എന്റെയുള്ളിൽ കിടന്നു പൊട്ടാൻ കൊതിച്ചു.

ഒരുകെട്ട് പച്ചപ്പുല്ല് കണ്ടപ്പോൾ പശുവിന് എന്താ സന്തോഷം! തലയാട്ടി തൊഴുത്തിലേക്ക് വിളിക്കും. പശുക്കിടാവ് മുട്ടിയുരുമ്മി നടക്കും. അമ്മപ്പശു തലയിളക്കുമ്പോൾ കൊമ്പ് ഞങ്ങളുടെ ശരീരത്തു കുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കും. കന്നുകാലികളുടെ സ്നേഹവും കരുതലും അവയെ ഇണക്കി വളർത്തുന്നവർക്കറിയാം. അതൊക്കെ പുസ്തകത്തിലില്ലാത്ത വലിയ പാഠങ്ങളാണ്.

നിലവിളക്ക് തേച്ചുമിനുക്കി അമ്മ അകത്തേക്കു കൊണ്ടുപോകുന്നു. ചേച്ചി പിച്ചിമാല കൊരുക്കുന്നു. കുങ്കുമനിറമുള്ള സ്വർണം പോലെ തിളങ്ങുന്ന കണിവെള്ളരിക്ക മുറത്തിലിരിക്കുന്നു. പുസ്തകവും കസവുനേര്യതും കണ്ണാടിയും കൊന്നപ്പൂവുമൊക്കെ ചിട്ടയോടെ കരുതിവച്ചിട്ടുണ്ട്. കൃഷ്ണവിഗ്രഹത്തിൽ പുതിയ മയിൽപ്പീലി.

''ദേ, നീ ആ തിരിയൊന്നു തെറുത്തേ. ഏഴുതിരി വേണം. ഏഴെണ്ണവും കൂടി എരിഞ്ഞു നിൽക്കുന്നതു കാണാൻ നല്ല രസമായിരിക്കും.'' ചേച്ചിയോടൊപ്പം വിഷു ഒരുക്കാൻ ഞാനും കൂടി.

''പോയി നാല് തുളസിക്കതിര് പിച്ചിക്കൊണ്ടുവാ.'' ചേച്ചിയുടെ ഉത്തരവാണ്.

തുളസിക്കതിര് പിച്ചിയെടുക്കുമ്പോൾ ഒരു നിശാശലഭം കൈയിൽ തൊട്ട്, തലയ്ക്കു വട്ടംചുറ്റി പറന്നുപോയി. തുളസിയിലയുടെ സുഗന്ധം... ഹാ... വല്ലാത്തൊരു സുഖമാണ്.

അത്താഴം കഴിച്ച്, പാഠങ്ങൾ ചൊല്ലിയും എഴുതിയും പഠിച്ച്, വിളക്കണച്ച് കിടക്കുമ്പോൾ 'ഠപഠപോ' ന്നു പൊട്ടുന്ന പടക്കങ്ങൾ വിദൂരതയിൽ മുഴങ്ങിക്കൊണ്ടിരുന്നു. എവിടെയെങ്കിലും ഒരു വിഷുക്കിളി വിളിക്കുന്നുണ്ടോ...? വെളുപ്പിന് അമ്മ വിളിച്ചു. കണി കാണിച്ചു. തൊഴുതു. പ്രാർഥിച്ചു. അച്ഛൻ കൈനീട്ടം തന്നു. നേരം വെളുത്തു. കരിമരുന്നു പരീക്ഷണശാല തുറക്കണം. ഒളിച്ചുവച്ച ഓലപ്പടക്കങ്ങൾ എടുത്ത് ചെടികൾക്കിടയിൽ വച്ചു. ആരും കാണരുത്.

അഞ്ച് മൺകൂനകൾ. അതിന്റെ മുകളിൽ ഓലപ്പടക്കങ്ങൾ. കണ്ണൻ ചിരട്ട കമിഴ്ത്തിവച്ച് ദ്വാരത്തിലൂടെ തിരി പുറത്തേക്കിട്ടു. അമ്മ കാണാതെ ഒരു തീക്കൊള്ളി അടുപ്പിൽ നിന്നെടുത്തു പുറത്തേക്കിറങ്ങി. ഭാഗ്യം ആരും കണ്ടില്ല. വിഷുവിന്റെ സദ്യവട്ടത്തിന് തകൃതിയായ ഒരുക്കങ്ങൾ.

**നിലവിളക്ക് തേച്ചുമിനുക്കി അമ്മ. ചേച്ചി പിച്ചിമാല കൊരുക്കുന്നു. കുങ്കുമനിറമുള്ള സ്വർണം പോലെ തിളങ്ങുന്നകണിവെള്ളരിക്ക മുറത്തിലിരിക്കുന്നു. പുസ്തകവും കസവുനേര്യതും കണ്ണാടിയും കൊന്നപ്പൂവുമൊക്കെ ചിട്ടയോടെ കരുതിവച്ചിട്ടുണ്ട്. കൃഷ്ണവിഗ്രഹത്തിൽ പുതിയ മയിൽപ്പീലി.**

തീക്കൊള്ളി പുറകിൽ മറച്ചുപിടിച്ച് ഞാൻ ചേച്ചിയെയും ചേട്ടനെയും അനുജത്തിയെയും അയലത്തെ കൂട്ടുകാരെയും വിളിച്ചു.

''ഇതാ മാലപ്പടക്കം... ആകാശപ്പടക്കം... റോക്കറ്റ് പടക്കം...'' ഓരോ തിരിയിലും തീക്കൊള്ളി തൊട്ടു. ശ്പ് ശ്പ്ശ് തിരി മിന്നി!

ഠോ...ഠോ...ഠോ... വെടി...





**എന്റെ കരിമരുന്നു പ്രയോഗം വലിയ അപമാനത്തിലും ദുരന്തത്തിലും കലാശിച്ചു. പരീക്ഷണം പാളി. മൺകൂനയും ചിതറിത്തെറിച്ച ഓലച്ചിന്തും ചിരട്ടയും നോക്കി ഞാൻ തേങ്ങി.**

വെടി... പൊട്ടലിന്റെ ശക്തിയിൽ ചിരട്ട, ഓലപ്പുരയുടെ കഴുക്കോലിൽ തട്ടി. ഒരു ചിരട്ട തെറിച്ച് ചേട്ടന്റെ മുഖത്തു തട്ടി. ആകെ ബഹളം. ചിരിയും കരച്ചിലും ഓട്ടവും വിളിയും...

''എന്താ ഇവിടെ?''പറമ്പിൽ നിന്ന് അച്ഛൻ കയറിവന്നു. കരിമരുന്നു പ്രയോഗക്കാരൻ പിടിക്കപ്പെട്ടു.

''ഇവൻ ദാ... ചിരട്ടവച്ചു പടക്കം കത്തിച്ചുവിട്ടു. പുര കത്താനതുമതി. ഒരു ചിരട്ട പുരപ്പുറത്തു വീണു. ഒന്ന് എന്റെ തലയിലാ വീണത്.'' വാർത്തയിൽ എരിവും പുളിയും ചേർത്ത് ചേട്ടൻ തട്ടിവിടുകയാണ്.

''ചുവരിറമ്പിൽ, ഈ ചൂടുകാലത്ത് പടക്കം പൊട്ടിച്ചാ, ഒരു തീപ്പൊരിമതി വീടെല്ലാം ചാമ്പലാകാൻ. ഉണങ്ങിയ ഓലയാ... തീപിടിച്ചാ... എല്ലാം പോയി.'' അച്ഛന് കോപം അടക്കാനായില്ല. മുറ്റത്തിറമ്പിൽ നിന്ന് ഒരു ചെമ്പരത്തിക്കമ്പ് വലിച്ചടർത്തി. എന്റെ മുതുകിന് നല്ല നാലെണ്ണം... 'പടക്കം പോലെ...' ചേട്ടനും ചേച്ചിയും അനുജത്തിയുമെല്ലാം പമ്പകടന്നു. അയലത്തെ കൂട്ടുകാർ ജീവനും കൊണ്ടോടിപ്പോയി.




''കളിയൊക്കെ കൊള്ളാം... വേണ്ടാത്തതു കളിച്ചാ ആപത്താ... പടക്കം പൊട്ടിക്കണേ ദൂരെ പറമ്പിലെങ്ങാനും മതി. ഓലപ്പുരേടെ ചുവട്ടിൽ തീകൊണ്ടു കളിച്ചാലേ... എരിഞ്ഞുതീരും... എല്ലാം... കിടക്കാടം പോകും... മനസ്സിലായോ?'' അച്ഛൻ എന്റെ നേരേ ഒരിക്കൽ കൂടി വടിയോങ്ങി. ഞാൻ ഉറക്കെ നിലവിളിച്ചു. അമ്മ ഓടിവന്നു. അച്ഛൻ ചെമ്പരത്തിക്കമ്പ് ഒടിച്ച് വാഴച്ചുവട്ടിലേക്ക് വലിച്ചെറിഞ്ഞ് പറമ്പിലേക്ക് പോയി.

എന്റെ കരിമരുന്നു പ്രയോഗം വലിയ അപമാനത്തിലും ദുരന്തത്തിലും കലാശിച്ചു. പരീക്ഷണം പാളി. മൺകൂനയും ചിതറിത്തെറിച്ച ഓലച്ചിന്തും ചിരട്ടയും നോക്കി ഞാൻ തേങ്ങി. സങ്കടം സഹിക്കാൻ വയ്യ. ഞാൻ ചെയ്തത് തെറ്റാണ്. ഓലവീടിനടുത്ത് പടക്കം പാടില്ല.

''ഹ...ഹ...ഹ... ഗംഭീര പടക്കം! വിഷുപ്പടക്കം!! അഞ്ചെണ്ണം ചിരട്ടപ്പുറത്ത്, ബാക്കി ഇവന്റെ ചന്തിപ്പുറത്ത് ഹൂ...യ്... വിഷുപ്പടക്കം... അടിപ്പടക്കം... തിത്തിത്താരാ തൈയ്...'' ചേട്ടൻ വിഷു ആഘോഷം പൊടിപൊടിച്ചു. എന്റെ വിഷുക്കണിക്ക് എന്തോ കുഴപ്പമുണ്ട്. എവിടെയോ ഒളിച്ചിരുന്ന മേടക്കിളി എന്നെ കണ്ടോ? 'അച്ഛൻ കൊമ്പത്ത്...അമ്മ വരമ്പത്ത്...' അമ്മ മാത്രമല്ല... ഞാനും വേദനയുടെ വരമ്പത്തായി. പ്രതീക്ഷിക്കാതെ കിട്ടിയ 'കൈനീട്ട'ത്തിന്റെ നീറ്റൽ മായാതെ കിടക്കുന്നു!

# ജാഗ്രത

പി വി കൃഷ്ണൻ



# ഓണപ്പൊലിമ

ഡോ. ആർ ശ്രീലതാവർമ്മ

ഓണമെത്തുവാനെത്ര നാളുണ്ടിനി
നാളുനോക്കിയിരിക്കുന്നു രണ്ടുപേർ
ഒന്നു മുത്തച്ഛൻ, മറ്റൊന്നു മുത്തശ്ശി
രണ്ടുപേരും തിടുക്കത്തിലാണിപ്പോൾ
പേരക്കുട്ടികൾ, മക്കളെല്ലാവരും
ഓണം കൂടുവാനിക്കുറിയെത്തിടും
മുത്തശ്ശിക്കില്ല നേരമിരിക്കുവാൻ
നൂറുകൂട്ടം പണിയുണ്ടു തീർക്കുവാൻ
ഓടിയോടി പലദിക്കിലെത്തിടും
ഓർമയായ്ത്തന്നെയോരോന്നു ചെയ്തിടും!
തട്ടിൻമേലേയൊതുക്കിവച്ചുള്ളതാം
വീതിയേറിയോരൂഞ്ഞാൽപ്പലകയും,
കട്ടിയേറും കയറുമെടുക്കണം
വിസ്തരിച്ചതു പ്ലാവിലായ് കെട്ടണം,
സദ്യവട്ടങ്ങൾക്കായി പലതുമേ
വിട്ടുപോകാതെ മുൻകൂട്ടി വാങ്ങണം
എത്രനാളുണ്ടു മക്കളിങ്ങെത്തുവാൻ
വേഗമൊക്കെയൊരുക്കണ്ടേയെന്നെല്ലാം
സ്നേഹവാക്കോതും മുത്തശ്ശിയെയൊന്നു-
നോക്കി മുത്തച്ഛനൊട്ടു ചിരിച്ചുപോയ്
''കുട്ടികൾക്കില്ല,യിത്രമേൽ കൗതുകം,''
ചൊല്ലി മുത്തച്ഛൻ വാത്സല്യവാക്കുകൾ,

''നാലുനാൾക്കകമെല്ലാപ്പണികളും
തീർത്തുവയ്ക്കാം നമുക്കതികേമമായ്!''

''അപ്പുറത്തെയാ മാധവൻകുട്ടിയോ-
ടിത്രവന്നൊന്നു പോകാൻ പറയണം
എന്തിനേതിനും നല്ല സഹായിയായ്
കൂടെയുണ്ടയാളായതു ഭാഗ്യമായ്!''
എല്ലാമൊറ്റയ്ക്കു ചെയ്യുവതെങ്ങനെ?
പ്രായമേറുകിലൊക്കവേ ദുഷ്കരം!
എങ്കിലുമോണമെത്തുന്ന വേളയി-
ലെന്തുമാതിരിയുത്സാഹമാർന്നിടും!
എന്തിലുമൊരു കൗതുകം തോന്നിടും
ഏതിനും നിറപുഞ്ചിരികൊണ്ടിടും,
ആ നിറവിലെയോണപ്പൊലിമയിൽ
പൂവണിയട്ടെ സ്നേഹവാത്സല്യങ്ങൾ!



വര: സചീന്ദ്രൻ കാറഡുക്ക

# കുമിള

പി പി രാമചന്ദ്രൻ

അച്ഛൻ പണികഴിഞ്ഞെത്തിയാൽ കുഞ്ഞിനെ
മുത്തമിടാൻ ഓടിയെത്തും
അപ്പൊഴേയ്ക്കമ്മ തടുക്കും: 'കൈ സോപ്പിട്ടു
വൃത്തിയാക്കീട്ടേ തൊടാവൂ!'

സോപ്പിട്ടിടയ്ക്കിടെ കൈ കഴുകീല്ലെങ്കിൽ
ചീത്തവിളിക്കുമെല്ലാരേം
കാരണമെന്തെന്നു ചോദിച്ചാൽ, അമ്മ 'കൊ-
റോണ'യെന്നെല്ലാം പറയും.

കുന്തമുനയ്ക്കൊത്തു ചുറ്റിലും മുള്ളുള്ള
പന്തുപോലുള്ളതാണത്രേ
വായിലും മൂക്കിലും കേറുമത്രേ, പ്രാണ
വായുകിട്ടാതെ മരിക്കുമത്രേ!

സോപ്പിൻപതയിട്ടു കൈ കഴുകുന്നേരം
കൂട്ടിപ്പിടിച്ചു കുഴൽപോൽ
എന്നിട്ടതിലൂടെ ഊതിയപ്പോളതാ
പൊങ്ങുന്നു നൂറു കുമിള!

''മാരിവിൽ മിന്നും കുമിളയിലൊന്നിൽ നാം
കേറിയിരുന്നെങ്കിലമ്മേ,
കീടാണു തോറ്റു തുലഞ്ഞുപോം, നമ്മൾക്കു
പേടികൂടാതങ്ങു വാഴാം!''

പൊങ്ങും കുമിളകൾ നോക്കിനിന്നിട്ടമ്മ
ചൊന്നതിന്നർത്ഥമെന്താവോ:
''സോപ്പുകുമിളയീ ഭൂമിയും- ആയതിൽ
പാർക്കുമീ നമ്മുടെ വാഴ്വും.''



വര: ടി ആർ രാജേഷ്

കഥ

# കൊറോണ വൈറസും ക്ലാസ്മുറിയും

**ചന്ദ്രമതി**

കോവിഡ് എന്ന മഹാമാരി വന്നത് മഹാനഷ്ടമായെന്ന് ജിനേഷിന് തോന്നിത്തുടങ്ങിയത് ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങിയതിനുശേഷമാണ്. കുറേ നാളായി ജിനേഷിന്റെ വീട്ടിൽ മുഴങ്ങുന്ന പേരാണ് കോവിഡ്. ആദ്യമൊന്നും അവന് അത് എന്താണെന്ന് മനസ്സിലായതേയില്ല. ആൾക്കാരെ കൊന്നു കൊന്ന് തള്ളുന്ന ഒരു വലിയ അസുഖമാണെന്നു മാത്രം മനസ്സിലായി. പിന്നെ അച്ഛന്റെ കമ്പ്യൂട്ടറിൽ ജിനേഷ് വൈറസിന്റെ പടം കണ്ടു. നെല്ലിക്കപോലെ പുറത്ത് മുള്ളൻപന്നി മുള്ളുകളുമായി ഒരു പന്ത്! ജിനേഷ് ഓടിപ്പോയി തന്റെ കളിപ്പാട്ടപെട്ടി തുറന്ന് പരതിയപ്പോൾ അതുപോലൊരു മുള്ളൻപന്ത് കൈയിൽ കിട്ടി. അമ്പലപ്പറമ്പിൽ നിന്ന് അച്ഛൻ വാങ്ങിത്തന്നതാണ്. അതിനൊരു ചെറിയ വാലും വാലിനറ്റത്ത് പിടിക്കാൻ വളയവുമുണ്ട്. വളയത്തിൽ വിരൽ കടത്തി മുകളിലേക്കും താഴേക്കും ചലിപ്പിച്ചാൽ പന്തിന്റെ ഉള്ളിൽ നിറമുള്ള വെളിച്ചമുണ്ടാകും. നിലത്ത് ശക്തിയിൽ എറിഞ്ഞാലും വെളിച്ചം മിന്നിമിന്നി കുറച്ചു നേരം പ്രകാശിക്കും.



വര: ഈശ്വരൻ നമ്പൂതിരി

''ഇതാണ് കൊറോണ വൈറസ്'' അവൻ കളിപ്പാട്ടം അച്ഛനമ്മമാരെ കാണിക്കുകയും അവർ ചിരിക്കുകയും ചെയ്തു. അടുക്കളയിൽ പാത്രം കഴുകാനും വീട് വൃത്തിയാക്കാനും വരുന്ന ജഗദമ്മചേച്ചി മാത്രം ചിരിച്ചില്ല.

''വേണ്ട മോനെ,'' അവർ പറഞ്ഞു: ''കളിക്കുപോലും ആ നാശംപിടിച്ച വാക്ക് പറയരുത്. ലോകം മുഴുവൻ നശിപ്പിക്കാൻ പിറന്നതാണവൻ.''

ജിനേഷ് ചെറുതായൊന്നു പേടിച്ചുവെങ്കിലും അച്ഛനും അമ്മയും അവനെ ആശ്വസിപ്പിച്ചു. നമ്മൾ വൃത്തിയോടെ പെരുമാറിയാൽ കോവിഡ് അടുത്തു വരില്ലെന്നവർ പറഞ്ഞു. വീട്ടിൽ സാനിറ്റൈസറുകൾ പ്രത്യക്ഷപ്പെട്ടു. അത് സ്പ്രേ ചെയ്തു കളിക്കാൻ ജിനേഷിന് ഇഷ്ടമായിരുന്നു.

ആരും കാണാത്തപ്പോഴൊക്കെ അവൻ അത് ചെയ്യുകയും ചെയ്തു. അച്ഛൻ വാങ്ങിയ മാസ്ക്കുകളിൽ ഒരെണ്ണം അവന് കളിക്കാൻ കൊടുത്തിരുന്നു. അതുകെട്ടി സാനിറ്റൈസർ കുപ്പിയുമെടുത്ത് അവൻ പറഞ്ഞു– ''ധൈര്യമുണ്ടോ കൊറോണ, എന്റെ മുന്നിൽ വരാൻ?''

ഒരു സോപ്പുപെട്ടിയും ഉള്ളിൽ ചുവന്ന ഒരു സോപ്പും വരാന്തയിലെ സ്ലാബിന്റെ കോണിൽ അമ്മ കൊണ്ടുവച്ചു. രാവിലെ വന്ന ജഗദമ്മചേച്ചിയോട് അമ്മ പറഞ്ഞു. ''ഇന്നുമുതൽ ഈ സോപ്പിട്ട് കൈയും കാലും കഴുകിയിട്ടേ വീട്ടിൽ കയറാവൂ. ഞങ്ങളും പുറത്തുപോയി വന്നാൽ അതു ചെയ്തേ കയറൂ.''

''കാലത്തെ മാസ്ക് വയ്ക്കാത്തതിന് ഒരു പോലീസുകാരൻ വഴക്കു പറഞ്ഞു.'' ജഗദമ്മചേച്ചി പറഞ്ഞു.

തോട്ടത്തിലെ ചെടിനനയ്ക്കാനുള്ള പൈപ്പുതുറന്ന് വെള്ളമെടുത്ത് കൈയും കാലും സോപ്പിട്ട് കഴുകി വൃത്തിയാക്കിയിട്ട് അകത്ത് കയറുന്ന പതിവ് അന്നുമുതൽ അവർ ആരംഭിച്ചു. മാസ്ക് കെട്ടാനും തുടങ്ങി. അച്ഛൻ ഓഫീസിൽ പോകുമ്പോഴും മാസ്ക് കെട്ടും. അച്ഛൻ ഓഫീസ് വിട്ട് വന്നാലും കൈയും കാലും കഴുകുന്നതും കണ്ടു. മറന്നുപോയാൽ ഓർമിപ്പിക്കാൻ അവൻ ആ സമയത്തു മുൻവശത്തെ വരാന്തയിലിരുന്ന് കളിക്കുക പതിവാക്കി.

''അമ്മേ ഈ വീക്കെന്റിൽ യൂണിഫോം വാങ്ങാമെന്നു പറഞ്ഞത് മറന്നുപോയോ?'' ജിനേഷ് ചോദിച്ചു. ''ബാഗ്, ഷൂസ്, കുട, വാട്ടർബോട്ടിൽ ഒക്കെ വാങ്ങണ്ടേ?''

''വേണ്ട മോനേ.'' അമ്മ പറഞ്ഞു. ഈ വൈറസ് ഇങ്ങനെ പടരുന്നതുകാരണം ഉടനെയൊന്നും സ്കൂൾ തുറക്കുമെന്നു തോന്നുന്നില്ല.'' അമ്മ പറഞ്ഞു.

**കൊറോണ വൈറസ് കരുത്താർജിച്ചു വരികയാണെന്ന് വീട്ടുസംസാരങ്ങളിൽ നിന്ന് ജിനേഷ് മനസ്സിലാക്കി. ലോകത്തെ പല രാജ്യങ്ങളിലും ആൾക്കാർ മരിക്കുന്നു. നമ്മുടെ നാട്ടിലും അതുതന്നെ സംഭവിക്കുന്നു.**

ജിനേഷിന് തുള്ളിച്ചാടാനാണ് ആദ്യം തോന്നിയത്. സ്കൂളിനോട് അവന് ഇഷ്ടമില്ലാത്തതുകൊണ്ടല്ല. സ്കൂൾ ബസ് നേരത്തെ വരുന്നതുകൊണ്ട് അവനും നേരത്തെ എഴുന്നേൽക്കണം. എന്നും രാവിലെ അമ്മയുടെ ശകാരവും ചിലപ്പോൾ ചെറിയ തല്ലും ഒക്കെ കിട്ടിയാലേ അവനെഴുന്നേൽക്കൂ. അതിരാവിലെ ആഹാരം കഴിക്കുന്നതെങ്ങനെയാണ്? അമ്മയ്ക്കു പറഞ്ഞാൽ മനസ്സിലാവില്ല. അതിനു വഴക്കായി. യൂണിഫോം തേക്കാത്തതിന് അമ്മ അച്ഛനു വഴക്കുകൊടുക്കുന്നതും ചില ദിവസങ്ങളിൽ കേൾക്കാം. യൂണിഫോമും ഷൂസുമിട്ട് ഐഡി കാർഡ് കഴുത്തിൽ തൂക്കി അച്ഛന്റെ കൈപിടിച്ച് ജംഗ്ഷനിലേക്കു നടക്കുമ്പോൾ മിക്കദിവസവും ജിനേഷ് കരയുന്നുണ്ടാവും. ഇതൊക്കെ സഹിച്ച് ബസ്സിൽ കയറിയിരുന്നാലോ? അത് പട്ടണം മുഴുവൻ ചുറ്റിയേ സ്കൂളിലെത്തൂ.

തിങ്കൾ മുതൽ വെള്ളി വരെയുള്ള പ്രഭാതങ്ങളെ അവൻ ഭയന്നു. അച്ഛൻ അവന് 'ടോം സോയർ' എന്ന ഒരു കുട്ടിയുടെ കഥ വായിച്ചു കൊടുത്തിട്ടുണ്ട്. ആ കുട്ടിക്ക് എല്ലാ തിങ്കളാഴ്ചയും രാവിലെ വയറുവേദനയോ മറ്റെന്തെങ്കിലുമോ അസുഖം വരും. ചുമ്മാ ആ കുട്ടി അഭിനയിക്കുകയാണേ. ശനിയും ഞായറും അടിച്ചുപൊളിച്ചിട്ട് തിങ്കളാഴ്ച സ്കൂളിൽ പോകാൻ ആർക്കായാലും മടിവരില്ലേ? ടോം സോയറിനെ അച്ഛന് അറിയാവുന്നതുകൊണ്ട് ജിനേഷിന് അവനെപ്പോലെ അഭിനയിക്കാനും പറ്റില്ല.

അതൊക്കെക്കൊണ്ടാണ് ഉടനെ സ്കൂൾ തുറക്കില്ല എന്ന അമ്മപ്രസ്താവന അവന് സന്തോഷം പകർന്നത്.

പക്ഷേ സ്കൂൾജീവിതം ജിനേഷിന് ഇഷ്ടമാണ്. കൂട്ടുകാർ.. ക്ലാസ്.. ടീച്ചർമാർ.. പാട്ട്.. പഠിത്തം.. കഥകൾ.. കളികൾ.. കുസൃതികൾ.. ചില്ലറ വഴക്കുകൾ.. അതൊക്കെ കൊള്ളാം. പക്ഷേ സ്കൂളിലേക്കുള്ള യാത്രയും യാത്രയ്ക്കു മുമ്പുമാണ് പ്രശ്നങ്ങൾ.

കൊറോണ വൈറസ് കരുത്താർജിച്ചു വരികയാണെന്ന് വീട്ടുസംസാരങ്ങളിൽ നിന്ന് ജിനേഷ് മനസ്സിലാക്കി. ലോകത്തെ പല രാജ്യങ്ങളിലും ആൾക്കാർ മരിക്കുന്നു. നമ്മുടെ നാട്ടിലും അതുതന്നെ സംഭവിക്കുന്നു.

ലോക്ക്ഡൗൺ എന്നൊരു പുതിയ വാക്കും ജിനേഷ് പഠിച്ചു. കടകൾ തുറക്കില്ല. ഓഫീസുകൾ അടയ്ക്കും.

ലോക്ക്ഡൗണിന്റെ ഭീതി വന്നാലുടനെ അച്ഛനും അമ്മയും പോയി അവശ്യസാധനങ്ങളെല്ലാം വാങ്ങിവരും. അവരോടൊപ്പം ഷോപ്പിങ്ങിനുപോകാൻ ജിനേഷിന് ഇഷ്ടമാണ്. പക്ഷേ

പത്തുവയസ്സിനു താഴെയുള്ള കുട്ടികളെയും അറുപതുവയസ്സുകഴിഞ്ഞ അപ്പൂപ്പൻ അമ്മൂമ്മമാരെയും പുറത്തുകൊണ്ടുപോയാൽ പോലീസ് വിരട്ടുമെന്ന് അച്ഛൻ പറഞ്ഞു. ജഗദമ്മചേച്ചി വീട്ടിൽ പോകുന്ന സമയത്തിനു മുമ്പുതന്നെ അച്ഛനും അമ്മയും സാധനങ്ങൾ വാങ്ങി എത്തുന്നതുകൊണ്ട് അവൻ തനിച്ചായില്ല.

എങ്കിലും ആകെയൊരു മടുപ്പ് അവന് അനുഭവപ്പെട്ടു. കൂട്ടുകാരൊക്കെ എന്തുചെയ്യുകയാവും? മിക്ക കൂട്ടുകാർക്കും ചേട്ടനോ ചേച്ചിയോ അനിയനോ അനിയത്തിയോ ഒക്കെ ഉണ്ട്. ജിനേഷ് തനിച്ചാണ്; ആരുമില്ല. നേരെ എതിരെയുള്ള വീട്ടിൽ മൂന്നു കുട്ടികളുണ്ട്. അവർ കളിക്കുന്നതും തല്ലുകൂടുന്നതും കപ്പലണ്ടിവണ്ടിക്കാരനു പിന്നാലെ ഓടുന്നതും ജിനേഷ് ടെറസ്സിൽ നിന്നും കാണാറുണ്ട്. അവർ മൂന്നുപേരും ഒറ്റക്കെട്ടായതുകൊണ്ട് ജിനേഷിനോടൊപ്പം കളിക്കാൻ വരാറില്ല; ജിനേഷിനെ അങ്ങോട്ട് അച്ഛനമ്മമാർ വിടാറുമില്ല.

മടുപ്പ് ശക്തമാകാൻ തുടങ്ങിയത് ജഗദമ്മചേച്ചി വരാതെയായതുമുതലാണ്. ചേച്ചി വേറെ ഒരു വീട്ടിൽകൂടി ക്ലീനിങ്ങിന് പോകാറുണ്ട്. അവിടത്തെ ഒരമ്മൂമ്മയ്ക്ക് പനിയും തലവേദനയുമാണെന്ന് ജഗദമ്മചേച്ചി പറഞ്ഞപ്പോൾ അമ്മ പറഞ്ഞു: ''ജഗദാ, ഇനി ഞാൻ വിളിച്ചതിനുശേഷം വന്നാൽ മതി.'' ജഗദമ്മചേച്ചി കരഞ്ഞുകൊണ്ടാണ് പോയത്. പിന്നെ അവർ തന്നെ വിളിച്ചു പറഞ്ഞു, ആ അമ്മൂമ്മയ്ക്ക് കോവിഡാണ്, ആശുപത്രിയിൽ കൊണ്ടുപോയെന്ന്.

''പറഞ്ഞുവിട്ടത് നന്നായില്ലേ?'' അമ്മ അച്ഛനോട് ചോദിച്ചു. ''ജഗദമ്മയോട് ക്വാറന്റയിനിൽ ഇരിക്കാൻ ആരോഗ്യപ്രവർത്തകർ പറഞ്ഞുവത്രേ.''

''ഇനി ഈ ബഹളമൊക്കെ ഒതുങ്ങുന്നതുവരെ നമുക്ക് ജോലിക്കാർ വേണ്ട.''

ജിനേഷിന് ക്വാറന്റയിൻ എന്നൊരു വാക്കുകൂടി വീണു കിട്ടി. അച്ഛനോട് ചോദിച്ച് അവൻ അതിന്റെ അർഥവും മനസ്സിലാക്കി.

അമ്മയുടെ ജോലിഭാരം കൂടിയപ്പോൾ ജിനേഷ് വല്ലാതെ ഒറ്റപ്പെട്ടു. അടുക്കളയിൽ എന്തെങ്കിലും പറയാനോ കളിക്കാൻ ക്ഷണിച്ചാലോ അമ്മ ദേഷ്യപ്പെടും. അച്ഛന്റെ ഓഫീസ് അടച്ചുവെന്ന് അറിഞ്ഞപ്പോൾ ജിനേഷ് സന്തോഷിച്ചു. അച്ഛൻ അങ്ങനെ ദേഷ്യപ്പെടാറില്ല. ജിനേഷിന്റെ ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും അമ്മമാരാണ് വഴക്കുപറയുന്നതും അടിക്കുന്നതും. അച്ഛന്മാർ പൊതുവേ നല്ലവർ. പക്ഷേ അച്ഛന്മാർക്ക് ദേഷ്യം വന്നാൽ അത് ഭയങ്കരമായിരിക്കും. അവർക്ക് അങ്ങനെ ദേഷ്യം വരാത്തത് ഭാഗ്യം.

പക്ഷേ അച്ഛന് അമ്മയുടെ ജോലിഭാരം പങ്കിടേണ്ടി വന്നു. അടുക്കളയിൽ പെരുമാറുകയും മുറികൾ അടിച്ചുവാരുകയും ബാത്റൂം കഴുകുകയുമൊക്കെ ചെയ്യുന്ന അച്ഛന് ജിനേഷിന്റെ കൂടെ കളിക്കാൻ എവിടെ സമയം?



''ഓഫീസ് ഒന്ന് തുറന്നുകിട്ടിയാൽ മതിയായിരുന്നു'' എന്ന് അച്ഛൻ അമ്മ കേൾക്കാതെ പിറുപിറുക്കുന്നത് ജിനേഷ് കേട്ടിട്ടുണ്ട്.

അങ്ങനെ ആകെ ഉത്സാഹം കെട്ട് വരയും വായനയും ടിവി ഷോയും മടുത്ത് ജിനേഷ് ചടഞ്ഞുകൂടി തുടങ്ങിയപ്പോഴാണ് കാത്തിയുടെ വരവ്.

''ങ്യാവൂ...'' കാത്തി പറഞ്ഞു.

കാത്തിയോടൊപ്പം അവളുടെ അമ്മയും ഉണ്ടായിരുന്നു. വീടിനു പിന്നിലെ ബിന്ദു ആന്റിയുടെ വീട്ടിൽ അമ്മപ്പൂച്ച പ്രസവിച്ചു കിടക്കുമ്പോൾ കുഞ്ഞുങ്ങളെ കാണാൻ ജിനേഷ് ടെറസ്സിൽ കയറി നിൽക്കുമായിരുന്നു. രണ്ട് പൂച്ചക്കുട്ടികൾ ഉണ്ടായിരുന്നു അവിടെ. വെളുത്ത കുഞ്ഞിനെ കണ്ടൻ പൂച്ച കൊന്നു. കറുത്ത കുട്ടിയുമായി അമ്മ ഒളിവിൽപ്പോയി. ആ കുട്ടിക്ക് ജിനേഷ് ഇട്ടുകൊടുത്ത പേരാണ് കാത്തി. അച്ഛൻ വായിച്ചുതന്ന ഒരു നാടോടിക്കഥയിൽ ഉള്ള പെൺകുട്ടിയുടെ പേരായിരുന്നു കാത്തി.

''കാത്തീ, നീ എന്താ ഇവിടെ?'' ജിനേഷ് ചോദിച്ചു. കാത്തി വന്ന വിവരം അവൻ അച്ഛനെയും അമ്മയേയും അറിയിച്ചു.

''പൂച്ചയെ തൊടരുത്.'' അമ്മ പറഞ്ഞു.

''പന്ത് എറിഞ്ഞുകൊടുത്ത് കളിക്കുകയോ മറ്റോ ചെയ്തോളൂ. അകത്ത് നിന്ന് കളിച്ചാൽ മതി.''

''സോഷ്യൽ ഡിസ്റ്റൻസിങ്'' എന്നുപറഞ്ഞ് അച്ഛൻ ചിരിച്ചു.

''എന്നുവച്ചാൽ എന്താ അച്ഛാ?''

''കോവിഡ് പകരാതിരിക്കാൻ നമ്മൾ മറ്റുള്ളവരുടെ അടുത്തു ചെല്ലാൻ പാടില്ല. അകലം പാലിക്കണം. അതാണ് സോഷ്യൽ ഡിസ്റ്റൻസിങ്.''

കൊറോണ വൈറസ് വന്നതിൽപ്പിന്നെ എത്ര വാക്കുകൾ പഠിച്ചുവെന്ന് ജിനേഷ് ഓർത്തു. സ്കൂൾ തുറക്കുമ്പോൾ ഇതൊക്കെ ക്ലാസ്സിലിറക്കി ഷൈൻ ചെയ്യണം. പക്ഷേ മറ്റു കുട്ടികളും ഇതൊക്കെ പഠിച്ചിട്ടുണ്ടെങ്കിൽ ഒന്നും നടക്കില്ല.

**കൊറോണ വൈറസ് വന്നതിൽപ്പിന്നെ എത്ര വാക്കുകൾ പഠിച്ചുവെന്ന് ജിനേഷ് ഓർത്തു. സ്കൂൾ തുറക്കുമ്പോൾ ഇതൊക്കെ ക്ലാസ്സിലിറക്കി ഷൈൻ ചെയ്യണം. പക്ഷേ മറ്റു കുട്ടികളും ഇതൊക്കെ പഠിച്ചിട്ടുണ്ടെങ്കിൽ ഒന്നും നടക്കില്ല.**

കാത്തി വന്നതിൽപ്പിന്നെ ജിനേഷിന് നഷ്ടപ്പെട്ട ഉത്സാഹം തിരികെ വന്നു. അവൾക്കും അമ്മയ്ക്കും പാലുകൊടുക്കുക. മീൻമുള്ളു കലർത്തിയ ചോറു കൊടുക്കുക. അങ്ങനെ ജിനേഷിനും ഉത്തരവാദിത്തങ്ങൾ വന്നു. അവന് കളിക്കാനും കൂട്ടായി!

അപ്പോഴാണ് ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങിയത്!

ജിനേഷിന്റെ സന്തോഷം പറയാൻ വയ്യാത്തതായിരുന്നു. കൂട്ടുകാരെയൊക്കെ കാണാമല്ലോ. കളിക്കാമല്ലോ. പാട്ടു പാടി രസിക്കാമല്ലോ. സിനിമാക്കഥകൾ പറയാമല്ലോ. അവൻ കാത്തിയോടു പറഞ്ഞു:

''കാത്തീ, നാളെ എനിക്ക് ഓൺലൈൻ ക്ലാസ്സുണ്ട്. രാവിലെ രണ്ട് ക്ലാസ്സ്. അത്രേയുള്ളൂ. അതുകഴിഞ്ഞാൽ നമുക്ക് കളിക്കാം കേട്ടോ. എനിക്ക് ഫ്രണ്ട്സിനെ കാണാൻ തിടുക്കമായി. കഴിഞ്ഞവർഷം എന്നെ നുള്ളിയ സജനയ്ക്ക് അത് തിരിച്ചുകൊടുക്കണം. പിന്നെ, ആദിത്യ, ബർത്ത്ഡേയ്ക്ക് എനിക്ക് രഹസ്യമായി രണ്ട് മിഠായി തന്നു. അച്ഛന്റെ ഫ്രണ്ടു കൊടുത്ത മിഠായി പാക്കറ്റ് ഫ്രിഡ്ജിലിരിക്കയാണ്. അതീന്ന് എടുത്തോണ്ടുപോയി ആദിത്യയ്ക്ക് കൊടുക്കണം. എനിക്ക് ആദിത്യയെ വല്യ ഇഷ്ടമാ. എന്റെ ബെസ്റ്റ് ഫ്രണ്ടാ.''

കാത്തി ജിനേഷിന്റെ കാലിൽ നഖംകൊണ്ട് നോവാതെ മാന്തി.

''നീയും ബെസ്റ്റ് ഫ്രണ്ടാ കാത്തീ. ഇവിടത്തെ ബെസ്റ്റ് ഫ്രണ്ട്.'' അവൻ പൂച്ചയെ ആശ്വസിപ്പിച്ചു.

വലിയ പ്രതീക്ഷയുമായി ഓൺലൈൻ ക്ലാസ്സിനായി അച്ഛന്റെ ലാപ്ടോപ്പിനു മുന്നിലിരുന്ന ജിനേഷിന്റെ മുന്നിൽ ചതുരങ്ങളിൽ കൂട്ടുകാർ വന്നു. പലരും ഉറക്കം ഉണർന്നതേയുള്ളൂവെന്ന മട്ടിൽ കോട്ടുവായിടുന്നുണ്ടായിരുന്നു. ''ആദിത്യ, മാത്യൂസ്, ശില്പ...'' ജിനേഷ് വിളിച്ചു.

''നീ വിളിച്ചാൽ അവർ കേൾക്കില്ല.'' അച്ഛൻ പറഞ്ഞു .

''ടീച്ചർ വന്ന് ഓണാക്കട്ടെ.''

അപ്പോഴേക്കും ടീച്ചർ വന്ന് സംസാരിക്കാൻ തുടങ്ങി. വെക്കേഷൻ എങ്ങനെ ആസ്വദിച്ചു എന്ന് പറയാൻ അവർ ആവശ്യപ്പെട്ടു. ആരോ സംസാരിക്കുന്നതിനിടയിൽ ജിനേഷ് വിളിച്ചു– ''ആദിത്യ...''

''ജിനേഷ്, മ്യൂട്ട് യുവർ മൈക്രോഫോൺ.'' ടീച്ചർ കുപിതയായി.

അച്ഛൻ വേഗം മൈക്ക് ഓഫ് ചെയ്തു.

''ഞാൻ പറഞ്ഞിട്ടേ അൺമ്യൂട്ട് ചെയ്യാവൂ.'' ടീച്ചർ ആജ്ഞാപിച്ചു.

അച്ഛൻ ദേഷ്യത്തിൽ അവനെ നോക്കി. ''നിനക്ക് ഇത്തിരി നേരം അടങ്ങിയിരുന്നുകൂടെ? ആ കുട്ടി പറയുന്നത് ശ്രദ്ധിക്ക്. നിന്നോടും ചോദിക്കും. ഉത്തരം റെഡിയാക്കി വച്ചോ. അവധിക്കാലം എങ്ങനെ ആസ്വദിച്ചു...''

കൊറോണ വൈറസ് കാരണം ആസ്വദിച്ചില്ലായെന്ന് പറയുമെന്ന് അവൻ മനസ്സിലുറച്ചു. പക്ഷേ ടീച്ചർ അവനോട് ചോദിച്ചതേയില്ല.

ചതുരങ്ങളിൽ ബന്ധിതരായ കൂട്ടുകാരെ, സംസാരിക്കാനോ കളിക്കാനോ കിട്ടാത്തത് ജിനേഷിനെ അസ്വസ്ഥനാക്കി. കൊറോണ എന്ന മഹാമാരി ഇല്ലായിരുന്നുവെങ്കിൽ സ്കൂളിൽ പോകാമായിരുന്നു. ഓടിക്കളിക്കാമായിരുന്നു. എന്തെല്ലാം ചെയ്യാമായിരുന്നു!

ദിവസങ്ങൾ പോകേ ജിനേഷിന് ഓൺലൈൻ ക്ലാസ്സ് മടുത്തുതുടങ്ങി. ചില ടീച്ചർമാരൊക്കെ രസകരമായി ക്ലാസ്സെടുക്കുന്നുണ്ട്. പക്ഷേ ആകെക്കൂടി ഒരു ജീവനില്ല. ഇനി ശരിക്കുള്ള ക്ലാസ്സുകൾ തുടങ്ങുമ്പോൾ താൻ നേരത്തെ എഴുന്നേറ്റ് കുളിച്ച് റെഡിയായി ആഹാരവും കഴിച്ച് ചിരിച്ചുകൊണ്ട് ബസ്സിലേക്ക് നടക്കുമെന്ന് അവൻ തീരുമാനിച്ചു. ഇനി അമ്മയെക്കൊണ്ട് പരാതി പറയിക്കില്ല.


കാത്തി സ്വന്തം അമ്മയുടെ വാൽപിടിക്കാൻ ശ്രമിക്കുകയായിരുന്നു. അമ്മ വാലുയർത്തി കുടപോലെ നിർത്തിയതു കാരണം ചാടിനോക്കിയിട്ടും അവൾക്കതിന് കഴിയുന്നില്ല.

''ഇതുപോലെയാണ് എന്റെ ക്ലാസ്സും.'' ജിനേഷ് കാത്തിയോടു പറഞ്ഞു. ''കൂട്ടുകാരെ കാണാം. പക്ഷേ സംസാരിക്കാൻ ഒക്കുന്നേയില്ല. നിനക്ക് വാല് കാണാമെങ്കിലും പിടിക്കാൻ പറ്റുന്നില്ലല്ലോ.''

അമ്മപ്പൂച്ച പെട്ടെന്ന് വാൽ താഴ്ത്തിക്കൊടുത്തു. പക്ഷേ അപ്പോൾ കാത്തിക്ക് അതിൽ രസം തോന്നിയില്ല. അവൾ ഓടിവന്ന് ജിനേഷിന്റെ മടിയിലേക്ക് ചാടിക്കയറി. തന്റെ അമ്മ കാണുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ട് ജിനേഷ് കാത്തിയെ തലോടി.

''ഞാൻ പന്തെടുത്തു തരാം.'' അവൻ പറഞ്ഞു. ''നമുക്ക് ഓടിക്കളിക്കാം; പന്തുകളിക്കാം; ഒളിച്ചുകളിക്കാം. കളിയില്ലാതെ എന്തു സ്കൂളാണ്, അല്ലേ കാത്തി?'' കാത്തിയെ നിലത്തിറക്കിയിട്ട് ജിനേഷ് പന്തെടുക്കാൻ അകത്തേക്ക് ഓടി.





# ഒരു കടംകഥ

വി എം ഗിരിജ





മണ്ണിലടിഞ്ഞൊരു പൊളിഞ്ഞ തോണി
കറുത്ത തോണിയിൽ ആയിരം ആൽമരം
അതിന്നു പേരറിയാമോ?

ചെളിയിൽ പൂണ്ടൊരു കറുപ്പുതോണി;
അതിന്നു പച്ചിലകൊണ്ടൊരു പന്തൽ,
അറുപതു നൂറും വെള്ളത്തൂണുകൾ
അതിന്നു മുകളിലൊരീരില മേൽപ്പുര
അതിന്റെ പേരറിയാമോ?

തോണിക്കുള്ളിലെ വെള്ളപ്പട്ടിൽ
മീനം വെച്ചൊരു കറുത്ത കല്ലുകൾ
ആര് വലിച്ചീ ചെളിയിലെറിഞ്ഞു
മഴയോ മരതകമാക്കീ?

ഇലവുംതിട്ടയിലുത്തരമുണ്ട്,
പൂളമണ്ണയിൽ ഉത്തരമുണ്ട്

ഉന്നം നിറച്ച കോസറിയിൽ
ചെന്നൊന്നു കിടന്നിട്ടാലോചിക്കൂ;
തണുപ്പകറ്റും വെളുത്തിരിക്കും
അടുത്തുചെന്നാൽ തുമ്മും കേട്ടോ.

മണ്ണിൽ ചെളിയിൽ വഴിയിൽ നിന്നും
ഇടവപ്പാതി മുളപ്പിച്ചോളെ,
നിങ്ങൾ കണ്ടുപിടിച്ചില്ലെങ്കിൽ
കടം കുടിക്കണം അറുപതു വട്ടം.

കഥ

# കുള്ളന്റെ കഥ

ഗ്രേസി

മട്ടുപ്പാവിലേക്കുള്ള വാതിൽ ഹരിശങ്കർ മലർക്കെ തുറന്നു. പുറത്ത് പരുങ്ങിനിന്ന കാറ്റ് ഒരൊറ്റക്കുതിപ്പിന് അകത്തുകയറി. സ്വീകരണമുറി കൂടുതൽ തെളിച്ചമുള്ളതായി. അന്നേരം ആരോ കരഞ്ഞു.

''അയ്യോ! കുഞ്ഞേ! വാതിലടയ്ക്ക്! എനിക്കിത്രേം കാറ്റും വെളിച്ചോമൊന്നും പാടില്ല!''

ഹരിശങ്കർ അമ്പരന്ന് ചുറ്റും നോക്കി. ആരേയും കണ്ടില്ല. അവൻ മുട്ട് കുത്തിയിരുന്ന് സെറ്റിയുടെ അടിയിലും പരതി. ഇല്ല, ആരുമില്ല. വെറുതേ തോന്നിയതാവുമെന്ന് ഹരിശങ്കർ നെടുവീർപ്പിട്ടു. അപ്പോൾ അതേ ശബ്ദം വീണ്ടും കേട്ടു.

''കുഞ്ഞേ! ഇവിടെ നോക്ക്!''

അമ്മ ഇന്നലെ ഓഫീസിൽ നിന്ന് വന്നപ്പോൾ കൊണ്ടുവന്ന ചെടിച്ചട്ടിയാണ് മൂലയിലിരിക്കുന്നത്. അതിൽ ഒരു കുഞ്ഞൻ പേരാൽ മരമല്ലാതെ ഒന്നുമില്ല.



ചെടികൾ സംസാരിക്കുമോ? ഇല്ല! ചെടിച്ചട്ടികളോ? തീരേയുമില്ല! അപ്പോൾപ്പിന്നെ ആര് എന്ന് ഹരിശങ്കർ നെറ്റിചുളിച്ചു. പിന്നെയും അവൻ ചെടിച്ചട്ടിയിലേക്ക് നോക്കുകതന്നെ ചെയ്തു.

കുഞ്ഞൻപേരാൽ ഒരു നെടുവീർപ്പിട്ടു.

''സംശയിക്കണ്ട! ഞാൻ തന്നെയാ വിളിച്ചത്!''

അവൻ ചെടിച്ചട്ടിയുടെ മുന്നിൽ ചമ്രം പടിഞ്ഞിരുന്ന് കുഞ്ഞൻമരത്തെ സൂക്ഷിച്ചു നോക്കി. വായും കണ്ണും മൂക്കുമൊന്നുമില്ലാത്ത മരം. എന്നിട്ടും അത് കാണുകയും സംസാരിക്കുകയും ചെയ്യുന്നു! അവന് ആകെ രസം പിടിച്ചു. ഒന്നിളകിയിരുന്ന് മുഖം കുഞ്ഞൻമരത്തിന്റെ നേർക്ക് കുനിച്ച് അവൻ ചോദിച്ചു.

''എന്തുകൊണ്ടാണ് കാറ്റും വെളിച്ചവുമൊന്നും വേണ്ടാന്ന് പറഞ്ഞത്?''

കുഞ്ഞൻമരം മറുപടി പറയാതെ ഒരു മറുചോദ്യം ചോദിച്ചു. ''നിങ്ങൾ മനുഷ്യർ എന്നോട് എത്ര വലിയ ദ്രോഹമാണ് ചെയ്തതെന്ന് അറിയാമോ?''

ഹരിശങ്കർ പരിഭ്രമിച്ചു

''അയ്യോ! അമ്മ കാലത്തു വെള്ളം തന്നില്ലേ?''

കുഞ്ഞൻമരം സങ്കടപ്പെട്ടു.

''ഓ! എനിക്കാകെ അഞ്ചാറ് തുള്ളി വെള്ളം മതീല്ലോ!''

ഹരിശങ്കറിന് അത്ഭുതമായി.

''അതെന്താ അങ്ങനെ?''

കുഞ്ഞൻമരം തെല്ലുനേരം മൂകനായി നിന്നു. പിന്നെ വിഷാദിച്ചു.

''ഞാൻ ഈ ചട്ടിയിലല്ലായിരുന്നെങ്കിൽ! മണ്ണിൽ വേരു

പടർത്തി ആകാശത്തേക്കു തലയുയർത്തി നിൽക്കുമായിരുന്നു. ഞാൻ എത്ര നല്ലൊരു തണൽമരമായേനേ! എത്രയോ പക്ഷികൾ എന്റെ പഴങ്ങൾ കൊത്തിത്തിന്നുകയും എന്റെ ചില്ലകളിൽ കൂട് കൂട്ടുകയും ചെയ്യുമായിരുന്നു! അവരുടെ പാട്ടുകേട്ട് ഞാനെത്ര സന്തോഷിക്കുമായിരുന്നു!''

ഹരിശങ്കറിന്റെ കണ്ണുകളിൽ സങ്കടം നിറഞ്ഞുവന്നു.

''കഷ്ടം! ആരാണ് നിന്നെ ഈ ചട്ടിയിലാക്കിയത്?''

കുഞ്ഞൻമരം ഓർക്കാൻ ശ്രമിച്ചു. ഒടുവിൽ നിരാശയോടെ പറഞ്ഞു.

''ആവോ! ആരോ ഒരാൾ! കുഞ്ഞായിരിക്കുമ്പോൾ എന്നെ മണ്ണിൽനിന്നിളക്കിയെടുത്തു. എന്റെ തായ്‌വേര് മുറിച്ചുകളഞ്ഞ് ചട്ടിയിലാക്കി. ചാക്കുനൂലുകൊണ്ട് വരിഞ്ഞുമുറുക്കി ശ്വാസം മുട്ടിച്ചു. പതുക്കെപ്പതുക്കെ ഞാനിങ്ങനെയൊരു കുള്ളനായി. ഇനി എന്നെ എന്തിന് കൊള്ളാം? ഇങ്ങനെ നിന്നുനിന്ന് ഞാനങ്ങില്ലാതെയാകും!''

താടിക്ക് കൈകൊടുത്ത് ഹരിശങ്കർ കുറേനേരം ആലോചിച്ചിരുന്നു. ''ഒരുപാട് കാശുകൊടുത്താ നിന്നെ വാങ്ങീതെന്ന് അമ്മ പറഞ്ഞു. അതു സാരമില്ല. അമ്മ ഓഫീസിൽ നിന്ന് വരുന്നതിനുമുമ്പ് ഞാൻ നിന്നെ താഴെ ഗാർഡനിൽ കൊണ്ടുപോയി നടാം.''

കുഞ്ഞൻമരം ഇത്തിരിപ്പോന്ന ഇലകളിളക്കി.

''വേണ്ട! വേണ്ട! ഇനി എത്ര ശ്രമിച്ചാലും ഞാൻ വലിയ മരമാവുകയില്ല. പോരാത്തതിനു നിങ്ങളുടെ ഫ്ളാറ്റിന്റെ ചുറ്റുവട്ടമൊന്നും എനിക്ക് പറ്റിയ ഇടവുമല്ല.''

നിശ്ശബ്ദനായിപ്പോയ കുഞ്ഞൻമരത്തിന്റെ ഇലകളിൽ പതുക്കെ ഒരു തിളക്കം പരന്നു. അത് എന്താണ് ഓർക്കുന്നതെന്ന്

**"ഞാൻ ഈ ചട്ടിയിലല്ലായിരുന്നെങ്കിൽ! മണ്ണിൽ വേരുപടർത്തി ആകാശത്തേക്കു തലയുയർത്തി നിൽക്കുമായിരുന്നു. ഞാൻ എത്ര നല്ലൊരു തണൽമരമായേനേ! എത്രയോ പക്ഷികൾ എന്റെ പഴങ്ങൾ കൊത്തിത്തിന്നുകയും എന്റെ ചില്ലകളിൽ കൂട് കൂട്ടുകയും ചെയ്യുമായിരുന്നു! അവരുടെ പാട്ടുകേട്ട് ഞാനെത്ര സന്തോഷിക്കുമായിരുന്നു!"**



വര: ജയേന്ദ്രൻ

ഹരിശങ്കർ അതിശയിച്ചു. സ്വപ്ന ത്തിലെന്നവണ്ണം കുഞ്ഞൻമരം പിറുപിറുത്തു.

''അങ്ങു ദൂരെ! ഏതെങ്കിലും മലയുടെ താഴ്‌വാരത്ത്! ചില്ല കൾ കാറ്റിൽ വീശി അങ്ങനെ നിൽക്കാൻ എന്തു രസമായി രിക്കും!''

ഹരിശങ്കർ നിരാശപ്പെട്ടു.

''ഛേ! അപ്പോൾ എനിക്കു നിന്നെ സഹായിക്കാൻ പറ്റൂല്ല, അല്ലേ?''

പിന്നെയും കുഞ്ഞൻമര ത്തിൽ നിന്ന് ഒരു നെടുവീർപ്പ് പൊട്ടിപ്പുറപ്പെട്ടു. അതിന്റെ ഇലകളിലെ തിളക്കം എങ്ങോ പോയ്മറഞ്ഞു.

''ഇല്ല കുഞ്ഞേ! നീ വളരു മ്പോൾ മരങ്ങളെ സ്നേഹിക്കുന്ന ഒരു മനുഷ്യനായാൽ മതി. മര ങ്ങളില്ലെങ്കിൽ മനുഷ്യരുമില്ലെന്ന കാര്യം മറക്കരുത്!''

അപ്പോഴാണ് വാതിൽമണി മുഴങ്ങിയത്. കുഞ്ഞൻമരത്തിന്റെ ഉടൽ ചെറുങ്ങനെ വിറച്ചു. ഹരിശങ്കർ പിടഞ്ഞെഴുന്നേറ്റ് വാതിലിന്റെ നടുവിലെ ചെറിയ ചില്ലുവൃത്തത്തിലൂടെ പുറ ത്തേക്കു നോക്കി. അമ്മയാ ണെന്ന് ഉറപ്പുവരുത്തി വാതിൽ തുറന്നു. അകത്തേക്കു കയറു മ്പോൾ അമ്മ അവന്റെ മുഖത്തു സൂക്ഷിച്ചുനോക്കി.

''നീയെന്താ ശങ്കു ഉറങ്ങു കാരുന്നോ?''

''ഏയ്!'' എന്നു പറഞ്ഞെ ങ്കിലും അവന് ഉറക്കം വരുന്ന തുപോലെ തോന്നി. അവന്റെ കണ്ണുകളിൽ ഏതോ സ്വപ്നം കലങ്ങിക്കിടക്കുന്നത് കണ്ട് അമ്മ അവനെ ചേർത്തുപിടിച്ചു.

''ഒറ്റയ്ക്കിരുന്നു മുഷിഞ്ഞു അല്ലേ? സാരല്ലാട്ടോ. അപ്പൂപ്പൻ നാളെക്കാലത്ത് വരുന്നുണ്ട്.''

അവധിക്കാലം അപ്പൂപ്പന്റെ വീട്ടിൽ ചെലവഴിക്കുന്നതോർത്ത പ്പോൾ അവന്റെ ചുണ്ടിൽ ഒരു ചെറുചിരി തെളിഞ്ഞു. അടുത്ത നിമിഷം അവന്റെ നോട്ടം മുറിയുടെ മൂലയിലിരിക്കുന്ന ചെടിയിലേക്ക് പറന്നുചെന്നു. കുഞ്ഞൻമരം ഇരുണ്ട് നിൽക്കു ന്നതുകണ്ട് അവന്റെ ചുണ്ടത്തെ ചിരി വറ്റിപ്പോയി!



# ഓണപ്പൂക്കളം

**അമ്പലപ്പുഴ രാജഗോപാൽ**

ഒത്തുചേരുന്നതിലാണൊരോണം
ഒത്തൊരുമ,യിലാണുപൊന്നോണം
കാണമെങ്ങുമൊരുക്കുക വേണം
കാണുവാൻ നമ്മളൊന്നാകെ വേണം
അത്തലെല്ലാമകലുന്നൊരോണം
അത്തംപത്തു ദിനങ്ങളും വേണം
പുത്തനോണപ്പുലരിയിൽ സ്നേഹ-
പ്പൂക്കളങ്ങളെഴുതുക വേണം
എത്തിടട്ടെ മഹാബലിമന്നൻ-
സത്യമാദർശശുദ്ധിയെ വാഴ്ത്താൻ,
ഒത്തുനിൽക്കണം നമ്മളെന്നാളും
എത്തിടുന്നതിന്നി'ത്തിരുവോണം!'



വര: ബാബുരാജൻ

# ഓണം 2020

എൻ എസ് സുമേഷ്കൃഷ്ണൻ

ചിങ്ങം കണ്ണുതുറന്നിട്ടും
പുഞ്ചിരിച്ചില്ല വീടുകൾ
പൂനിലാവത്തു പണ്ടേപ്പോ-
ലൂയലാടീല തെന്നലും.
രാത്രിതന്നൊറ്റ നേത്രത്തിൽ-
നിന്നു ചുണ്ണാമ്പൊലിക്കയായ്
ഭൂമിതൻ കണ്ണുനീർ കണ്ടോ-
രാകാശത്തിന്റെ സങ്കടം.
തന്റെ വീടു തുറുങ്കെന്നു
തനിക്കേ തോന്നിടുന്ന നാൾ
വരുമെന്നോർത്തതില്ലൊട്ടും
ദുരമൂത്ത മഹാനരർ
മുഖംമൂടിയണിഞ്ഞേ നാം
നടപ്പൂ പണ്ടു; മിപ്പൊഴും.
തമ്മിൽ കണ്ണുകൾകൊണ്ടല്ലോ
ചിരിക്കുന്നിന്നു മാനവർ.

കുനുന്തുമ്പകൾ, പിച്ചിപ്പൂ
തൃത്താപ്പൂവുകൾ, തെച്ചികൾ
വിഷാദമൂകരായിന്നെൻ
വീട്ടുമുറ്റത്തുനിൽക്കയായ്.
ഒത്തിരുന്നുണ്ടൊരോണത്തി-
ന്നിത്തിരിസ്മൃതി മാത്രമേ
ചിത്തതാരിലിരിപ്പുള്ളൂ
തൃപ്തിയോടെ രുചിക്കുവാൻ
ഒരുനാൾ വരുമോ വീണ്ടും
നാകം വെന്ന മഹാബലി
അന്നുമാനവരൊന്നായി-
ട്ടോണം കൊണ്ടാടുമോയിനി.
പട്ടുപോയവയൊന്നൊന്നായ്
പൊട്ടിയീരില നീർത്തുമോ
ഇതു ചിന്തിച്ചിരിക്കുമ്പോൾ
കത്തിവീഴുന്നു മേൽപ്പുര.



വര: സചീന്ദ്രൻ കാറഡുക്ക

# നിറയും പൊലിയും

കെ എൻ സുരേഷ്കുമാർ

അത്തമിതെത്തി മുറ്റത്തെത്തി
പത്താം നാളിനി തിരുവോണം
തെച്ചികൾ പൂത്തൂ, തുമ്പകൾ  പൂത്തൂ
പത്താം നാളിനി പൊന്നോണം.

കാശിത്തുമ്പ ചിരിപ്പൂ, മഞ്ഞ
ത്തുമ്പികൾ താണു പറക്കുന്നു
ചേച്ചീ, ചേച്ചീ പൂക്കളമിടുമോ
കാണാം, ഞാനൊരു വാവാച്ചി.

ചിറകിൽ ചിത്രവുമായ് ശലഭങ്ങൾ
പൂക്കൾക്കുമ്മ കൊടുക്കുന്നു
ഉത്രാടത്തിനു പുത്തരിയുണ്ണാൻ
എത്തീ വീട്ടിൽ കതിർമണികൾ

ചെറുമഴയും ചിരിവെയിലും ചേർന്നു
വിരുന്നുവരുന്നൂ  മാമുണ്ണാൻ
ഒപ്പം കുടയും മുടിയും ചൂടി
എഴുന്നള്ളുന്നൂ മാവേലി

മാവേലിത്തം കൊടിചൂടട്ടെ
മനസ്സുകളെല്ലാം നിറയട്ടെ
നിറയോ നിറ നിറ
പൊലിയോ പൊലി പൊലി
ഇല്ലങ്ങൾ നിറ വല്ലങ്ങൾ.

വട്ടികൾ നിറയുക
കൊട്ടകൾ നിറയുക
കോട്ടകൾ നിറയുക കൊട്ടാരം
നിറ നിറ നിറ നിറ
നിറയോ നിറ നിറ
പൊലി പൊലി പൊലി പൊലി
പൊലിയോ പൊലി പൊലി.



വര: സുജിത് പി വി

# സ്നേഹഗീതം

മുത്തലപുരം മോഹൻദാസ്

ഒത്തുചേർന്നു പാടിടാം
നമുക്കു സ്നേഹഗീതികൾ
ഒന്നു ചേർന്നു പോയിടാം
നമുക്കു കർമ്മഭൂമിയിൽ.
ഏകഭാവമേകരാഗ
മേകതാളമോടെ നാം
പാടിടേണ,മൈകമത്യ
മല്ലയോ മഹാബലം?
സ്നേഹമാണു നമ്മളെ
നയിച്ചിടുന്നതെപ്പൊഴും
ദ്വേഷമേതുമേശിടാതെ
നാളുകൾ കഴിച്ചിടാം.
ജാതിവർഗവർണഭേദ
മൊക്കെയും വെടിഞ്ഞു നാം
മാനവീയനന്മ പേർത്തു
മോർത്തിടേണ്ടതുണ്ടിനി.
അലസരായിടാതെ
കർമ്മകുശലരായി വാഴ്ക നാം
സരസമേതു കർമ്മവും
നമുക്കു ചെയ്തിടാമിനി
ലക്ഷ്യമൊന്നിലൂന്നി നമ്മൾ
ശ്രദ്ധയോടെ നീങ്ങണം
ലക്ഷ്യസാധ്യമാകണം
പരിശ്രമങ്ങളൊക്കെയും.
ഏറിടുന്നൊരൈക്യബോധ
മോടെ നമ്മൾ പോകണം
ഏറെയുണ്ടു ചെയ്യുവാൻ
നമുക്കു ജന്മനാടിനായ്
ഇന്നുവേണ്ടതൊക്കെ നമ്മ
ളിന്നു തന്നെ ചെയ്യണം
നാളെ നാളെ നീളെ നീളെ
നാളുകൾ കഴിഞ്ഞു പോം.
ഒത്തുചേർന്നു പാടിടാം
നമുക്കു സ്നേഹഗീതികൾ
ഒന്നു ചേർന്നു പോയിടാം
നമുക്കു കർമ്മഭൂമിയിൽ.





വര: സുജിത് പി വി





# നമ്പൂര്യച്ചനും കാട്ടുകള്ളന്മാരും

**സിപ്പി പള്ളിപ്പുറം**

രാവേറെയായിട്ടുണ്ട്. എങ്ങും കുറ്റാകൂരിരുട്ട്! ഇടയ്ക്കിടെ വെളിച്ചത്തിന്റെ നുറുങ്ങുകൾ പോലെ അവിടെയുമിവിടെയും ഏതാനും മിന്നാമിനുങ്ങുകൾ പാറിനടക്കുന്നതു കാണാം. വഴിയോരത്തുള്ള തണൽമരങ്ങളുടെ മുകളിലിരുന്ന് കൂമൻമാർ മൂളുന്നു. അങ്ങകലെ ചില മരച്ചില്ലകളിൽ നിന്ന് വവ്വാലുകൾ കടി പിടികൂടുന്ന കലപില ശബ്ദം. ഈ സമയത്താണ് ഇരുട്ടിലൂടെ തപ്പിയും തടഞ്ഞും ഒരു പാവം നമ്പൂര്യച്ചൻ വീട്ടിലേക്ക് പൊയ്ക്കൊണ്ടിരുന്നത്. ഗുരുവായൂർ ക്ഷേത്രത്തിലെ സന്ധ്യാർച്ചന കഴിഞ്ഞ് സ്വന്തം ഇല്ലത്തേക്ക് മടങ്ങുകയായിരുന്നു അദ്ദേഹം.

ഗുരുവായൂരപ്പന്റെ വലിയ ഭക്തനായിരുന്നു ആ നമ്പൂര്യച്ചൻ. ‘കൃഷ്ണ കൃഷ്ണാ, ഗുരുവായൂരപ്പാ!’- എന്ന് പതുക്കെ ഉരുവിട്ടുകൊണ്ടാണ് അദ്ദേഹം മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നത്. പെട്ടെന്നാണ് ഇരുട്ടിന്റെ മറവിൽനിന്ന് ഒരു കൂട്ടം കള്ളന്മാർ നമ്പൂര്യച്ചന്റെ മുന്നിലേക്ക് ചാടി വീണത്.

‘‘എടോ കിഴവാ, തന്റെ മടിയിൽ ധാരാളം പൊന്നും പണവുമൊക്കെ ഉണ്ടല്ലോ. വേഗം എടുത്തു തന്നോളൂ. ഇല്ലെങ്കിൽ ചവിട്ടി തന്റെ നട്ടെല്ലൊടിക്കും.’’

‘‘അയ്യോ..! എന്നെ ഒന്നും ചെയ്യരുത്. എന്റെ മടിയിൽ ക്ഷേത്രത്തിൽ നിന്നു കിട്ടിയ പ്രസാദവും ഒരു താളിയോലക്കെട്ടും മാത്രമേ ഉള്ളൂ.’’ -നമ്പൂര്യച്ചൻ അമ്പര

പ്പോടെ പറഞ്ഞു.

“എന്ത്..! ഞങ്ങളെ കബളിപ്പിക്കാൻ നോക്കുന്നോ? തന്റെ വേല മനസ്സിലിരിക്കട്ടെ. കൈയിലുള്ള മുതലെല്ലാം ഇങ്ങ് തന്നേക്ക്.”– അവർ അദ്ദേഹത്തിന്റെ ഉടുമുണ്ടിന് കുത്തിപ്പിടിച്ച് വഴിയിലൂടെ വലിച്ചിഴക്കാൻ തുടങ്ങി. ഇതുകണ്ട് അദ്ദേഹം വല്ലാതെ പരിഭ്രാന്തനായി നിലവിളിച്ചു.

‘ഹോ! അബലയായ ദ്രൗപദിയേയും മുതലയുടെ വായിൽ കുടുങ്ങിയ ഗജേന്ദ്രനേയും രക്ഷിച്ച കൃഷ്ണാ, ഗുരുവായൂരപ്പാ, അങ്ങിത് കാണുന്നില്ലേ? നിസ്വനായ ഈ ഏഴയെ അക്രമികൾ വലിച്ചിഴക്കുന്നത് കണ്ടില്ലേ?’

നമ്പൂര്യച്ചന്റെ നിലവിളിശബ്ദം കേട്ടതേയുള്ളൂ, പെട്ടെന്ന് എങ്ങുനിന്നോ ഒരു കുതിരക്കുളമ്പടി ഉയർന്നുപൊങ്ങി. ഒട്ടും വൈകിയില്ല; കൈയിൽ ഊരിപ്പിടിച്ച വാളുമായി ഒരു ധീരയോദ്ധാവ് കുതിരപ്പുറത്ത് അവിടേക്ക് പാഞ്ഞെത്തി. സാമൂതിരി രാജാവിന്റെ മന്ത്രിയും പടത്തലവനുമായ മങ്ങാട്ടച്ചനാണ് തങ്ങളെ പിടികൂടാൻ വന്നിരിക്കുന്നതെന്ന് കള്ളന്മാർക്ക് മനസ്സിലായി.

“അയ്യോ! മങ്ങാട്ടച്ചൻ! മങ്ങാട്ടച്ചൻ! ഓടിക്കോ ഓടിക്കോ...” എന്ന് ഉച്ചത്തിൽ മുറവിളികൂട്ടിക്കൊണ്ട് കള്ളന്മാർ ജീവനും കൊണ്ട് പറപറന്നു. ഈ രംഗം കണ്ട് നമ്പൂര്യച്ചന് എന്തെന്നില്ലാത്ത സന്തോഷം തോന്നി.

കള്ളന്മാരുടെ പിടിയിൽ നിന്ന് തന്നെ രക്ഷപ്പെടുത്തിയ മങ്ങാട്ടച്ചന് നമ്പൂര്യച്ചൻ തന്റെ കൈവിരലിൽ കിടന്ന സ്വർണ മോതിരം ഊരിക്കൊടുത്തിട്ടു പറഞ്ഞു: “ബഹുമാനപ്പെട്ട മന്ത്രീ, അങ്ങ് എന്റെ ജീവൻ രക്ഷിച്ചു. അങ്ങ് വന്നില്ലായിരുന്നെങ്കിൽ ആ കാട്ടുകള്ളന്മാർ എന്റെ ജീവനെടുത്തേനെ. ഇതാ എന്റെ ഒരു സമ്മാനമായി ഇത് വച്ചോളൂ.”

**നമ്പൂര്യച്ചന്റെ നിലവിളിശബ്ദം കേട്ടതേയുള്ളൂ പെട്ടെന്ന് എങ്ങുനിന്നോ ഒരു കുതിരക്കുളമ്പടി ഉയർന്നുപൊങ്ങി. ഒട്ടും വൈകിയില്ല; കൈയിൽ ഊരിപ്പിടിച്ച വാളുമായി ഒരു ധീരയോദ്ധാവ് കുതിരപ്പുറത്ത് അവിടേക്ക് പാഞ്ഞെത്തി. സാമൂതിരി രാജാവിന്റെ മന്ത്രിയും പടത്തലവനുമായ മങ്ങാട്ടച്ചനാണ് തങ്ങളെ പിടികൂടാൻ വന്നിരിക്കുന്നതെന്ന് കള്ളന്മാർക്ക് മനസ്സിലായി.**

നമ്പൂര്യച്ചൻ കൊടുത്ത സമ്മാനം മങ്ങാട്ടച്ചൻ ബഹുമാനപൂർവം കൈപ്പറ്റി. തിരുമേനി നോക്കിനിൽക്കേതന്നെ അദ്ദേഹം കുതിരപ്പുറത്തുകയറി തിരിച്ചുപോകുകയും ചെയ്തു.

പിറ്റേന്ന് പുലർച്ചയ്ക്ക് പതിവുപോലെ നമ്പൂര്യച്ചൻ ഗുരുവായൂർ ക്ഷേത്രത്തിൽ തൊഴാൻ എത്തി. അപ്പോൾ അവിടത്തെ ശാന്തിക്കാരൻ തിരുമേനി നമ്പൂര്യച്ചന്റെ അരികിലേക്കു വന്നു. അദ്ദേഹത്തിന്റെ കൈയിൽ ഒരു മോതിരവും ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: “തിരുമേനീ, ഇന്നലെ സ്വപ്നത്തിൽ ഗുരുവായൂരപ്പൻ എന്റെ അരികിൽ വന്നിരുന്നു. നട തുറക്കുമ്പോൾ വിഗ്രഹത്തിൽ കാണുന്ന മോതിരം അങ്ങേക്ക് നൽകണമെന്ന് ഭഗവാൻ പ്രത്യേകം എന്നെ പറഞ്ഞേൽപ്പിച്ചു. അതിരാവിലെ ഞാൻ വന്നു നോക്കിയപ്പോൾ ഭഗവാൻ പറഞ്ഞപോലെ ഈ മോതിരം വിഗ്രഹത്തിന്റെ കൈവിരലിൽ ഉണ്ടായിരുന്നു. ഇതാ, ഇതു വച്ചോളൂ.”– ശാന്തിക്കാരൻ മോതിരം നമ്പൂര്യച്ചന്റെ നേർക്കു നീട്ടി.

അദ്ദേഹം ഭക്ത്യാദരങ്ങളോടെ ആ മോതിരം ഏറ്റുവാങ്ങി സൂക്ഷിച്ചുനോക്കി. എന്തുപറയാൻ! അത്ഭുതംകൊണ്ട് അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങി. തലേദിവസം രാത്രിയിൽ താൻ മങ്ങാട്ടച്ചന് സമ്മാനിച്ച മോതിരമാണതെന്ന് തിരുമേനിക്ക് മനസ്സിലായി! അപ്പോൾ മങ്ങാട്ടച്ചനായി കുതിരപ്പുറത്തുകയറി തന്നെ രക്ഷിക്കാൻ വന്നത് സാക്ഷാൽ ഗുരുവായൂരപ്പൻ തന്നെയായിരുന്നു എന്ന സത്യം അദ്ദേഹം തിരിച്ചറിഞ്ഞു.

ആരായിരുന്നു ഈ നമ്പൂര്യച്ചനെന്ന് നിങ്ങൾക്ക് മനസ്സിലായോ? ഇല്ലെങ്കിൽ മനസ്സിലാക്കിക്കൊള്ളൂ. മലയാളത്തിന്റെ മനസ്സറിഞ്ഞ മഹാകവി പൂന്താനം നമ്പൂതിരി ആയിരുന്നു അത്. പൂന്താനം നമ്പൂതിരിയെ ഗുരുവായൂരപ്പൻ അത്രമാത്രം സ്നേഹിച്ചിരുന്നു.

ശ്രീകൃഷ്ണനും പൂന്താനം നമ്പൂതിരിയും തമ്മിലുള്ള അടുപ്പത്തെ സൂചിപ്പിക്കുന്ന നിരവധി കഥകൾ നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ട്. അതിലൊന്ന് ‘ജ്ഞാനപ്പാന’ യുടെ രചനയുമായി ബന്ധപ്പെട്ട കഥയാണ്.

പൂന്താനം നമ്പൂതിരിയുടെ ഏറ്റവും ഉത്കൃഷ്ടമായ കൃതിയാണ് ‘ജ്ഞാനപ്പാന’യെന്ന് ഏവർക്കും അറിവുള്ളതാണല്ലോ. വിവാഹം കഴിഞ്ഞ് വളരെക്കാലം കഴിഞ്ഞിട്ടും ഒരു കുഞ്ഞിക്കാലു കാണാനുള്ള ഭാഗ്യം പൂന്താനത്തിനുണ്ടായില്ല. ഒത്തിരിക്കാലം നേർച്ചയും കാഴ്ചയും വച്ച് ഒടുവിൽ അദ്ദേഹത്തിനൊരു പൊന്നുണ്ണി പിറന്നു. അതിന്റെ പേരിൽ പൂന്താനത്തിനും കുടുംബത്തിനും ബന്ധുജന

ങ്ങൾക്കും ഉണ്ടായ സന്തോഷത്തിന് അതിരില്ല. താഴത്തും തലയിലും വയ്ക്കാതെ ഉണ്ണിയെ അവർ താലോലിച്ചു വളർത്തി.

കടിഞ്ഞൂൽ പുത്രന്റെ ചോറൂണ് കെങ്കേമമായി നടത്താൻ പൂന്താനവും അന്തർജ്ജനവും ബന്ധുക്കളും തീരുമാനിച്ചു. അതിനായി ബന്ധുജനങ്ങളെയും ഇഷ്ടജനങ്ങളെയുമെല്ലാം മുൻകൂട്ടി ക്ഷണിച്ചു. അങ്ങനെ ആ ആഹ്ലാദദിനം വന്നെത്തി. വലിയ സദ്യവട്ടങ്ങളും അക്ഷരശ്ലോകസദസ്സും കൈകൊട്ടിക്കളിയുമെല്ലാം ഇതിന്റെ ഭാഗമായി ഏർപ്പാടു ചെയ്തിരുന്നു. രാവിലെ മുതൽ തന്നെ ദൂരദിക്കുകളിൽ നിന്ന് വിരുന്നുകാർ വരാൻ തുടങ്ങി. മോടിയിൽ ഒരുങ്ങിവന്ന ബന്ധുക്കളായ അന്തർജ്ജനങ്ങൾ അവരുടെ പട്ടുചേലകളെല്ലാം അഴിച്ച് തൊട്ടിലിനുമുകളിൽ ഒന്നൊന്നായി കൂട്ടിയിട്ടു. തൊട്ടിലിനകത്ത് ഉറങ്ങിക്കിടന്നിരുന്ന ഉണ്ണിയുടെ കാര്യം തിരക്കിനിടയിൽ അവരാരും ശ്രദ്ധിച്ചില്ല. ചോറൂണിന്റെ മുഹൂർത്തം അടുത്തെത്തി. അപ്പോഴേക്കും പൂന്താനത്തിന്റെ അന്തർജ്ജനം സർവാഭരണവിഭൂഷിതയായി ഒരുങ്ങിവന്നു. പുടവകളെല്ലാം വലിച്ചുമാറ്റി അവർ ഉണ്ണിയെ തൊട്ടിലിൽ നിന്ന് പുറത്തെടുത്തു.



വര: ബോബി എം പ്രഭ

നിർഭാഗ്യമെന്നു പറയട്ടെ പുടവകൾക്കിടയിൽപ്പെട്ട് ഞെരുങ്ങി ശ്വാസംകിട്ടാതെ ഇതിനകം ആ പൊന്നോമനയുടെ ജീവൻ പൊലിഞ്ഞുകഴിഞ്ഞിരുന്നു. പിന്നെ അവിടെയുണ്ടായ നിലയ്ക്കാത്ത നിലവിളികൾക്കും അണമുറിയാത്ത സങ്കടങ്ങൾക്കും അതിരുണ്ടായിരുന്നില്ല.

അതോടെ നിരാശനും ദുഃഖിതനുമായിത്തീർന്ന പൂന്താനം നമ്പൂതിരി ആ സങ്കടക്കടലിന്റെ നടുവിൽ ഇരുന്നുകൊണ്ട് രചിച്ച അതിവിശിഷ്ടമായ ഒരു കാവ്യമാണ് 'ജ്ഞാനപ്പാന'. ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചും മനുഷ്യന്റെ അഹന്തയെക്കുറിച്ചുമെല്ലാം എക്കാലത്തും നമ്മെ ഓർമപ്പെടുത്തുന്ന ഈരടികൾകൊണ്ട് 'ജ്ഞാനപ്പാന' സമൃദ്ധമാണ്.

*"ഇന്നലെയോളമെന്തെന്നറിഞ്ഞീല*
*ഇന്നി നാളെയുമെന്തെന്നറിഞ്ഞീല*
*ഇന്നികണ്ടതടിക്കു വിനാശവു-*
*മിന്ന നേരമെന്നേതുമറിഞ്ഞീല*
*കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ-*
*ക്കണ്ടില്ലെന്നുവരുത്തുന്നതും ഭവാൻ*
*മാളികമുകളേറിയ മന്നന്റെ*
*തോളിൽ മാറാപ്പുകേറ്റുന്നതും ഭവാൻ"* - എന്നുരുവിടാത്ത ചുണ്ടുകൾ മലയാളക്കരയിൽ വിരളമാണ്.

ദാഹിച്ചുമോഹിച്ചുണ്ടായ തന്റെ പൊന്നുണ്ണിയുടെ മരണത്തിനുശേഷം പൂന്താനം നമ്പൂതിരി മിക്കവാറും ഗുരുവായൂർ ക്ഷേത്രത്തിൽ തന്നെയാണ്

കഴിഞ്ഞുകൂടിയത്.

അക്കാലത്ത് മഹാപണ്ഡിതനായ മറ്റൊരു കവികൂടി അവിടെ താമസിക്കുന്നുണ്ടായിരുന്നു. 'നാരായണീയ' കർത്താവായിരുന്ന മേൽപ്പത്തൂർ നാരായണഭട്ടതിരിയായിരുന്നു അത്. ഭാഷാകവികളെ വളരെ പുച്ഛത്തോടെ മാത്രം കണ്ടിരുന്ന ഒരാളായിരുന്നു അദ്ദേഹം. പൂന്താനത്തിന് സംസ്കൃതത്തിൽ അത്ര വലിയ ഗ്രാഹ്യമുണ്ടായിരുന്നില്ല.

ഒരിക്കൽ പൂന്താനം നമ്പൂതിരി 'സന്താനഗോപാലം' എന്ന പേരിൽ ഒരു കൃതി രചിച്ചു. അതൊന്ന് മേൽപ്പത്തൂരിനെ കാണിച്ച് എന്തെങ്കിലും തെറ്റുണ്ടെങ്കിൽ തിരുത്തിക്കണമെന്ന് പൂന്താനം വലുതായി മോഹിച്ചു. ഒരുദിവസം അദ്ദേഹം തന്റെ വിലപ്പെട്ട കൃതിയുമായി മേൽപ്പത്തൂരിനെ കാണാൻ ചെന്നു. പക്ഷേ അതൊന്ന് തുറന്നുനോക്കാൻ പോലും അദ്ദേഹം താത്പര്യം കാണിച്ചില്ല. പുച്ഛത്തോടെ അദ്ദേഹം പറഞ്ഞു: "ഭാഷാകവിതയിൽ നോക്കാനെന്തിരിക്കുന്നു? അതിൽ അബദ്ധമല്ലാതെ വല്ലതും കാണുമോ? വിശേഷിച്ചും പൂന്താനത്തിന്റെ മനസ്സിൽ വിഭക്തി ഉറച്ചിട്ടുപോലുമില്ല. അതിനാൽ ഇതിനകത്തുമുഴുവൻ പിഴവേ ഉണ്ടാകൂ. എനിക്കത് കാണേണ്ട."

ഇതുകേട്ട് പാവം പൂന്താനം നമ്പൂതിരി സങ്കടം താങ്ങാനാവാതെ ഉച്ചത്തിൽ പൊട്ടിക്കരഞ്ഞു. തകർന്ന ഹൃദയത്തോടെ അദ്ദേഹം അവിടെ നിന്നും മടങ്ങി.

എന്നാൽ ഇതിനിടെ അന്നു രാത്രിയിൽ മേൽപ്പത്തൂരിനുണ്ടായിരുന്ന വാതരോഗം വല്ലാതെ മൂർദ്ധന്യത്തിൽ എത്തി. ഒന്ന് അനങ്ങാൻ പോലും കഴിയാതെ വിഷമിച്ചുകിടക്കുമ്പോൾ ഒരശരീരി കേട്ടു: 'മേൽപ്പത്തൂരിന്റെ വിഭക്തിയേക്കാൾ പൂന്താനത്തിന്റെ ഭക്തിയാണ് എനിക്കിഷ്ടം!'

**ഒരിക്കൽ പൂന്താനം നമ്പൂതിരി 'സന്താനഗോപാലം' എന്ന പേരിൽ ഒരു കൃതി രചിച്ചു. അതൊന്ന് മേൽപ്പത്തൂരിനെ കാണിച്ച് എന്തെങ്കിലും തെറ്റുണ്ടെങ്കിൽ തിരുത്തിക്കണമെന്ന് പൂന്താനം വലുതായി മോഹിച്ചു. ഒരുദിവസം അദ്ദേഹം തന്റെ വിലപ്പെട്ട കൃതിയുമായി മേൽപ്പത്തൂരിനെ കാണാൻ ചെന്നു. പക്ഷേ അതൊന്ന് തുറന്നുനോക്കാൻ പോലും അദ്ദേഹം താത്പര്യം കാണിച്ചില്ല.**

സാക്ഷാൽ ഗുരുവായൂരപ്പനാണ് തന്നോട് സംസാരിച്ചതെന്ന് ഭട്ടതിരി തിരിച്ചറിഞ്ഞു. അതോടെ അദ്ദേഹം നൊമ്പരംകൊണ്ടു പുളഞ്ഞു. ഭഗവാന് ഇഷ്ടപ്പെടാത്ത വലിയ അനീതിയാണ് താൻ പൂന്താനത്തോടു ചെയ്തതെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

താമസിയാതെ ഭട്ടതിരി പൂന്താനത്തെ നേരിൽക്കണ്ട് മാപ്പുചോദിക്കാനായി അദ്ദേഹത്തിന്റെ താമസസ്ഥലത്തു ചെന്നു.

"തിരുമേനീ, ഞാൻ അങ്ങയുടെ കൃതി വായിച്ചുനോക്കാതിരുന്നത് വലിയ തെറ്റായിപ്പോയി. സദയം മാപ്പുതരണം."– അദ്ദേഹം അപേക്ഷിച്ചു.

ഭട്ടതിരി അപ്പോൾത്തന്നെ പൂന്താനത്തിന്റെ കൈയിൽ നിന്ന് 'സന്താനഗോപാലം' ചോദിച്ചുവാങ്ങി ശ്രദ്ധാപൂർവം വായിച്ച് അതിന്റെ കുറവുകൾ പരിഹരിച്ചുകൊടുത്തു. അതോടെ ഇരുവർക്കും സന്തോഷമായി.

ചെറുശ്ശേരിക്കുശേഷം മലയാളികളെ ഏറ്റവും കൂടുതൽ ആകർഷിച്ച കവിവര്യനായിരുന്നു പൂന്താനം നമ്പൂതിരി. ഏത് സാധാരണക്കാരനും മനസ്സിലാക്കാവുന്ന പച്ചമലയാളത്തിലായിരുന്നു അദ്ദേഹത്തിന്റെ കവിതാരചന. കൃഷ്ണഭക്തിയായിരുന്നു അതിന്റെ അന്തർധാര.

*''ഉണ്ണിക്കണ്ണൻ മനസ്സിൽ കളിക്കുമ്പോൾ*
*ഉണ്ണികൾ മറ്റുവേണമോ മക്കളായ്?''* – എന്ന ഈരടികൾ തേയ്ച്ചാലും മായ്ച്ചാലും ഒരുകാലത്തും മലയാളികളുടെ മനസ്സിൽ നിന്നും മാഞ്ഞുപോകില്ല.

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്താണ് പൂന്താനം ജീവിച്ചിരുന്നതെന്ന് കരുതപ്പെടുന്നു. 1547 നും 1640 നും ഇടയ്ക്കുള്ള കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നതെന്നാണ് വിശ്വസിക്കപ്പെടുന്നത്. ജ്ഞാനപ്പാന, സന്താനഗോപാലം, ശ്രീകൃഷ്ണകർണാമൃതം, പാർഥസാരഥീസ്തവം, ആനന്ദനൃത്തം തുടങ്ങി ഒട്ടേറെ ശ്രദ്ധേയമായ കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. പൂന്താനത്തിന്റെ ശരിയായ പേരെന്താണെന്ന് ആരും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും ശങ്കരനാരായണൻ എന്നായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശ്രീകൃഷ്ണകർണാമൃതമാണ് പൂന്താനത്തിന്റെ അവസാനകൃതിയെന്ന് ചില ഭാഷാപണ്ഡിതർ അനുമാനിക്കുന്നു. തനിക്ക് തൊണ്ണൂറു വയസ്സായെന്നും ഈ കാവ്യത്തിലെ ഒരു ഈരടിയിൽ കവി സൂചിപ്പിക്കുന്നുണ്ട്. അതിനാൽ അദ്ദേഹം തൊണ്ണൂറ് വയസ്സുവരെ ജീവിച്ചിരുന്നുവെന്നും നമുക്ക് കണക്കുകൂട്ടാം.



# കാട്

ഡോ. എ വി രഘു

കാട്ടരുവിക്കൈകളിൽ
കുഞ്ഞുകൈത പൂത്തു
കാത്തിരിക്കും കാട്ടിലാകെ
പൊൻമണം പടർന്നു.

കാവലുണ്ട് കാട്ടുമൂപ്പൻ
കാടറിവായ് നമ്മിൽ
കാടുതേടും കനവിലാകെ
കാലം കനിവായ് വന്നു.


കാറ്റിലാകെ ചന്ദനം ഏറ്റു-
പാടും ഇല്ലി
കാട്ടുപൂവിൽ മൂളലായ്
തേൻനുകർന്ന വണ്ട്
നൃത്തമാടി കൊണ്ടുവന്ന
കുളിരുപെയ്യും വർഷം
മണ്ണിലാകെ പൊൻകണം
കാത്തുവച്ചു ജീവൻ

അങ്ങ് ദൂരെ മേട്ടിൽ
കുഞ്ഞുറുമ്പുപോലാനകൾ
തുള്ളിയോടും മാൻ
കണ്ണെഴുതും പൊയ്ക
കാട്ടുവള്ളിപ്പടർപ്പിലാകെ
കാടിളക്കും കിളികൾ
കാട്ടുപൂവ് കനിയാവാൻ
കാത്തിരിക്കും കുസൃതി
വിണ്ണിലേക്കു പകർന്നിടും
ഇലകളാടും ജീവൻ
മുന്നിലാകെ വായുവിൽ
സ്വസ്തിനൽകും നന്മ.

വര: ടി ആർ രാജേഷ്

# ഒമർ ഖയ്യാം

**പള്ളിയറ ശ്രീധരൻ**


ഒമർ ഖയ്യാം


പിറക്കാനിരിക്കുന്ന നാളെയെപ്പറ്റിയോ മരിച്ചുപോയ ഇന്നലയെപ്പറ്റിയോ വ്യാകുലപ്പെടാതെ ഇന്നു ജീവിതം ആസ്വദിക്കാൻ ആഹ്വാനം ചെയ്ത ഒമർ ഖയ്യാം ഒരു കവി എന്ന നിലയിൽ ലോകപ്രശസ്തനാണ്. പക്ഷേ അദ്ദേഹം കവിയേക്കാളേറെ ഗണിതശാസ്ത്രജ്ഞനായിരുന്നു. വാനശാസ്ത്രം, ഊർജതന്ത്രം, കലണ്ടർ പരിഷ്കരണം, തത്ത്വശാസ്ത്രം, സംഗീതം എന്നീ മേഖലകളിലും നിസ്തുല സംഭാവന നൽകിയിട്ടുണ്ട്.

മധ്യകാലത്തു ജീവിച്ചിരുന്ന ഏറ്റവും പ്രമുഖരായ ഗണിതശാസ്ത്രജ്ഞരിൽ ഒരാളായി പരിഗണിക്കപ്പെടുന്ന ഒമർ ഖയ്യാം ഇറാനിലെ വടക്കുകിഴക്കൻ നഗരമായ നിഷാബുറിൽ 1048 മേയ് 18 നു ജനിച്ചു. മുഴുവൻ പേര് ഗിയാബുദ്ദീൻ അബുൾ ഫത്ത്ഹ് ഒമർ ബിൻ ഇബ്രാഹിം അൽഖയ്യാം.

1074 ൽ കലണ്ടർ പരിഷ്കരിക്കാൻ ഭരണാധികാരികൾ അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം പരിഷ്കരിച്ച ജലാലി കലണ്ടർ ലോകത്തിലെ ഏറ്റവും സൂക്ഷ്മമായ കലണ്ടറുകളിലൊന്നായിരുന്നു. ഗണിതത്തിലെ അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ഗ്രന്ഥം റിസാല ഫിൽ ജബർ വ- അൽബല ആണ്.

ഒമറിന്റെ ആൾജിബ്ര ജ്യാമിതീയമാണെന്നു പറയാം. കോണികങ്ങളുടെ സംഗമത്തിന്റെ സഹായത്തോടെ എങ്ങനെ മൂന്നാം വർഗ സമവാക്യങ്ങൾ നിർദ്ധാരണം ചെയ്യാമെന്ന് അദ്ദേഹം വിശദീകരിച്ചു. 19 വിധത്തിലുള്ള സമവാക്യങ്ങൾ നിർദ്ധാരണം ചെയ്യുന്ന രീതികൾ അദ്ദേഹം കണ്ടുപിടിച്ചിരുന്നു.

സംഗീതത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ഗ്രന്ഥമാണ് ഷാറ അൽ മുശ്ഖിൽ മിൻ കിതാബ് അൽ മുസിക്ക. കാവ്യഗ്രന്ഥമായ റൂബിയാത്ത് ആണ് അദ്ദേഹത്തിനു പ്രശസ്തി നേടിക്കൊടുത്തത്.




palliyarasreedharan@gmail.com

കവിത



# മണിയടി

റഫീക്ക് അഹമ്മദ്

മണി പത്താകുന്നേരം കൊച്ചുകുഞ്ഞ്
വിദ്യാലയത്തിന്റെ മണിയടിക്കും
മുറ്റത്തു നിൽപ്പോരും ചുറ്റിക്കളിപ്പോരും
എല്ലാരും മിണ്ടാതെ വന്നിരിക്കും.
അപ്പോൾ കലമ്പൽ, ഇരമ്പൽ നിൽക്കും
പേരു വിളിക്കുവാൻ ടീച്ചറെത്തും.
കൊച്ചുകുഞ്ഞപ്പോളോ വല്യകുഞ്ഞ്
മെല്ലെയിളവെയിൽ മൂത്തുമൂത്ത്
നട്ടുച്ചയാകും വിശപ്പും മൂക്കും
കൊച്ചുകുഞ്ഞപ്പൊഴും മണിയടിക്കും
കൊച്ചുകുഞ്ഞന്നേരം നല്ലകുഞ്ഞ്.
മെല്ലെമയങ്ങിയും ഞെട്ടിയിട്ടും
മുറ്റത്തെ വെയ്ലൊന്നു മങ്ങിടുമ്പോൾ
കൊച്ചുകുഞ്ഞേട്ടൻ കെങ്കേമമായി
നീട്ടിയടിച്ചു മണിമുഴക്കും.
അപ്പോളിരമ്പവും മൂളക്കവും
പൊട്ടിച്ചിരിയും തിരതിരക്കും
കുട്ടികൾ ഞങ്ങടെ കെട്ടഴിക്കും
കൊച്ചുകുഞ്ഞപ്പൊഴോ കൊച്ചുകുഞ്ഞ്
അങ്ങനെയൊത്തിരി നാൾ കഴിഞ്ഞു
കുട്ടികൾ ഞങ്ങളോ വല്യോരായി
പള്ളിക്കൂടം വിട്ടു പോയിടാതെ
കൊച്ചുകുഞ്ഞപ്പൊഴും കൊച്ചുകുഞ്ഞ്.

വര: ഗോപു പട്ടിത്തറ

# ഓണക്കാലം

കൈനകരി ഷാജി

ഓണമാ,യോണമായ്– ഓണക്കാലം
ഓർമകൾക്കിന്നു വസന്തകാലം!
നാടായ നാടാകെ പൂവിളികൾ
വീടായ വീടാകെ പൂക്കളങ്ങൾ!

കർക്കടകത്തിന്റെ ദുർമുഖം പോയ്
ചിങ്ങമാസത്തിൻ പ്രകാശമെത്തി
ഓണക്കോടിചൂടി തിങ്കളെത്തി
ഓമൽക്കിനാക്കൾ തിരികൊളുത്തി.

അത്തപ്പൂമുറ്റമലങ്കരിക്കാൻ
നക്ഷത്രപ്പൂക്കൾ പറന്നുവന്നു
ചിത്തത്തിലാമോദം മിന്നിനിന്നു
വില്ലടിപ്പാട്ടു മുഴങ്ങി നിന്നു.







വര: ഈശ്വരൻ നമ്പൂതിരി

മാവേലിമന്നനെ സ്വീകരിക്കാൻ
മാവിലിരുന്നൊരു മൈന പാടി
ഓണപ്പാട്ടും പാടി തെന്നലാടി
ഓലേഞ്ഞാലിക്കിളി ഏറ്റുപാടി

പള്ളിക്കൂടങ്ങളടച്ചുവല്ലോ
തുള്ളിക്കളിപ്പൂ കിടാങ്ങളെല്ലാം
ഓണക്കളികൾതൻ ഹർഷപൂരം
രാപകൽ ആരവം എങ്ങുമെങ്ങും!

ഉല്ലാസവായ്പിനാലൂയലാടും
ഉണ്ണിക്കിടാങ്ങൾക്കു നൽകിടുവാൻ
ഉത്രാടരാവി,ലടുക്കളയിൽ
ഉപ്പേരിയുണ്ടാക്കി വയ്ക്കുന്നമ്മ

ഓണമാ,യോണമായ്– ഓണക്കാലം
ഓർമകൾക്കിന്നു വസന്തകാലം
പോയകാലത്തിന്റെ ഓർമകൾക്ക്
പായസത്തെക്കാൾ മധുരിമയോ!

# അറീനിയസും ആഗോളതാപനവും

കെ പി ലക്ഷ്മണൻ

**സ്വാന്റെ അറീനിയസ് എന്ന സ്വീഡിഷ് ശാസ്ത്രജ്ഞനാണ് ആഗോളതാപനത്തിനു കാരണം കാർബൺ ഡൈ ഓക്സൈഡ് വാതകം അമിതമായി അന്തരീക്ഷത്തിലെത്തുന്നതാണെന്ന് കണ്ടെത്തിയത്. ഒരുവർഷത്തോളം നീണ്ടുനിന്ന കൂട്ടലും കിഴിക്കലും നടത്തിയാണ് അറീനിയസ് ഇത് കണ്ടെത്തിയത്. കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം തുടങ്ങിയ ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുമ്പോഴും വ്യവസായശാലകളിൽ നിന്നും മോട്ടോർവാഹനങ്ങളിൽ നിന്നും അന്തരീക്ഷത്തിലെത്തുന്ന കാർബൺ ഡൈ ഓക്സൈഡാണ് ആഗോളതാപവർധനവിന്റെ പ്രധാന കാരണമെന്ന് ഇപ്പോൾ ശാസ്ത്രലോകം തിരിച്ചറിഞ്ഞിട്ടുണ്ട്.**


ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും ലോകത്താകമാനം വലിയ ചർച്ചയായി കഴിഞ്ഞിട്ടുണ്ട്. അന്തരീക്ഷ താപനില ക്രമാതീതമായി വർധിക്കുന്നു. ഇതേ നില തുടർന്നാൽ 2100 ആകുമ്പോഴേക്കും ഗുരുതരമായ സ്ഥിതിയാണ് ലോകത്തുണ്ടാവുകയെന്ന് കാലാവസ്ഥ സംബന്ധിച്ച് പഠനം നടത്തുന്ന രാജ്യാന്തര സമിതി (International Panel on Climate Change, IPCC) യുടെ റിപ്പോർട്ടിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

1896 ലാണ് ആദ്യമായി ആഗോളതാപനത്തിന്റെ കാരണം മനുഷ്യപ്രവർത്തനഫലമായി കാർബൺ ഡൈ ഓക്സൈഡ് വാതകം അമിതമായി അന്തരീക്ഷത്തിലെത്തുന്നതാണെന്ന് കണ്ടെത്തിയത്. സ്വാന്റെ അറീനിയസ് എന്ന സ്വീഡിഷ് ശാസ്ത്രജ്ഞനാണ് ആഗോളതാപനത്തിന്റെ കാരണം കണ്ടെത്തിയത്. ഒരുവർഷത്തോളം നീണ്ടുനിന്ന കൂട്ടലും കിഴിക്കലും നടത്തിയാണ് അറീനിയസ് തന്റെ കണ്ടെത്തൽ നടത്തിയത്. കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം തുടങ്ങിയ ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുമ്പോഴും വ്യവസായശാലകളിൽ നിന്നും മോട്ടോർ വാഹനങ്ങളിൽ നിന്നും അന്തരീക്ഷത്തിലെത്തുന്ന കാർബൺ ഡൈ ഓക്സൈഡാണ് ആഗോളതാപവർധനവിന്റെ പ്രധാന കാരണമെന്ന് ഇപ്പോൾ ശാസ്ത്രലോകം തിരിച്ചറിഞ്ഞിട്ടുണ്ട്. 1896 നും 2010 നും ഇടയിലുള്ള



സ്വാന്റെ അറീനിയസ്

Photo : Photogravure Meisenbach Riffarth & Co. Leipzig



ഹരിതഗൃഹ പ്രഭാവം

കാലയളവിൽ 1930 ജിഗാടൺ കാർബൺ ഡൈ ഓക്സൈഡാണ് അന്തരീക്ഷത്തിലെത്തിയത്.

എങ്ങനെയാണ് കാർബൺ ഡൈ ഓക്സൈഡ് വില്ലനാകുന്നത്? ഹരിതഗൃഹ പ്രഭാവം എന്ന പ്രതിഭാസമാണ് ഇതിനു കാരണം എന്ന് അറീനിയസ് വിശദീകരിച്ചിട്ടുണ്ട്. അന്തരീക്ഷത്തിന്റെ താഴെത്തട്ടിലുള്ള പാളിയായ ട്രോപ്പോസ്ഫിയറിലാണ് $CO_2$ കാണപ്പെടുന്നത്. സൂര്യനിൽ നിന്നും പ്രകാശോർജം ഭൂമിയിലെത്തുന്നുണ്ടല്ലോ. ഭൂമിയിൽ പതിക്കുന്ന പ്രകാശത്തിലൊരു ഭാഗം ഭൂമി ആഗിരണം ചെയ്യുന്നുണ്ടെങ്കിലും ഭൂരിഭാഗവും അന്തരീക്ഷത്തിലേക്ക് പുനർവികിരണം നടത്തുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ പുനർവികിരണം ചെയ്യപ്പെടുമ്പോൾ തരംഗദൈർഘ്യം വർധിക്കും. തരംഗദൈർഘ്യം കൂടിയ താപവികിരണത്തിന് അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡ് വാതക പാളിയെ തുളച്ച് കടക്കുവാൻ സാധിക്കാതെ അവ അന്തരീക്ഷത്തിൽതന്നെ തങ്ങിനിൽക്കുന്നു. ഇത് അസഹനീയമായ ചൂട് അനുഭവപ്പെടുന്നതിന് കാരണമാകും. ഈ പ്രതിഭാസത്തെ ഹരിതഗൃഹ പ്രഭാവം എന്ന് അറീനിയസ് വിശേഷിപ്പിച്ചു.

അന്തരീക്ഷത്തിലെ $CO_2$ വിന്റെ സാന്ദ്രത കൂടുന്നതിനനുസരിച്ച് ചൂട് കൂടാനും $CO_2$ വിന്റെ സാന്ദ്രത കുറയുമ്പോൾ ചൂട് കുറയാനും സാധ്യതയുണ്ടെന്ന് അറീനിയസ് തെളിയിച്ചു.

ഹരിതഗൃഹ പ്രഭാവത്തിന് കാരണമാകുന്ന വാതകങ്ങളുടെ ഉത്പാദനം ഗണ്യമായി കുറച്ചാൽ മാത്രമേ ആഗോളതാപനത്തെ നിയന്ത്രിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് IPCC വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം വാതകങ്ങളുടെ പുറന്തള്ളൽ 2050 ആകുമ്പോഴേക്കും പൂജ്യത്തിലെത്തിക്കുന്നതിനാണ് ലോകരാജ്യങ്ങൾ ശ്രമിക്കുന്നത്. വികസിത രാജ്യങ്ങൾ മാത്രമല്ല ഇന്ത്യ, ചൈന ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളും $CO_2$ വിന്റെ പുറന്തള്ളലിൽ മുൻപന്തിയിൽ തന്നെ.

ആഗോളതാപനത്തിന്റെ ഫലമായി എവറസ്റ്റ് കൊടുമുടിയിലെയും ഗ്രീൻലാന്റിലേയും മഞ്ഞുപാളികൾ ഉരുകുകയും തത്ഫലമായി സമുദ്രജലനിരപ്പ് ഉയരുകയും ചെയ്യുമെന്ന് കാലാവസ്ഥാശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. സമുദ്രജലനിരപ്പ് ഉയരുന്നതുമൂലം പത്തുകോടിയിലധികം ജനങ്ങൾ ഭവനരഹിതരാകും. മുംബൈ പോലുള്ള വലിയ നഗരങ്ങൾ വെള്ളത്തിനടിയിലാകുമെന്നും ശാസ്ത്രലോകം



പവർപ്ലാന്റിൽ നിന്നും പുറത്തേക്കു വമിക്കുന്ന ഗ്രീൻഹൗസ് വാതകം

**അറീനിയസിന്റെ കണ്ടെത്തലുകൾ അദ്ദേഹത്തിന്റെ ജീവിത കാലത്ത് വലിയ ചർച്ച ആയില്ലെങ്കിലും ഇപ്പോൾ അത് മനുഷ്യരാശിയുടെ ഉറക്കം കെടുത്താൻ തുടങ്ങിയിട്ടുണ്ട്. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക, വനനശീകരണം തടയുക, വനങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ നടപടികൾ ശക്തിപ്പെടുത്തിയാൽ മാത്രമേ അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവിൽ കുറവുണ്ടാകൂ.**

ഭയപ്പെടുന്നുണ്ട്. വെള്ളപ്പൊക്കവും വരൾച്ചയും നിത്യസംഭവമാകും. കൃഷി അസാധ്യമാകും. കടുത്ത ഭക്ഷ്യക്ഷാമത്തിലേക്ക് ലോകം നീങ്ങുമെന്നും ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു.

വനനശീകരണമാണ് ആഗോളതാപനത്തിന്റെ മറ്റൊരു കാരണം. അനിയന്ത്രിതമായ വനനശീകരണം മനുഷ്യനെ രണ്ടുവിധത്തിലാണ് പ്രതികൂലമായി ബാധിക്കുന്നത്.

വനം വെട്ടി നശിപ്പിക്കപ്പെടുമ്പോൾ അവയിലടങ്ങിയിട്ടുള്ള $CO_2$ അന്തരീക്ഷത്തിലെത്തുന്നു. രണ്ടാമതായി അന്തരീക്ഷത്തിലുള്ള $CO_2$ സസ്യങ്ങൾ ആഗിരണം ചെയ്യുന്നതിൽ കുറവ് സംഭവിക്കുന്നു.

2015 നും 2018 നും ഇടയിൽ മാത്രം ഇരുപതിനായിരം ഹെക്ടർ വനം വിവിധ ആവശ്യങ്ങൾക്കുവേണ്ടി നശിപ്പിച്ചിട്ടുണ്ടെന്ന് കേന്ദ്രസർക്കാർ പുറത്തിറക്കിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.


ബ്രസീലിലെ മഴക്കാടുകളുടെ നഷ്ടം മാനവരാശിക്ക് കനത്ത നഷ്ടമാണ് സൃഷ്ടിച്ചിട്ടുള്ളത്.

അറീനിയസിന്റെ കണ്ടെത്തലുകൾ അദ്ദേഹത്തിന്റെ ജീവിതകാലത്ത് വലിയ ചർച്ച ആയില്ലെങ്കിലും ഒന്നേകാൽ നൂറ്റാണ്ടിനുശേഷം അത് മനുഷ്യരാശിയുടെ ഉറക്കം കെടുത്താൻ തുടങ്ങിയിട്ടുണ്ട്.

ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക, വനനശീകരണം തടയുക, വനങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ നടപടികൾ ശക്തിപ്പെടുത്തിയാൽ മാത്രമേ അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവിൽ കുറവുണ്ടാകൂ.

ആധുനിക കാലാവസ്ഥാ ശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കളിൽ ഒരാളാണ് അറീനിയസ്. ഭൗതിക രസതന്ത്രത്തിന്റെ സ്ഥാപകരിൽ ഒരാളായ അറീനിയസിന് 1903 ൽ രസതന്ത്രത്തിന് നൊബേൽ പുരസ്കാരം ലഭിക്കുകയുണ്ടായി. 1905 മുതൽ മരണം വരെ നൊബേൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ആയിരുന്നു അറീനിയസ്.

നൊബേൽ പുരസ്കാരം നേടുന്ന ആദ്യത്തെ സ്വീഡിഷ് വ്യക്തിയും സ്വാന്റെ അറീനിയസ് തന്നെ.



വര: സുജിത് പി വി

# ചിന്നുക്കുട്ടിയുടെ കൂട്ടുകാർ



**റെജി മലയാലപ്പുഴ**

ചിന്നുക്കുട്ടിയുടെ ബാഗിലെ കൂട്ടുകാരാണ് റബറും പെൻസിലും പേനയും. സ്കൂൾ തുറന്നാൽ അടയ്ക്കുന്നതു വരെ ചിന്നുക്കുട്ടിയുടെ സഹായികളായി ഒപ്പമുണ്ട്. കണക്ക് തെറ്റിച്ചാൽ ഉടൻ തന്നെ മായ്ച്ച് നന്നായി ചെയ്യാൻ റബർ സഹായിക്കും. പഠിച്ച ഭാഗങ്ങൾ അടയാളപ്പെടുത്താൻ മത്സരിച്ച് കൂടെ നിൽക്കുന്നത് പേനയാണ്. ചിത്രം വരയ്ക്കാൻ പെൻസിലും ഒപ്പമുണ്ട്. കഴിഞ്ഞ കുറച്ചു നാളുകളായി മൂവരും മൗനത്തിലാണ്. ചിന്നുക്കുട്ടി അവരെ ശ്രദ്ധിക്കുന്നില്ല.

വേനലവധിക്കാലത്ത് ചിന്നുക്കുട്ടി അങ്ങനെയാണ്. കൂടുതൽ സമയം കളിയും ടി വി കാണലും മാത്രം. ഇത്തവണ വേനലവധി തീർന്നിട്ടും അനക്കമില്ല.

അങ്ങനിരിക്കെ ചിന്നുക്കുട്ടി ഒരുദിവസം ബാഗുമെടുത്ത് ടി വിക്കു മുന്നിലിരുന്നു. മൂവരേയും കയ്യിലെടുത്തു. വീട്ടിലെ വർത്തമാനത്തിൽ നിന്നും ഓൺ ലൈൻ പഠിത്തമാണെന്ന് മനസ്സിലായി. പഠിത്തമെല്ലാം കഴിഞ്ഞ ചിന്നുക്കുട്ടി ബാഗിൽ പുതിയ രണ്ടു കൂട്ടുകാരെക്കൂടി ചേർത്തു. റബറിനും പെൻസിലിനും പേനയ്ക്കും പുതിയ കൂട്ടുകാരെ മനസ്സിലായില്ല. അവർ സ്വയം പരിചയപ്പെടുത്തി.

ഞാൻ മാസ്ക്, ഞാൻ സോപ്പ് രണ്ടുപേരും പേരു പറഞ്ഞു. ''ചിന്നുക്കുട്ടിക്ക് സ്കൂൾ തുറന്നാൽ നിങ്ങളോടൊപ്പം സഹായത്തിന് ഞങ്ങളുമുണ്ട്.

കോവിഡ് എന്നൊരു വലിയ അസുഖത്തെ തോൽപ്പിക്കാൻ ഞങ്ങൾ വേണം.

ചിന്നുക്കുട്ടി സ്കൂളിൽ പോകുമ്പോ ഞാൻ മുഖാവരണമായി കൂടെ കാണും.'' മാസ്ക് പറഞ്ഞു.

''ചിന്നുക്കുട്ടിയുടെ കൈകൾ വെടിപ്പാക്കാൻ ഞാനുമുണ്ട് കൂടെ.'' സോപ്പു പറഞ്ഞു.

മറ്റു മൂന്നുപേർക്കും സന്തോഷമായി. നല്ല രണ്ട് കൂട്ടുകാരെക്കൂടി കിട്ടിയല്ലോ. മാത്രമല്ല ചിന്നുക്കുട്ടി കൈകൾ വെടിപ്പാക്കിയ ശേഷമേ ഇനി നമ്മളെ തൊടുകയുള്ളൂ. സ്കൂളു തുറന്നാൽ നമ്മൾക്ക് എല്ലാവർക്കും ചിന്നുക്കുട്ടിയെ പഠിത്തത്തിലും ആരോഗ്യസംരക്ഷണത്തിലും സഹായിക്കാൻ കൂടെ ഉണ്ടാകണം.

അഞ്ചു കൂട്ടുകാരുടെയും ശബ്ദത്തിന് സ്നേഹത്തിന്റെയും കരുതലിന്റെയും അടയാളപ്പെടുത്തലുണ്ടായിരുന്നു.



author : Jyothishvijay

# കൈത്തോടുകൾ ചാടിയും മരം കയറിയും അഞ്ജു താരമായി

സനിൽ പി തോമസ്

ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരിയാണ് അഞ്ജു ബോബി ജോർജ്. 2005-ൽ നടന്ന വേൾഡ് അത്‌ലറ്റിക്സ് ഫൈനലിൽ വെള്ളി നേടി. സ്വർണം നേടിയ റഷ്യൻ താരം ഉത്തേജക മരുന്ന് കഴിച്ചത് തെളിഞ്ഞതിനാൽ 2014 ൽ അഞ്ജുവിന്റെ നേട്ടം സ്വർണ്ണ മെഡലായി ഉയർത്തുകയുണ്ടായി.

ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ ഏക ഇന്ത്യൻ താരമാണ് അഞ്ജു ബോബി ജോർജ്. 2003 ൽ പാരിസിലാണ് അഞ്ജു ലോങ്ജംപിൽ വെങ്കലം നേടി (6.70 മീ) ചരിത്രമെഴുതിയത്. തലേവർഷം മാഞ്ചെസ്റ്റർ കോമൺവെൽത്ത് ഗെയിംസിൽ വെങ്കലം, ബുസാൻ ഏഷ്യൻ ഗെയിംസിൽ സ്വർണം. 2005 ൽ ലോക അത്‌ലറ്റിക്സ് ഫൈനലിൽ അഞ്ജുവിനു രണ്ടാം സ്ഥാനമായിരുന്നെങ്കിലും (6.75മീ) ഒന്നാം സ്ഥാനക്കാരി ഉത്തേജകം ഉപയോഗിച്ചതിനു പിടിക്കപ്പെട്ടപ്പോൾ അഞ്ജുവിന്റെ വെള്ളി സ്വർണമായി. 2004 ലെ ആഥൻസ് ഒളിംപിക്സിൽ അഞ്ജു അഞ്ചാം സ്ഥാനം നേടി. (6.83 മീ) പക്ഷേ, അഞ്ജുവിനു മുന്നിലെത്തിയ നാലുപേരിൽ മൂന്നുപേരെങ്കിലും ഒരിക്കൽ അല്ലെങ്കിൽ മറ്റൊരിക്കൽ ഉത്തേജകം ഉപയോഗിച്ചതിനു പിടിക്കപ്പെട്ടവരാണ്.

ലോങ്ജംപിൽ ലോകത്തിലെ ഏറ്റവും മികച്ച താരങ്ങളിൽ ഒരാളായി മാറിയ അഞ്ജുവിന്റെ ബാല്യകാലം രസകരമാണ്. കോട്ടയം ചങ്ങനാശ്ശേരി ചീരൻചിറ കൊച്ചുപറമ്പിൽ കെ ടി മർക്കോസിന്റെയും അക്കാമ്മയുടെയും പുത്രിയാണ് അഞ്ജു, എൽ കെ ജി, യു കെ ജി ക്ലാസ്സുകളിൽ പഠിക്കുമ്പോൾ തന്നെ ഓടാനും ചാടാനും തുടങ്ങി. തന്റെ ക്ലാസിലെ കുട്ടികൾക്കൊപ്പം മാത്രമല്ല, മുതിർന്നവരോടും ആൺകുട്ടികളോടും മത്സരിക്കും. പലപ്പോഴും ജയിച്ചു.

ഇത്തിത്താനം ലിസ്യു സ്കൂളിലായിരുന്നു ഒന്നുമുതൽ നാലുവരെ. കാർമൽ സിസ്റ്റർ ആയിരുന്നു ഹെഡ്മിസ്ട്രസ്. എല്ലാ ദിവസവും ക്ലാസു കഴിഞ്ഞാൽ കായിക പരിശീലനമുണ്ട്. സിസ്റ്റർമാർ പ്രോത്സാഹിപ്പിക്കും. അന്നു ലോങ്ജംപിനു പുറമെ 10 മീറ്റർ, 20 മീറ്റർ ഓട്ടങ്ങൾ ഉണ്ടായിരുന്നു. ആകെ 100 മീറ്റർ ഓടാവുന്ന ഗ്രൗണ്ടാണ്. ''അന്നതു വലുതായി തോന്നി. ഇപ്പോൾ കാണുമ്പോൾ അത്ഭുതപ്പെടും.'' അഞ്ജു ഓർക്കുന്നു.

നല്ല വ്യത്യാസത്തിലായിരുന്നു വിജയം. റവന്യു ജില്ലാ ചാമ്പ്യനായി. അഞ്ചുമുതൽ എട്ടുവരെ ചങ്ങനാശ്ശേരി സെയ്ന്റ് ആൻസിലായിരുന്നു പഠനം. അവിടെ സ്പോർട്സ് അത്ര സജീവമല്ലായിരുന്നു. അതിനാൽ ഒൻപതാം ക്ലാസിൽ കോരു

ത്തോട് സി കെ എം എച്ച് എസിൽ ചേർന്നു. അവിടെ കെ പി തോമസിന്റെയും പിന്നീട് തൃശ്ശൂർ വിമല കോളജിൽ ഇ ജെ ജോർജിന്റെയും ടി പി ഔസേപ്പിന്റെയും നിരീക്ഷണത്തിൽ വളർന്നു. വിവാഹശേഷം ഭർത്താവ് റോബർട്ട് ബോബി ജോർജ് പരിശീലകൻ.

ബാല്യകാല അനുഭവങ്ങളാണ് തന്നെയൊരു മികച്ച അത്‌ലറ്റ് ആക്കിയതെന്ന് അഞ്ജു വിശ്വസിക്കുന്നു. ലിസ്യു സ്കൂളിലേക്ക് വീട്ടിൽ നിന്നും രണ്ടര കിലോമീറ്റർ നടക്കണം. ഇടയ്ക്ക് നെൽപ്പാടവും പാടത്തിനു മധ്യേ തീരെ ചെറുതല്ലാത്ത തോടുകളും ഉണ്ട്. ചില ദിവസങ്ങളിലേ സ്കൂളിൽ കൊണ്ടാക്കാൻ പപ്പ വരാറുള്ളൂ. ശേഷിച്ച ദിവസങ്ങളിൽ കൂട്ടുകാരൊത്താണു യാത്ര. പാടത്തിലെ തോട്ടിൽ വെള്ളമുണ്ടെങ്കിൽ ഇറങ്ങിക്കയറില്ല. പകരം ചാടിക്കടക്കും. രാവിലെയും വൈകുന്നേരവും ഇതുതന്നെ പണി. ഈ നടപ്പും ചാട്ടവും വലിയ ആത്മബലം നൽകി. മഹാവികൃതിയായിരുന്നതിനാൽ മിക്ക ദിവസവും അമ്മ വടിയെടുക്കും. തല്ലു കിട്ടാതിരിക്കാൻ വീടിനു ചുറ്റും ഓടും. എത്ര ഓടേണ്ടി വന്നാലും പിടികൊടുക്കില്ലായിരുന്നു. മറ്റൊരു പ്രധാന പണി മരംകയറ്റം ആയിരുന്നു. മരത്തിന്റെ ഉയരമോ അപകട സാധ്യതയോ ഒന്നും ചിന്തിച്ചിരുന്നില്ല. കയറാൻ ആരെങ്കിലും പ്രേരിപ്പിച്ചാൽ കയറിയിരിക്കും. സ്കൂളിൽ തവളച്ചാട്ടത്തിൽ മത്സരിച്ചിരുന്നു. സാധാരണ ആൺകുട്ടികൾ പങ്കെടുക്കുന്ന ചാക്കിൽഓട്ടത്തിലും അഞ്ജു പങ്കെടുത്തു. മുതിർന്നവരോടും ആൺകുട്ടികളോടുമായിരുന്നു മത്സരം. സാധാരണ ഇന്ത്യൻ താരങ്ങൾ രാജ്യാന്തര മത്സരങ്ങളിൽ പങ്കെടുക്കുമ്പോൾ മറ്റു രാജ്യങ്ങളിലെ ലോകപ്രശസ്തതാരങ്ങളെ കാണുമ്പോൾ ഭയപ്പെടുക പതിവാണ്. അഞ്ജുവിന് അത്തരമൊരു ഭയം ഒരിക്കലും തോന്നിയിട്ടില്ല. ബാല്യത്തിൽ കൈത്തോടുകൾ ചാടിയപ്പോഴും മരം കയറിയപ്പോഴും വീഴുമോ എന്ന് ഭയന്നിരുന്നില്ല. അഞ്ജു വളർന്നു ലോക കായികവേദികളിൽ എത്തിയപ്പോഴും ഭയന്നില്ല. ഫലം എന്തായാലും പരമാവധി ശ്രമിക്കുക എന്ന ശൈലി സ്കൂൾ തലത്തിലേ ഉള്ളതാണ്.

ഇന്നു പുത്രി ആറുവയസ്സുകാരി ആൻഡ്രിയ തന്നേക്കാൾ കുസൃതിയാണെന്നു പറയുമ്പോഴും അഞ്ജുവിനു പരാതിയില്ല. പകരം തന്റെ ബാല്യകാലം ഓർത്തെടുക്കും. ലോവർ പ്രൈമറി ക്ലാസുകളിൽ വച്ചേ കുട്ടികൾക്ക് ആത്മധൈര്യം കൈമുതലാക്കാം എന്ന് അഞ്ജു ബോബി ജോർജ് എന്ന സൂപ്പർ താരം പഠിപ്പിക്കുന്നു.



ഒളിംപിക്സിൽ വെള്ളിമെഡൽ നേടിയ പ്രകടനം


രാജീവ് ഗാന്ധി ഖേൽരത്ന പുരസ്കാരം സ്വീകരിക്കുന്നു

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**
പുനരാഖ്യാനം: **ജോളി വർഗീസ്**

ഉറക്കം അവരുടെ കൺപോളകളെ തഴുകുന്നതുവരെ കുട്ടികൾ വർത്തമാനം പറഞ്ഞിരുന്നു. റെഡ് ഹാൻഡിഡ് ഹക്കിന്റെ കൈകളിൽ നിന്ന് പുകക്കുഴൽ താഴെ വീണു. മനഃസാക്ഷിക്കുത്തില്ലാതെ ആ പാവം സുഖമായി ഉറങ്ങി. സ്പാനിഷ് മെയിൻ അവഞ്ചറും സിടെറ്റും ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. അവർ മനസ്സിൽ പ്രാർഥന ചൊല്ലി. മുട്ടുകുത്തി നിന്ന് പ്രാർഥന ചൊല്ലണമെന്ന് നിർബന്ധിക്കാൻ ആരുമില്ലല്ലോ. ചൊല്ലണ്ടാ എന്ന് മനസ്സ് പറഞ്ഞെങ്കിലും പൂർണമായും അതെല്ലാം ഉപേക്ഷിക്കാൻ പേടിയായിരുന്നു. അവരുടെ മനഃസാക്ഷി അവരെ കുറ്റപ്പെടുത്തിത്തുടങ്ങി. മാംസം മോഷ്ടിച്ചില്ലേ? ആപ്പിളും മിഠായിയും ഒക്കെ എടുത്തിട്ടുണ്ട്. പക്ഷേ അതും ഇതും ഒരുപോലെയല്ല. അവസാനം മനസ്സിലെ കുത്തൽ ഒന്ന് ശമിച്ചപ്പോൾ അവരും ബോധംകെട്ട് ഉറങ്ങി.

അടുത്ത പ്രഭാതത്തിൽ ടോം കണ്ണുതിരുമ്മി ഉണർന്നപ്പോൾ താൻ എവിടെയാണെന്ന് തിരിച്ചറിയാനായില്ല. നല്ല തണുപ്പുള്ള ഒരു പ്രഭാതം. പുൽത്തുമ്പുകളിലും ഇലത്തുമ്പുകളിലും മഞ്ഞിൻതുള്ളികൾ. ചാരം മൂടിക്കിടക്കുന്ന തീക്കുണ്ഡം. ഒരു ഇലപോലും അനങ്ങുന്നില്ല. ആ നിശ്ശബ്ദതയിലേക്ക് ദൂരെ എവിടെയോ ഇണയെ തേടുന്ന ഒരു കിളിയുടെ കരച്ചിലും അതിന്റെ മറുപടിയും തുളച്ചിറങ്ങി. ഒരു പച്ചിലപ്പുഴു അതുവഴി ഇഴഞ്ഞുവന്നു. ടോം അനങ്ങാതെ ഇരുന്നു. പുഴു ടോമിന്റെ കാലിലൂടെ മുകളിലേക്ക് ഇഴഞ്ഞ് കാൽമുട്ടുവരെയെത്തി. പുതിയ കുപ്പായങ്ങൾ വാങ്ങണമെന്ന്



വര: റോണി ദേവസ്യ

ടോം തീരുമാനിച്ചു. അപ്പോൾ ഉറുമ്പുകൾ ഒരു ഘോഷയാത്രയായി ഇറങ്ങിവന്നു. അതിൽ ഒരു ഉറുമ്പ് തന്നേക്കാൾ വലിപ്പമുള്ള ഒരു ചത്ത ചിലന്തിയുമായി കഷ്ടപ്പെട്ട് ഒരു മരത്തിന് മുകളിലേക്ക് കയറി.അപ്പോഴേക്കും പ്രകൃതിയും ഉണർന്നു. നിരവധി കിളികളുടെ വ്യത്യസ്ത കരച്ചിലുകളും പാട്ടുകളും അവിടാകെ മുഴങ്ങി. ഒരു വലിയ അണ്ണാൻ ചിലച്ചുകൊണ്ട് ഓടിവന്നു. അന്നുവരെ മനുഷ്യനെ കണ്ടിട്ടില്ലാത്ത ആ പാവം എന്തു ചെയ്യണമെന്നറിയാതെ പകച്ചു നിന്നു. ഇലച്ചാർത്തുകൾക്കിടയിലൂടെ സൂര്യകിരണങ്ങൾ അരിച്ചിറങ്ങി. ചിത്രശലഭങ്ങൾ ചിറക് വിടർത്തി ഉല്ലാസത്തോടെ പറന്നെത്തി.

ടോം ബാക്കിയുള്ള രണ്ട് കടൽക്കൊള്ളക്കാരെ വിളിച്ചുണർത്തി. അവർ ആർത്തുവിളിച്ചു, ഓടിച്ചാടി, മണൽത്തിട്ടയുടെ ആഴംകുറഞ്ഞ ഭാഗത്തുള്ള വെള്ളത്തിലിറങ്ങി. നീന്തിത്തുടിച്ചു. മിസ്സിസ്സിപ്പിയുടെ വിസ്തൃതിക്കപ്പുറം ഉറങ്ങിക്കിടക്കുന്ന നഗരത്തെക്കുറിച്ചുള്ള ഓർമകളൊന്നും അവരെ ആവേശം കൊള്ളിച്ചില്ല. നദിയുടെ അടിയൊഴുക്കുകൾ അവരുടെ ചങ്ങാടത്തെ ദൂരേക്ക് കൊണ്ടുപോയിരുന്നു. നാഗരികതയുമായി അവരെ ബന്ധിപ്പിക്കുന്ന ഒരു പാലം അടർന്നുവീണ സംതൃപ്തിയോടെ അവർ ഒഴുകിനീങ്ങുന്ന ചങ്ങാടത്തെ നോക്കി, മുങ്ങിക്കുളിച്ച് ഉറക്കച്ചടവും കളഞ്ഞ് ആഹ്ലാദഭരിതരായി, തീരാത്ത വിശപ്പുമായി അവർ അവരുടെ സങ്കേതത്തിൽ മടങ്ങിയെത്തി. അതിനിടയിൽ ഹക്ക് ശുദ്ധജലം നിറഞ്ഞ ഒരു ചെറിയ നീരുറവ കണ്ടുപിടിച്ചു. ഓക്കുമരത്തിന്റെ വലിയ ഇലകുമ്പിൾ കുത്തി കോരിക്കൊണ്ടുവന്ന വെള്ളം കാപ്പിയേക്കാൾ രുചിയുള്ളതാണെന്ന് അവർ പറഞ്ഞു. അവർ തീ കത്തിച്ചു, ജോയ് മാംസം നുറുക്കിയപ്പോൾ, ടോമും ഹക്കും ചൂണ്ടയിട്ട് മീൻ പിടിച്ചുകൊണ്ടുവന്നു. അവർ മീനും പന്നിയിറച്ചിയും നന്നായി വറുത്തെടുത്തു. അന്നുവരെ അത്രയും രുചികരമായ ഭക്ഷണം കഴിച്ചിട്ടില്ലെന്ന് അവർ വീണ്ടും ആവർത്തിച്ചു.

ടോം ബാക്കിയുള്ള രണ്ട് കടൽക്കൊള്ളക്കാരെ വിളിച്ചുണർത്തി. അവർ ആർത്തുവിളിച്ചു, ഓടിച്ചാടി, മണൽത്തിട്ടയുടെ ആഴംകുറഞ്ഞ ഭാഗത്തുള്ള വെള്ളത്തിലിറങ്ങി. നീന്തിത്തുടിച്ചു. മിസ്സിസ്സിപ്പിയുടെ വിസ്തൃതിക്കപ്പുറം ഉറങ്ങിക്കിടക്കുന്ന നഗരത്തെക്കുറിച്ചുള്ള ഓർമകളൊന്നും അവരെ ആവേശം കൊള്ളിച്ചില്ല.

ഹക്കിന്റെ പുകവലിയും അല്പനേരത്തെ വിശ്രമവും കഴിഞ്ഞപ്പോൾ അവർ ദ്വീപിലൂടെ നടന്ന് അന്നുവരെ കണ്ടിട്ടില്ലാത്ത പല കാഴ്ചകളും കണ്ടു. അങ്ങിങ്ങായി കുറ്റിക്കാടുകളും വള്ളിച്ചെടികളും പൂക്കളും പുൽത്തകിടിയും നിറഞ്ഞ, ആ ദ്വീപിന് ഏകദേശം മൂന്നു മൈൽ നീളവും മുക്കാൽ മൈലോളം വീതിയും ഉണ്ടായിരുന്നു. ഓരോ മണിക്കൂർ ഇടവിട്ട് അവർ നീന്തിത്തുടിക്കുകയും കളിച്ചുല്ലസിക്കുകയും ചെയ്തു. ഉച്ചയോടടുത്ത് സങ്കേതത്തിൽ മടങ്ങിയെത്തിയപ്പോൾ അവർ ക്ഷീണിതരായിരുന്നു. മീൻ പിടിക്കാനുള്ള സമയം ഇല്ല, വിശപ്പ് സഹിക്കാനാകാതെ അവർ തണുത്ത പന്നിയിറച്ചി കഴിച്ചു. മരത്തണലിൽ ഇരുന്ന് വർത്തമാനം പറഞ്ഞ് തുടങ്ങിയെങ്കിലും അധികനേരം അത് നീണ്ടുനിന്നില്ല. ആ നിശ്ശബ്ദതയും നിശ്ചലതയും ഏകാന്തതയും അവരുടെ ആവേശത്തെ തണുപ്പിച്ചു. അവരുടെ മനസ്സിൽ അവർ അറിയാതെ തന്നെ വീടിനെക്കുറിച്ചുള്ള ചിന്തകൾ കുടിയേറി. വല്ലാത്ത ഒരു നൊമ്പരം. റെഡ് ഹാൻഡിഡ് ഫിൻ പോലും തന്റെ വാതിൽപ്പടികളും ഒഴിഞ്ഞ വീപ്പകളും ആഗ്രഹിച്ചു തുടങ്ങി. അവർ ഓരോരുത്തരും തങ്ങളുടെ ബലഹീന വികാരങ്ങളെക്കുറിച്ച് ലജ്ജാലുക്കളായിരുന്നതിനാൽ അവർ ഒന്നും പുറത്തു പറഞ്ഞില്ല.

അവർ നിശ്ശബ്ദരായി അവിടെ ഇരുന്നു. അങ്ങു ദൂരെ എവിടെയോ അവ്യക്തമായി മുഴങ്ങുന്ന ഒരു ടിക്ക് ടിക്ക് ശബ്ദം. അത് കൂടുതൽ കൂടുതൽ വ്യക്തമായി മുഴങ്ങി. അവർ അന്യോന്യം തുറിച്ചുനോക്കി. അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ആ ശബ്ദവും വലിയ മുഴക്കത്തോടെ ഒരു രോദനംപോലെ വിദൂരതയിൽ നിന്ന് കാറ്റിൽ ഒഴുകിയെത്തി.

''എന്താ... എന്താ? ആ ശബ്ദം.'' ടോം പിറുപിറുത്തു.

''അത് ഇടിമുഴക്കമല്ല. കാരണം ഇടിമുഴക്കം...'' ഹക്കിൾബെറി പാതി വഴിയിൽ നിർത്തി.

''ശ്ശ്... മിണ്ടരുത്... ശ്രദ്ധിച്ചു കേൾക്കൂ...'' ടോം പറഞ്ഞു.

അല്പനേരം അവർ നിശ്ശബ്ദരായിരുന്നു. അന്തമില്ലാത്ത ഒരു നിശ്ശബ്ദത. വീണ്ടും ആ ശബ്ദം ബും എന്നു മുഴങ്ങി.

''വാ...പോയിനോക്കാം...''

നഗരത്തിനഭിമുഖമായ നദീതീരത്തേക്ക് അവർ ഓടി. കുറ്റിക്കാടുകൾ വകഞ്ഞുമാറ്റി നദിയിലേക്കു നോക്കി. ഗ്രാമത്തിൽ നിന്ന് ഏകദേശം ഒരു മൈൽ അകലെ ഒരു ചെറിയ ആവിക്കപ്പൽ ഓളങ്ങൾക്കനുസരിച്ച് ഒഴുകുന്നു. അതിന്റെ മുകൾത്തട്ട് നിറയെ മനുഷ്യർ. അതിനു ചുറ്റുമായി നിരവധി ചെറിയ തോണികളും നീങ്ങുന്നുണ്ട്. പക്ഷേ അവർ എന്താണ് ചെയ്യുന്നതെന്ന് ദൂരെ നിൽക്കുന്ന കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അപ്പോൾ ആവിക്കപ്പലിന്റെ ഒരുവശത്തുനിന്ന് വെള്ളപ്പുക ഉയരുകയും പിന്നാലെ

ഞൊടിയിടയിൽ അവർക്ക്, അവർ വീരനായകന്മാരാണെന്നു തോന്നി. അവരെ കാണാതായിരിക്കുന്നു. അവരെച്ചൊല്ലി എല്ലാവരും ദുഃഖിക്കുന്നു, കരയുന്നു. കണ്ണീർ പൊഴിക്കുന്നു. മുങ്ങിമരിച്ച കുട്ടികളോട് കാണിച്ച ക്രൂരതകൾ ഓർത്ത് എല്ലാവരും പശ്ചാത്തപിക്കുന്നു. നഗരത്തിലെ പ്രധാന സംഭാഷണവിഷയം അവർ മാത്രമാണ്. സകല കുട്ടികളും അസൂയയോടെ അവരെ ഓർക്കുന്നു.

നേരത്തെ മുഴങ്ങിയ അതേ ബും ശബ്ദവും ഉയർന്നുവരികയും ചെയ്തു.

“എനിക്ക് മനസ്സിലായി. ആരോ മുങ്ങിമരിച്ചതാണ്.” ടോം ഉറക്കെ പറഞ്ഞു.

“അതേ ശരിയാണ്. കഴിഞ്ഞ വേനൽക്കാലത്ത് ബിൽടേണർ മുങ്ങിമരിച്ചപ്പോഴും അവർ പീരങ്കി ഒച്ച മുഴക്കിയായിരുന്നു.” ഹക്ക് അറിയിച്ചു. “ശരിയാണ്. ഞാനും കേട്ടിട്ടുണ്ട്. പക്ഷേ ഇപ്പോൾ ആരാണ് മരിച്ചതെന്ന് അറിഞ്ഞിരുന്നെങ്കിൽ നല്ലതായിരുന്നു.” ജോയ് തന്റെ ആകാംക്ഷ വെളിപ്പെടുത്തി.

കുട്ടികൾ അനങ്ങാതെ നിന്ന്, അങ്ങ് ദൂരെ നടക്കുന്നതെല്ലാം വീക്ഷിച്ചു. പെട്ടെന്ന് ടോമിന്റെ മനസ്സിലൂടെ ഒരു മിന്നൽപ്പിണർ പാഞ്ഞു.

“എനിക്കറിയാം മരിച്ചതാരാണെന്ന്. അത് നമ്മളാണ്.” ടോം ഉറക്കെ വിളിച്ചുപറഞ്ഞു.

ഞൊടിയിടയിൽ അവർക്ക്, അവർ വീരനായകന്മാരാണെന്നു തോന്നി. അവരെ കാണാതായിരിക്കുന്നു. അവരെച്ചൊല്ലി എല്ലാവരും ദുഃഖിക്കുന്നു, കരയുന്നു, കണ്ണീർ പൊഴിക്കുന്നു. മുങ്ങിമരിച്ച കുട്ടികളോട് കാണിച്ച ക്രൂരതകൾ ഓർത്ത് എല്ലാവരും പശ്ചാത്തപിക്കുന്നു. നഗരത്തിലെ പ്രധാന സംഭാഷണ വിഷയം അവർ മാത്രമാണ്. സകല കുട്ടികളും അസൂയയോടെ അവരെ ഓർക്കുന്നു. കൊള്ളാം. അതിൽക്കൂടുതൽ എന്തുവേണം. കടൽക്കൊള്ളക്കാരനായതിൽ അഭിമാനിക്കാം.

മൂവന്തി ആയപ്പോൾ ആവിക്കപ്പലും ചെറിയ തോണികളും എല്ലാം അവയുടെ ലാവണത്തിലേക്കു മടങ്ങി. കടൽക്കൊള്ളക്കാർ അവരുടെ സങ്കേതത്തിലേക്കും. അവർ സൃഷ്ടിച്ച ഒന്നാന്തരം ബഹളങ്ങളും അവരുടെ പുതിയ മഹനീയസ്ഥാനവും അവരെ കോൾമയിർക്കൊള്ളിച്ചു. അവർ മീൻപിടിച്ചു പാകം ചെയ്തു. ഭക്ഷിച്ചു. എന്നിട്ട് ഗ്രാമവാസികൾ അവരെക്കുറിച്ച് അപ്പോൾ ഓർക്കുന്നതെന്തായിരിക്കുമെന്ന് ചിന്തിച്ചു. രാത്രിയുടെ ഇരുട്ട് വർധിച്ചപ്പോൾ അവർ സംഭാഷണം അവസാനിപ്പിച്ച് തീജ്വാലകളിലേക്ക് ഉറ്റുനോക്കി അവിടെ ഇരുന്നു. ആദ്യദിനത്തിലെ അമിതാവേശം കെട്ടടങ്ങിത്തുടങ്ങി. വീടിനെക്കുറിച്ചും കുടുംബാംഗങ്ങളെക്കുറിച്ചുമുള്ള ഓർമകൾ ടോമിനെയും ജോയെയും വേട്ടയാടി. അവർ അറിയാതെ ഒന്നുരണ്ട് ദീർഘനിശ്വാസങ്ങളും പുറത്തേക്കൊഴുകി.



അല്പം പരുങ്ങലോടെയാണെങ്കിലും നഗരജീവിതത്തിലേക്ക് മടങ്ങുന്നതിനെക്കുറിച്ച് ജോയ് സൂചിപ്പിച്ചു. ടോം അവനെ നിരുത്സാഹപ്പെടുത്തി. ഹക്ക് ടോമിനൊപ്പം നിന്നു.

“ഉടനെയല്ല... എങ്കിലും... പോകണം.” എന്നുള്ള ആശ പ്രകടിപ്പിച്ച ജോയ്, തന്റെ ബലഹീനതയെ മനസ്സിൽ ഒതുക്കി പതുങ്ങിനിന്നു. ഹക്കും ടോമും അവനെ അവജ്ഞയോടെ നോക്കി. തത്കാലത്തേക്ക് അഭിപ്രായവ്യത്യാസങ്ങൾ അവർ പറഞ്ഞൊതുക്കി.

അല്പസമയത്തിനുള്ളിൽ ഹക്ക് കൂർക്കം വലിച്ചുറങ്ങി. പിന്നാലെ ജോയും.

ടോം മാത്രം ഉറങ്ങാതെ അവരെ ഉറ്റുനോക്കി കിടന്നു.

(തുടരും)

കഥ

# മാർഗദീപം

## പായിപ്ര രാധാകൃഷ്ണൻ

രാജ്യമാസകലം കടുത്ത ഭക്ഷ്യക്ഷാമം അനുഭവപ്പെടുന്ന ഒരു കാലഘട്ടത്തിൽ രാജാവ് തന്റെ പ്രധാന കലവറകളിൽ നിന്നും ആവശ്യമുള്ളവർക്കെല്ലാം സൗജന്യമായി ധാന്യം വിതരണം ചെയ്യാൻ ഉത്തരവു നൽകി. ധാരാളംപേർ തിക്കിത്തിരക്കിവന്ന് ധാന്യം മേടിച്ച് മടങ്ങുകയാണ്. എന്നാൽ കുറച്ചുദൂരത്തായി ഒതുങ്ങിനിന്നിരുന്ന ദരിദ്രയെന്നു തോന്നിക്കുന്ന പെൺകുട്ടിയെ രാജാവ് അരികിലേക്ക് വിളിപ്പിച്ചു.

''നിനക്ക് ധാന്യം വേണ്ടേ...?''

''ഞാൻ മേടിക്കുന്നില്ല...''

''എന്തുകൊണ്ട്?''

''ആരുടെ കൈയിൽ നിന്നും ഒന്നും വെറുതെ വാങ്ങരുതെന്ന് എന്റെ മാതാവ് എന്നെ പഠിപ്പിച്ചിട്ടുണ്ട്.''

''പിന്നെങ്ങനെ ദാരിദ്ര്യത്തെ മറികടക്കും?''

''ഈശ്വരൻ നമുക്ക് രണ്ടു കൈകളും രണ്ടു കാലുകളും അതിനു നടുവിലായി വയറും തന്നിട്ടുണ്ട്. അധ്വാനിച്ചു വേണം വയർ നിറയ്ക്കാനെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.''

''നിന്റെ കുടുംബം എങ്ങനെ കഴിയുന്നു?''

''ഞങ്ങൾക്ക് കുറച്ചു ഭൂമിയുണ്ട്. അവിടെ വെള്ളത്തിന് വലിയ ക്ഷാമം. ധാരാളം ഭൂമിയുള്ളവർപോലും സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറല്ല. അതുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ തുണ്ടുഭൂമിയിൽ ഒരുഭാഗം കുളം ഉണ്ടാക്കാൻ നീക്കിവച്ചു. നാട്ടുകാർക്ക് കുടിക്കാനും കുളിക്കാനും അത് ഉപയോഗപ്പെടുന്നുണ്ട്. ദൈവകൃപയാൽ തൊഴിൽചെയ്ത് ജീവിക്കാൻ ആരോഗ്യവും ആവശ്യത്തിന് തൊഴിലും ഉണ്ട്. ഈശ്വരന്റെ മുന്നിലല്ലാതെ മറ്റാരുടെയും മുന്നിൽ സൗജന്യങ്ങൾക്കായി കൈനീട്ടേണ്ട ആവശ്യമെന്ത്?''

രാജാവിന് അത്ഭുതം തോന്നി. രാജ്യത്തിന് തന്നെ മാതൃകയാവുന്ന വാക്കുകളാണ് ആ കുട്ടിയുടേതെന്ന് അദ്ദേഹം അറിഞ്ഞു.

''വലിയ പഠിപ്പും പണവും ഇല്ലെങ്കിലും നിന്റെ മാതാപിതാക്കൾ നിനക്കു തന്ന ശിക്ഷണം നമ്മുടെ പ്രജകൾക്ക് മാർഗദീപമായെങ്കിൽ എന്ന് ഞാനാശിക്കുന്നു.''

രാജാവ് സ്വന്തം കഴുത്തിൽ ധരിച്ചിരുന്ന മാല ഊരി പാരിതോഷികമായി അവൾക്കു നൽകാൻ തുനിഞ്ഞു.

''പാരിതോഷികങ്ങൾ സ്വീകരിക്കത്തക്കവിധത്തിൽ ഞാനൊന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്തില്ലല്ലോ മഹാരാജൻ...''

ആ കുട്ടി വീണ്ടും രാജാവിനെ വിസ്മയിപ്പിച്ചു.



വര: ഗോപു പട്ടിത്തറ

ഉണ്ടാക്കാം

# ഇല മൃഗശാല

അരവിന്ദ് ഗുപ്ത
ഡിസൈൻ : K V Potdar


നിങ്ങൾക്കു ചുറ്റുമുള്ള വിവിധ ഇനം ചെടികളുടെ ഇലകൾ ഉപയോഗിച്ച് ഒരു ഇല മൃഗശാല ഉണ്ടാക്കി യാലോ...!

54



**ആവശ്യമുള്ള സാധനങ്ങൾ**

- വിവിധ ഇനം ഇലകൾ
- വെള്ളപേപ്പർ/ ക്രാഫ്റ്റ് ബുക്ക്
- പശ



1

ആലില കൊണ്ടൊരു പൂച്ച



2

വിവിധ ഇനം ഇലകൾ ഉപയോഗിച്ച് ഒരു ആന. നന്നായിട്ടില്ലേ?



3 ഈ മുയലെങ്ങനെയുണ്ട്?



4 പീലിവിരിച്ച് നിൽക്കുന്ന ഈ മയിലിനെ നോക്ക്... എത്ര ഭംഗിയാ...

ഇങ്ങനെ വിവിധ മൃഗങ്ങളെ ഉണ്ടാക്കി പേപ്പറിലോ ക്രാഫ്റ്റ് ബുക്കിലോ ഒട്ടിച്ച് ഒരു മൃഗശാല ഉണ്ടാക്കി നോക്കൂ...

## കൊറോണം

സുജിത്




Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 August 2020
Regd KL/TV (N)/399/2018-2020 Published on 07-08-2020 Vol:26, Issue:08, ₹20


**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**

**കുട്ടികളുടെ മാസിക**
**വില 20രൂപ**

**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.